# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 - ലക്കം 8 ഓഗസ്റ്റ് 2009 Rs. 7.00



ഭൂമിയിൽ നാം എത്ര കാലം ജീവിക്കണം?
സാക് പുന്നൻ

മാതാപിതാക്കളും മക്കളും
ജോസ് മാത്യു

കാക്കകളും കുരുവികളും
സന്ദീപ് പുന്നൻ

കുരിശും കഠാരയും
ഡേവിഡ് വിൽക്കേഴ്സൺ

## ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6:68)

വാല്യം 7 ഓഗസ്റ്റ് 2009 ലക്കം

### എഡിറ്റോറിയൽ ബോർഡ്

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**
**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)

'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്.
9495234087/9249516234

### വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള-686 016, ഫോൺ 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org


മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.

### വിദേശപ്രതിനിധികൾ

**U.S.A**
**Binoy James**
Ph. 512990-2808(R)
512826-5028(O)
Email: benoyjames@hotmail.com

**DUBAI**
**Shabu Kuruvilla**
Ph. 050-7970839
E-mail: skuruvi@gmail.com

## മൊഴി മുത്ത്




ഒന്നു കൊരിന്ത്യർ പതിമൂന്നാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന സ്നേഹം എങ്ങനെ സ്വായത്തമാക്കാം? മറ്റുള്ളവരോടുള്ള സ്നേഹം ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ ഉറവയിൽ നിന്നേ പുറപ്പെടുകയുള്ളു. ദൈവത്തിന്റെ ഈ സ്നേഹം എങ്ങനെയാണ് നമ്മിലേക്ക് വരുന്നത്? ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ച (2 കൊരി.5:19) ദൈവത്തെ വിശ്വസിക്കുന്നതിലൂടെയാണ് ആ ദൈവസ്നേഹം നമ്മിലേക്ക് ഒഴുകുന്നത്. അത് തന്റെ ഹൃദയത്തിൽ അനുഭവിച്ചറിയുമ്പോൾ ഒരുവന് താഴ്മയുള്ള ധൈര്യത്തോടെ ഇങ്ങനെ പറയുവാൻ കഴിയും: "ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവപുത്രനിലുള്ള വിശ്വാസത്താലത്രേ"(ഗലാ.2:20). അപ്പോഴാണ്, അപ്പോൾ മാത്രമാണ് 'ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകരുന്നത്' (റോമ.5:5). ഈ സ്നേഹം 1 കൊരിന്ത്യർ 13ൽ പറഞ്ഞിരിക്കുന്നതുപോലെ എല്ലാ മനുഷ്യരെയും സ്നേഹിക്കാൻ ഒരുവനെ സഹായിക്കും.

-ജോൺ വെസ്ലി

**എഡിറ്റോറിയൽ**

# നമ്മുടെ ആയുസ്സ്



ഒരു മിന്നൽപ്പിണരിന് ഒരു നിമിഷത്തെ ആയുസ്സേ ഉള്ളു. പക്ഷേ ആ ഒരു നിമിഷം കൊണ്ട് അത് പാത അറിയാതെ തപ്പിത്തടഞ്ഞു പോകുന്ന പഥികന് പ്രകാശം ചൊരിഞ്ഞ് വഴി കാട്ടിക്കൊടുക്കുന്നു. കൂർത്തുമൂർത്ത ഒരു കരിമ്പാറക്കഷണത്തിനു നൂറ്റാണ്ടുകളുടെ ആയുസ്സുണ്ടാകാം എന്നാൽ അതു യാത്രികന്റെ പാദത്തിനു മുറിവും വേദനയും മാത്രമാണ് നൽകുന്നത്. ആരുടെ ജീവിതമാണ് കാമ്യം?-മിന്നൽപ്പിണരിന്റേതോ കരിമ്പാറയുടേതോ?

ഒരു ചെറുകവിതയുടെ ആശയമാണിത്. അർത്ഥം വ്യക്തം-എത്രനാൾ ജീവിക്കുന്നു എന്നതല്ല, എങ്ങനെ ജീവിക്കുന്നു എന്നതാണ് പ്രധാനം.

മുപ്പത്തിമൂന്നര വർഷം. എത്ര ചെറിയ ഒരു കാലയളവാണത്! പക്ഷേ ആകൊച്ചു ജീവിതം പിന്നീട് എത്രയോ ജീവിതങ്ങളെ സ്വാധീനിച്ചു! എത്ര നൂറ്റാണ്ടുകളുടെ ഗതി തിരിച്ചുവിട്ടു! ആ ജീവിതം മുന്നോട്ടുവച്ച ആശയങ്ങൾ ഇന്നും ലോകത്തെ ഏതളവിൽ നിയന്ത്രിക്കുന്നു!-എത്ര സാർത്ഥകമായ ഒരു ജീവിതം! യേശുവിനെക്കുറിച്ചാണ് പറഞ്ഞുവന്നത്.

യേശുവിന്റേതുപോലെ തലമുറകളെ സ്വാധീനിക്കുന്ന ഒരു ജീവിതം നമുക്ക് സാധ്യമായെന്നുവരികയില്ല. പക്ഷേ ആ ജീവിതത്തിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ട് നമ്മുടെ ഇത്തിരിവട്ടത്തിൽ നമുക്ക് പ്രകാശം പരത്തുവാൻ കഴിയുകയില്ലേ? നമ്മുടെ കൊച്ചുജീവിതംകൊണ്ട് അത് സാധിച്ചാൽ തന്നെ ധാരാളം മതിയല്ലോ. അങ്ങനെവന്നാൽ യേശുവിന്റെ തന്നെ ഒരു പ്രയോഗം കടമെടുത്തു പറഞ്ഞാൽ,'ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവ'ുമായി നാം മാറുകയില്ലേ?

ഉവ്വ്, തീർച്ചയായും. എങ്കിൽ അതിന് എന്താണ് തടസ്സം?

തടസ്സം വലിയ കാര്യങ്ങളൊന്നുമല്ല. കൊച്ചുകൊച്ചു കാര്യങ്ങൾ മാത്രം.

ഒരു ലോകസഞ്ചാരിയോട് പത്രപ്രതിനിധി ഒരിക്കൽ ചോദിച്ചു:"ആട്ടെ, നിങ്ങൾ വലിയ പർവ്വതങ്ങൾ കയറിയിറങ്ങുകയും മഞ്ഞുമൂടിയ താഴ്‌വരകളും നീണ്ട മരുഭൂമിയും നടന്നുതീർക്കുകയും ചെയ്തല്ലോ? നിങ്ങളുടെ യാത്രയിൽ ഏറ്റവും ക്ലേശകരമായിത്തോന്നിയ കാര്യം എന്താണ്?"

"നടന്നുപോകുമ്പോൾ എന്റെ ഷൂസിനുള്ളിൽ കൊച്ചു മണൽത്തരികൾ കയറുന്നതായിരുന്നു ഏറ്റവും ദുസ്സഹം." മറുപടി പെട്ടെന്നായിരുന്നു.

നമ്മുടെയും പ്രശ്നം ഇതുതന്നെയല്ലേ? നമ്മുടെ അടുത്തുവരുന്നവരെ സ്നേഹിക്കാനും അവരോട് വേണ്ടവിധം പെരുമാറാനും കഴിയുന്നില്ല. തടസ്സം: കൊച്ചു കാര്യങ്ങൾ-അലോസരപ്പെടുത്തുന്ന ചിന്തകൾ, ഓർമ്മകൾ, സങ്കൽപങ്ങൾ.....

തോന്നലുകൾ, ഓർമ്മകൾ, സങ്കല്പങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന നമ്മുടെ ചിന്താജീവിതത്തെ നാം നിസ്സാരമായിക്കാണരുത്. കാരണം നമ്മുടെ മുഴുവൻ പ്രകൃതത്തെയും നിയന്ത്രിക്കുകയും സ്വാധീനിക്കുകയും ഭരിക്കുകയും ചെയ്യുന്നത് അതാണ്. 'ഒരുവൻ തന്റെ ഉള്ളിൽ എന്തു ചിന്തിക്കുന്നുവോ അങ്ങനെയാണവൻ' എന്നു ദൈവവചനവും പറയുന്നല്ലോ. (സദൃ.23:7NASB)

നാം ചിന്തകളെ ജാഗ്രതയോടെ ശ്രദ്ധിക്കുന്നുണ്ട് എന്നു വെളിവാകുന്നതു നമ്മുടെ വാക്കുകളിലൂടെയാണ്. 'ഹൃദയം നിറഞ്ഞുകവിയുന്നതാണല്ലോ വായ് സംസാരിക്കുന്നത്'. ഒരുവന്റെ വാക്കുകൾ അവൻ തന്റെ ചിന്താജീവിതം എങ്ങനെ ക്രമപ്പെടുത്തിയിരിക്കുന്നു എന്നതിനെക്കുറിച്ചു സൂചന നൽകും. യേശുവിന്റെ ലാവണ്യവാക്കുകൾ അവിടുന്ന് തന്റെ ഓർമ്മകളെ, തോന്നലുകളെ, സങ്കൽപങ്ങളെ ആളുകളോടുള്ള നല്ല ബന്ധത്തിനായി എങ്ങനെ ചിട്ടപ്പെടുത്തിയിരുന്നു എന്നതിലേക്കു വെളിച്ചം വീശുന്നു.

തന്നെ മൃഗീയമായി പീഡിപ്പിക്കുകയും ഒടുവിൽ ക്രൂശിക്കുകയും ചെയ്തവരെ നോക്കി യേശു ഇങ്ങനെ പറഞ്ഞു:'ഇവർ ചെയ്യുന്നത് ഇന്നത് എന്നറിയായ്കകൊണ്ട് ഇവരോടു ക്ഷമിക്കണമേ'(ലൂക്കോ.23:34). സത്യത്തിൽ അവർക്കു തങ്ങൾ എന്താണ് ചെയ്യുന്നതെന്ന് അറിയുകയില്ലായിരുന്നോ? അറിയാമായിരുന്നു. എങ്കിലും യേശു തന്റെ സങ്കൽപത്തിൽ'പാവം അവർ ചെയ്യുന്നതെന്തെന്ന് അറിയാത്തതുകൊണ്ടല്ലേ' എന്ന് അവർക്കു സംശയത്തിന്റെ ആനുകൂല്യം നൽകുന്നു. ഫലം യേശുവിന് അവരോട് കൈപ്പോ പകയോ ഇല്ല. അതുകൊണ്ട് അവരോടു ക്ഷമിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും യേശുവിനു കഴിഞ്ഞു. നമ്മെ ഉപദ്രവിക്കുന്നവരോടുള്ള നമ്മുടെ മനോഭാവം എന്താണ്? അവരെക്കുറിച്ചുള്ള നമ്മുടെ ചിന്തകൾ എന്താണ്? 'ഒരുപക്ഷേ അവർക്ക് അറിവില്ലാതെ ചെയ്യുന്നതാണ്' എന്ന സൗമനസ്യം യേശുവിനെപ്പോലെ നമുക്ക് ചിന്തയിൽ അവരോട് കാണിക്കാൻ കഴിയുമോ? കഴിയുമെങ്കിൽ അവരോടുള്ള അലോസരങ്ങളും പിണക്കങ്ങളും മാറിപ്പോകും.

മറ്റൊരു രംഗം നോക്കുക: ക്രൂശിക്കപ്പെടുന്നതിനു മുമ്പ് യേശു തന്റെ ശിഷ്യന്മാരെക്കുറിച്ച് ഇങ്ങനെ പറഞ്ഞു:'ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല'(യോഹ.17:16; 15:19). മൂന്നര വർഷം യേശുവിനോടൊപ്പം നടന്നിട്ടും തന്നെ ഒറ്റിക്കൊടുക്കുന്നവരും തള്ളിപ്പറയുന്നവരും 'ആരാണ് വലിയവൻ' എന്ന് അന്യോന്യം മത്സരിക്കുന്നവരും ആത്മീയവെളിച്ചം ഇല്ലാതെ പെരുമാറുന്നവരുമായ ശിഷ്യരെ നോക്കി 'ഇവർ ലോകക്കാരെക്കാൾ കഷ്ടമാണ്' എന്നല്ലേ ആരും പറയുക? പക്ഷേ യേശു പറഞ്ഞത് 'അവർ ലൗകികരല്ല' എന്നാണ്. അവരുടെ കുറവുകൾക്കപ്പുറത്ത് അവരിലുള്ള ആത്മീയസാധ്യതകളെ കണ്ട് അവരെക്കുറിച്ചുണ്ടാകാവുന്ന കുറ്റപ്പെടുത്തുന്ന ചിന്തകളെ ഒഴിവാക്കുവാൻ യേശുവിനു കഴിഞ്ഞിരുന്നു എന്നല്ലേ ഇതു തെളിയിക്കുന്നത്? നാമോ? സഹോദരന്മാരിലുള്ള കുറവുകൾ മാത്രം കണ്ട് അവരെക്കുറിച്ച് ഈർഷ്യയുളവാക്കുന്ന ചിന്തകളെ താലോലിക്കുകയും ഒടുവിൽ വാക്കുകൊണ്ട് അവരെ മുറിപ്പെടുത്തുകയും ആണോ ചെയ്യുന്നത്?

തെറ്റു ചെയ്യാതെ തെറ്റിദ്ധരിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ ചിന്തയിൽ സംഭവിക്കാവുന്ന മറ്റൊരു സ്ഖലിതമാണ് സ്വയംസഹതാപത്തിന്റെ തോന്നലുകൾ. ഓസ്‌വാൾഡ് ചേംബേഴ്സ് സ്വയംസഹതാപത്തെ 'ഏറ്റവും വലിയ പാപം' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. നാം കാരണം കൂടാതെ പീഡിപ്പിക്കപ്പെടുന്നല്ലോ എന്ന സ്വയംസഹതാപത്തിന്റെ ചിന്ത നമ്മെ പീഡിപ്പിച്ചവരോട് ക്രമേണ കൈപ്പും നീരസവും നമ്മിലുണ്ടാക്കും. സ്വയംസഹതാപം അതുകൊണ്ടുതന്നെ ഒഴിവാക്കേണ്ടതുണ്ട്.

തീർത്തും നിരപരാധി ആയിട്ടും താൻ നന്മ

(ശേഷം പേജ് 40 ൽ)

വചനം

# ഭൂമിയിൽ നാം എത്രകാലം ജീവിക്കണം?

സാക് പുന്നൻ



**ദീർഘായുസ്സോടെ ജീവിക്കുന്നതിനാലല്ല, നമ്മെ ഏല്പിച്ച ദൗത്യം പൂർത്തീകരിക്കന്നതിനാലാണ് നാം ദൈവത്തിനു മഹത്വം കരേറ്റുന്നത്**

ഈ ഭൂമിയിൽ ദീർഘായുസ്സോടെ ജീവിക്കുകയല്ല, മറിച്ച് നാം കടന്നുപോകുന്നതിനുമുമ്പ് ദൈവം നമ്മെ ഏല്പിച്ച പ്രവൃത്തി തികയ്ക്കുക എന്നതാണ് പുതിയനിയമത്തിൻകീഴുള്ള നമ്മുടെ വിളി. ഒരു നല്ല സഹോദരൻ 70 വർഷങ്ങൾ കൊണ്ട് പൂർത്തിയാക്കുന്ന പ്രവൃത്തി പൂർണ്ണഹൃദയനായ മറ്റൊരു സഹോദരൻ 35 വർഷങ്ങൾ കൊണ്ട് തീർത്തേക്കാം. മണ്ണ് നല്ലതെങ്കിലും വിളവ് വ്യത്യസ്തമായിരിക്കാം. ചിലരുടെ വിളവ് 30 മേനിയാണ് എന്നാൽ കുറച്ചുപേർ 60 മേനി ഫലം പുറപ്പെടുവിക്കുന്നു. വളരെക്കുറച്ചുപേർക്കു മാത്രമാണ് 100 മേനി വിളവുള്ളത്(മർക്കോ.4:8). നാം എത്രത്തോളം പൂർണ്ണഹൃദയം ഉള്ളവരും ചിട്ടയുള്ള ജീവിതത്തിന് ഉടമകളുമാണെന്നതിനെ ആശ്രയിച്ചാണ് ഈ വ്യത്യാസം. തന്റെ ഭൂമിയിലെ ശുശ്രൂഷയുടെ പൂർത്തീകരണത്തിന് യേശുവിന് മുപ്പത്തിമൂന്നര വർഷം മതിയായിരുന്നു.

ദീർഘായുസ്സോടെ ജീവിക്കുന്നതിനാലല്ല, നമ്മെ ഏല്പിച്ച ദൗത്യം പൂർത്തീകരിക്കുന്നതിനാലാണ് നാം ദൈവത്തിനു മഹത്വം കരേറ്റുന്നത് (യോഹ.17:4നോക്കുക). പുതിയ ഉടമ്പടിയിൻകീഴിൽ കാമ്പുള്ള(ദൈവത്തിന്റെ എല്ലാ ഇഷ്ടങ്ങളും നിറവേ

റ്റുന്ന) ഒരു ജീവിതമാണ് പ്രധാനപ്പെട്ടത്.-പഴയ ഉടമ്പടിയിലുണ്ടായിരുന്നതുപോലെ കാലദൈർഘ്യമുള്ള ഒരു ജീവിതമല്ല.(സങ്കീ.91:16)

സങ്കീ.90:10 ലെ മോശെയുടെ വാക്കുകളെ തെറ്റിദ്ധരിച്ച്, 70 മുതൽ 80 വർഷം വരെ ജീവിച്ചിരിക്കുവാൻ ദൈവം മനുഷ്യരെ നിയോഗിച്ചിരിക്കുന്നുവെന്ന് ചിലർ അനുമാനിക്കുന്നു. എന്നാൽ അവിശ്വാസം മൂലം കനാനിൽ പ്രവേശിക്കുവാൻ കഴിയാതെ പോയവരുടെ മേൽ ദൈവത്തിന്റെ ന്യായവിധി നടന്നുകൊണ്ടിരുന്ന മരുഭൂമിയിൽ വച്ചാണ് മോശെ ഈ സങ്കീർത്തനം എഴുതിയത്. നീണ്ട വർഷങ്ങൾ ജീവിക്കേണ്ടിയിരുന്ന(തന്നെപ്പോലെ 120 വർഷമെങ്കിലും) ഈ ജനങ്ങൾ മദ്ധ്യപ്രായത്തിൽ തന്നെ(70 മുതൽ 80 വയസ്സുവരെ) പട്ടുപോകുന്ന ചിത്രമാണ് മോശെ ഇവിടെ വരച്ചുകാട്ടുന്നത്.(10 മുതൽ 12 വരെയുള്ള വാക്യങ്ങൾ നോക്കുക)

നോഹയുടെ കാലത്തെക്കുറിച്ചുള്ള ഉൽപത്തി 6 ന്റെ 3 ലെ പരാമർശത്തിൽ നിന്ന് ജീവിതദൈർഘ്യം 120 വർഷമാണെന്നു മറ്റു ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. എന്നാൽ അബ്രഹാമും മറ്റും 120ലും വളരെയേറെ വർഷങ്ങൾ ജീവിച്ചിരുന്നു. മനുഷ്യന്റെ മാനസാന്തരത്തിനായി 120 വർഷങ്ങൾകൂടി അവിടുന്ന് നല്കും എന്നാണ് ദൈവം ഇവിടെ വ്യക്തമാക്കുന്നത്. അതിനാൽ നോഹ 120 വർഷം പ്രസംഗിക്കുകയും 120 വർഷം പെട്ടകത്തിന്റെ പണിയിൽ വ്യാപൃതനാവുകയും ചെയ്തു.

നാം ജനിക്കുന്നതിനു മുമ്പുതന്നെ നമ്മുടെ ഭൂമിയിലെ നാളുകൾ ദൈവം കൃത്യമായി നിയമിച്ചിരിക്കുന്നു.(സങ്കീ.139:16). മാത്രമല്ല, ആ നാളുകൾ മുഴുവനും നാം പൂർത്തിയാക്കുമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്തിട്ടുമുണ്ട്(പുറ.23:26). ദൈവഹിതത്തിന്റെ പൂർത്തീകരണം മാത്രമാണ് നമ്മുടെ ജീവിതലക്ഷ്യമെങ്കിൽ സാത്താനോ മനുഷ്യർക്കോ നമ്മുടെ ആയുർദൈർഘ്യത്തെ കുറയ്ക്കുവാൻ സാധ്യമല്ല. എന്നാൽ വീണ്ടുംജനനത്തിനുശേഷം പാപത്തിൽ ജീവിക്കുന്നതിലൂടെയും ജാഗ്രതയില്ലാത്ത ഭോഷത്തമായ ജീവിതശൈലിയിലൂടെയും(അമിതഭക്ഷണം, തെറ്റായ ഭക്ഷണശീലങ്ങൾ, വ്യായാമമില്ലായ്മ, അലസത തുടങ്ങിയവ) നമുക്കുതന്നെ നമ്മുടെ ആയുസ്സിനെ കുറയ്ക്കുവാൻ കഴിയും. ദുഃഖകരമെന്നു പറയട്ടെ, ആധുനികവൈദ്യശാസ്ത്രസജ്ജീകരണങ്ങൾ(heart-lung machine) ഉപയോഗിച്ച് നാളുകളെ ദീർഘിപ്പിക്കുവാനും നമുക്ക് കഴിയും. എന്നാൽ നമ്മെ സംബന്ധിച്ച് ഏറ്റവും ഉത്തമം കൂടുതലായാലും കുറവായാലും ദൈവം നമുക്കായി നിയമിച്ച കൃത്യം നാളുകൾ ജീവിക്കുകയും സന്തോഷത്തോടെ അത് അംഗീകരിക്കുകയുമാണ്. യേശു മുപ്പത്തിമൂന്നര വയസ്സിൽ മരിച്ചു; യാക്കോബ് മുപ്പത്തിമൂന്നും പൗലൊസ് അറുപത്തേഴും വർഷങ്ങൾ ജീവിച്ചു. എന്നാൽ യോഹന്നാൻ തൊണ്ണൂറ്റിയഞ്ചിലധികം വയസ്സുവരെ ജീവിച്ചു. ഡേവിഡ് ബ്രെയിനാർഡ് ഇരുപത്തൊൻപതാം വയസ്സിൽ മരിച്ചപ്പോൾ തന്റെ സമകാലികനായിരുന്ന ജോൺ വെസ്ലി എൺപത്തിയെട്ടാം വയസ്സുവരെ ജീവിച്ചിരുന്നു. അവിടുത്തെ ഓരോ മക്കളെക്കുറിച്ചുമുള്ള തിരുഹിതം വ്യത്യസ്തമാണ്.

അതുകൊണ്ടുതന്നെ ഹിസ്കീയാവ് ചെയ്തതുപോലെ ചെയ്യുന്നത് മൗഢ്യമാണ്-ഭൂമിയിലെ തന്റെ നാളുകൾ പൂർത്തിയാക്കപ്പെട്ടു എന്നു ദൈവം അറിയിച്ച ശേഷവും ആയുസ്സിന്റെ ദൈർഘ്യത്തിനായി അവൻ കരഞ്ഞുപ്രാർത്ഥിക്കുന്നു(യെശ.38:1-5). എന്തായാലും പ്രാർത്ഥനയ്ക്കു മറുപ





ടിയായി 15 വർഷങ്ങൾ കൂടി ദൈവം ഹിസകീയാവിനു നല്കി.(ചില സമയങ്ങളിൽ ദൈവം ഇപ്രകാരം ചെയ്യുന്നു. സങ്കീർത്തനം 106ന്റെ 14,15 നോക്കുക."മരുഭൂമിയിൽ വച്ച് അവർ ഏറ്റവും മോഹിച്ചു.....ദൈവത്തെ പരീക്ഷിച്ചു. ഒടുവിൽ അവർ അപേക്ഷിച്ചത് അവൻ അവർക്കു കൊടുത്തു. എങ്കിലും അവരുടെ പ്രാണന് ക്ഷയം അയച്ചു.") ഹിസ്കീയാവിന്റെ ദുഃഖകരമായ പിൽക്കാലം ശ്രദ്ധിക്കുക. അധികമായി ലഭിച്ച പതിനഞ്ചു വർഷങ്ങളിൽ താൻ ജനിപ്പിച്ച മകനായ മനശ്ശെ യെഹൂദചരിത്രത്തിലെ ഏറ്റവും അധമനായ രാജാവായി മാറി(2ദിന.33:1,2).

.

പൗലൊസിന്റെ ചരിത്രം എത്ര വ്യത്യസ്തമാണ്! തന്റെ ഭൂമിയിലെ ജീവിതം പൂർത്തിയായി എന്നു ദൈവം അവനോടു പറഞ്ഞപ്പോൾ കൂടുതൽ ആയുസ്സിനായി അവൻ പ്രാർത്ഥിച്ചില്ല. കർത്താവിന്റെ വരവുവരെ താൻ ജീവനോടിരിക്കും എന്ന് ആരംഭത്തിൽ പ്രത്യാശിച്ചവനാണ് പൗലൊസ്(1തെസ്സ.4:15 ശ്രദ്ധിക്കുക). കർത്താവിന്റെ പ്രത്യക്ഷതവരെ ജീവനോടിരിക്കുന്നവരുടെ കൂട്ടത്തിൽ തന്നെയും ചേർക്കുന്നു. എന്നാൽ തന്റെ അറുപത്തേഴാം വയസ്സിൽ ഈ ഭൂമിയിലെ ഓട്ടംതികച്ച് നിര്യാണകാലം അടുത്തിരിക്കുന്നു എന്ന് ദൈവം അവനോടു പറഞ്ഞു. ദൈവഹിതത്തെ പൗലൊസ് സസന്തോഷം സ്വീകരിച്ചു. തന്റെ ജീവിതാന്ത്യം അടുത്തു എന്നറിഞ്ഞപ്പോൾ, പത്രോസും ഇപ്രകാരം തന്നെയാണ് പ്രതികരിച്ചത്(2പത്രോ.1:14,15).

എന്നാൽ ദൈവത്തിന്റെ പുസ്തകത്തിൽ നമുക്കായി കുറിച്ചുവച്ചിരിക്കുന്ന നാളുകളുടെ ദൈർഘ്യം നമുക്കാർക്കുംതന്നെ അറിഞ്ഞുകൂടാ എന്നതിനാൽ നമ്മുടെയും മറ്റുള്ളവരുടേയും ആയുർദൈർഘ്യത്തിനായി പ്രാർത്ഥിക്കുന്നത് തികച്ചും യോഗ്യമായ കാര്യം തന്നെയാണ്. എന്നാൽ കൂടുതൽകാലം കർത്താവിനെ സേവിക്കുവാൻ കഴിയും എന്ന ലക്ഷ്യത്താൽ മാത്രമായിരിക്കണം പ്രാർത്ഥന. പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക:"എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലയ്ക്ക് ഫലം വരുമെങ്കിൽ എന്തു തിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിക്കുവാൻ എനിക്കു കാംക്ഷയുണ്ട്; അത് അത്യുത്തമമല്ലോ. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം. ഇങ്ങനെ ഉറച്ചുകൊണ്ട് നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിനുമായിത്തന്നെ ഞാൻ ജീവനോടിരിക്കും എന്നും നിങ്ങളോടെല്ലാവരോടും കൂടെയിരിക്കും എന്നും അറിയുന്നു"(ഫിലി.1:22-25).

കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ എല്ലായിടത്തും വളരെയധികം ആവശ്യങ്ങൾ ഉണ്ട്. എന്നാൽ കർത്താവിന്റെ മുഴുആലോചനയും മുഖപക്ഷമില്ലാതെധൈര്യത്തോടെ അറിയിക്കുന്നവർ വളരെ കുറവാണ്. "യഹോവേ, രക്ഷിക്കണമേ; ഭക്തന്മാർ ഇല്ലാതെ പോകുന്നു; വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു"(സങ്കീ.12:1).ദൈവഹിതം വ്യക്തമല്ലാത്ത സാഹചര്യങ്ങളിൽ നമുക്ക് യുക്തമായ കാര്യത്തിനു വേണ്ടി പ്രാർത്ഥിക്കാമെങ്കിലും പ്രാർത്ഥന അവസാനിപ്പിക്കുന്നത് ഇപ്രകാരം ആണ് എന്നു നാം ഉറപ്പുവരുത്തണം"എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല; അവിടുന്ന് ഇച്ഛിക്കും പോലെ ആകട്ടെ."

മൊഴിമാറ്റം: സന്തോഷ് മാത്യു

മൂകസന്ദേശം-20

# കാക്കകളും കുരുവികളും

സന്ദീപ് പുന്നൻ

ഞാൻ ഈ അടുത്ത സമയത്ത് ശ്രദ്ധിച്ച ഒരു കാര്യത്തെപ്പറ്റി ഈ മാസം എഴുതാം. ഇതു വായിക്കുന്ന പലർക്കും ഈ സന്ദേശം തക്കസമയത്ത് ഉത്സാഹം നൽകുന്നതാവട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഒരു ഉൾക്കടലിന്റെ സമീപത്താണ് ഇപ്പോൾ ഞാൻ ജോലി ചെയ്യുന്നത്. കടൽത്തീരത്തിനടുത്ത് ബോട്ടുകളും തിരകളും പക്ഷികൾ വട്ടമിട്ടു പറക്കുന്നതുമൊക്കെ നോക്കിയിരുന്നുകൊണ്ട് ഉച്ചഭക്ഷണം കഴിക്കാൻ ഞാൻ പലപ്പോഴും ഉത്സാഹിക്കാറുണ്ട്.

നല്ല സൂര്യപ്രകാശമുള്ള ഒരു മദ്ധ്യാഹ്നം. ധാരാളം ആൾക്കാർ പുറത്തു നടക്കുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന എന്റെ ശ്രദ്ധ അവിടവിടെയായി ചിതറിക്കിടക്കുന്ന ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ കൊത്തിയെടുക്കുന്ന പക്ഷികളിലായി. കാണാൻ നല്ല ചേലുള്ള കടൽക്കാക്കകളും പറന്നു നടക്കുന്നുണ്ട്. വളരെ വലിയ പക്ഷികൾ അല്ലെങ്കിലും അന്ന് അവിടെക്കണ്ട പക്ഷികളിൽ ഏറ്റവും മുഴുത്തവയായിരുന്നു അവ. ചാരനിറമുള്ള പ്രാവുകളും നന്നേ ചെറിയ കുരുവികളും ചുറ്റിപ്പറന്നും തത്തിക്കളിച്ചും തീറ്റി തേടുന്നുണ്ടായിരുന്നു. കടൽത്തീരത്ത് മനുഷ്യർ നല്കുന്ന ഭക്ഷണസാധനങ്ങൾ തിന്നു ശീലിച്ച ഒരുകൂട്ടം പക്ഷികൾ!

ആരോ ഉപേക്ഷിച്ച ഒരു വലിയ കട്ടിയുള്ള റൊട്ടിക്കഷണം കൊത്തിയെടുക്കാൻ ഒരു പറ്റം കുരുവികൾ ശ്രമിക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. റൊട്ടിക്കഷണം കട്ടിയുള്ളതായിരുന്നെങ്കിലും അതിൽ നിന്നു വിശപ്പിന് എന്തെങ്കിലും കിട്ടാനായി അവ പരിശ്രമിക്കുകയാണ്. തങ്ങളെക്കാൾ വലിപ്പമുള്ള ആ റൊട്ടി അവർക്കു പല ദിവസത്തേക്കുള്ള ഭക്ഷണമായിരുന്നു.

പെട്ടെന്നതാ, കുരുവിയെക്കാൾ പത്തുമടങ്ങു വലിപ്പമുള്ള കടൽക്കാക്ക രംഗത്തെത്തുന്നു. വലിപ്പമുള്ള ആ റൊട്ടിക്കഷണം അതിന്റെ ദൃഷ്ടിയിൽപ്പെട്ടു എന്നത് വ്യക്തമാണ്. കുരുവിക്കൂട്ടത്തെ കൂസാതെ അതു നടന്നു വന്ന് റൊട്ടി കൊത്തിയെടുത്തു. കുരുവികളുടെ അനുവാദം ഒന്നും ചോദിക്കാതെ നേരേ വന്ന് ആ ഭക്ഷണം തട്ടിയെടുക്കുകയായിരുന്നു.

കുരുവികളും യുദ്ധത്തിനൊന്നും ഒരുമ്പെട്ടില്ല. വലിപ്പമുള്ള കടൽക്കാക്കയുടെ മുമ്പിൽ തങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയുകയില്ലെന്ന് അവ ഗ്രഹിച്ചിരിക്കാം. നായ്ക്കളെപ്പോലെയോ മറ്റു ചില മൃഗങ്ങളെപ്പോലെയോ തങ്ങളുടെ തീറ്റയ്ക്കായി സംഘടിതമായി പോരാട്ടം നടത്തുന്ന തന്ത്രം ഒന്നും പാവം കുരുവികൾക്ക് അറിഞ്ഞുകൂടാ എന്നാണെനിക്കു തോന്നുന്നത്.

ഇതു ശ്രദ്ധിച്ചുകൊണ്ടിരുന്ന എനിക്കു കുരുവികളെപ്പറ്റി സങ്കടം തോന്നി. എന്നെക്കണ്ടാൽ കടൽക്കാക്ക ഭയന്നോടും എന്ന് ഉറപ്പുണ്ടായിരുന്ന ഞാൻ ആ റൊട്ടിക്കഷണം പിടിച്ചുവാങ്ങി കരുവികൾക്കു നൽകാൻ ആഗ്രഹിച്ചെങ്കിലും അതിനൊരുമ്പെട്ടില്ല. നീതി നിഷേധിക്കപ്പെട്ട പാവം കുരുവികൾക്ക് നീതി ലഭിക്കണം എന്ന ഉൽക്കടമായ ആന്തരികബോധമായിരിക്കും എന്നെ അങ്ങനെ ചിന്തിപ്പിച്ചത്. ഇതാണ് പ്രകൃതിനിയമം എന്നോർത്ത് ഞാൻ സമാധാനിച്ചു; തുടർന്നും രംഗം വീക്ഷിച്ചുകൊണ്ടിരുന്നു.

റൊട്ടി കടിച്ചെടുത്ത കടൽക്കാക്ക തന്റെ ചുണ്ടുകൊണ്ട് കട്ടിയായ ആ റൊട്ടിക്കഷണം കടിച്ചെടുത്ത് തിന്നാൻ പാകത്തിൽ മൃദുലമാക്കുകയാണ്. ഈ പരിശ്രമത്തിൽ അത് വിജയിക്കരുതേ എന്നായിരുന്നു എന്റെ ആഗ്രഹം. കൊക്കിൽ ഒതുങ്ങാതെ അത് റൊട്ടി





ഉപേക്ഷിച്ചുപോയാൽ കുരുവികൾക്ക് അവരുടെ സ്വന്തമായിരുന്ന ഭക്ഷണം തിരികെ ലഭിക്കുമല്ലോ! അത്ഭുതമെന്നു പറയട്ടെ, റൊട്ടിയുടെ ഭൂരിഭാഗവും ഒരുവിധം ഉള്ളിലാക്കുന്നതിൽ അത് വിജയിച്ചിരിക്കുന്നു. ഉച്ചഭക്ഷണം കഴിച്ച് തൃപ്തനായി അവൻ നടന്നകന്നു!

കടൽക്കാക്ക ഭക്ഷണം കഴിച്ച സ്ഥലത്തേക്ക് അതാ കുരുവികൾ മടങ്ങിയെത്തുന്നു, യാതൊരു അമർഷവും കൈപ്പും ഇല്ലാത്തതുപോലെ. കടൽകാക്ക ശേഷിപ്പിച്ച അപ്പനുറുക്കുകൾ കുരുവികൾ സംതൃപ്തിയോടെ ഭക്ഷിക്കുന്നു!

പ്രകൃതിയിൽ ദൈവത്തിന്റെ അത്ഭുതപ്രവൃത്തി ഞാൻ കാണുകയായിരുന്നു. കുരുവികളുടെ ഭക്ഷണം കടൽക്കാക്ക തട്ടിയെടുത്തെങ്കിലും കുരുവികൾക്ക് ആവശ്യമുള്ള ഭക്ഷണനുറുക്കുകൾ ബാക്കിയുണ്ടായിരുന്നു. ഈ പക്ഷികളെ ശ്രദ്ധിച്ചുകൊണ്ടിരുന്നപ്പോൾ ലൂക്കോസ് പന്ത്രണ്ടാം അദ്ധ്യായത്തിന്റെ 6,7 വാക്യങ്ങളിൽ യേശു പറഞ്ഞ വചനങ്ങൾ എന്റെ ഓർമ്മയിലെത്തി. “രണ്ടു കാശിന് അഞ്ചു കുരികിലിനെ വില്ക്കുന്നില്ലയോ? ദൈവം അവയിൽ ഒന്നിനെപ്പോലും മറന്നുപോകുന്നില്ല. നിങ്ങളുടെ തലയിലെ മുടിപോലും എണ്ണപ്പെട്ടിരിക്കുന്നു. ഭയപ്പെടേണ്ടാ ഏറിയ കുരികിലിനെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ.”

ഈ ചിന്ത എനിക്കു വലിയ ധൈര്യം പകർന്നു. ഞാൻ ചെയ്തുകൊണ്ടിരുന്ന ജോലിയിൽ തുടരാൻ കഴിയുമോ എന്ന ആശങ്ക ഉണ്ടായിരുന്ന സമയമായിരുന്നു അത്. എനിക്കു വൈകാതെ തൊഴിൽ നഷ്ടപ്പെടാൻ സാധ്യതയുണ്ട് എന്ന ചിന്ത എന്നെ ഭരിച്ചിരുന്ന സന്ദർഭമായിരുന്നു അത്. ദൈവം എന്നോട് ഇവ്വണ്ണം പറയുന്നതായി എനിക്കു തോന്നി: “കടൽക്കാക്ക വലിപ്പമുള്ള പക്ഷിയായതിനാൽ കുഞ്ഞുകുരുവിയുടെ ഭക്ഷണം അപഹരിച്ചാലും, കുരുവിയെ ഞാൻ മറന്നുകളയുന്നില്ല. ഞാൻ കുരുവിക്കുഞ്ഞിനും ആഹാരം നൽകുന്നവനത്രേ. വലിയ ഒരു കഷണം റൊട്ടി കുരുവിക്ക് ആവശ്യമില്ലല്ലോ. കടൽക്കാക്ക ഭക്ഷിച്ചതിന്റെ ശേഷമുള്ള നുറുക്കുകൾ കുരുവിക്ക് ധാരാളം മതിയാകും. ഞാൻ ഒരു കുരുവിയെപ്പോലും മറന്നു കളയുന്നില്ല. അവയ്ക്ക് ആവശ്യമുള്ളത് എന്തെന്ന് അറിഞ്ഞ് ഞാനവയ്ക്കു നൽകുന്നു.”

അതുപോലെതന്നെ ധാരാളം പണവും, മൃഷ്ടാന്നവും ആഡംബരവീടും നിനക്കാവശ്യമില്ല. അതൊക്കെ നിന്റെ കൊക്കിൽ ഒതുങ്ങുകയില്ല. ഈ ലോകത്തിനുവേണ്ടി ജീവിക്കുന്നവർ നിന്റേതെന്നു തോന്നുന്ന ഇപ്പോഴത്തെ നിന്റെ തൊഴിൽ തട്ടിയെടുക്കട്ടെ. അവരുടെ വലിപ്പം കണ്ട് നീ ഭയപ്പെടേണ്ട.(കടൽക്കാക്ക കുരുവിയെ ഭയപ്പെടുത്താൻ സാധ്യതയുണ്ടല്ലോ) സാഹചര്യം എത്ര കഠിനമെന്നു തോന്നിയാലും നീ ഭയപ്പെടേണ്ട. ഞാൻ നിന്നെ മറന്നുകളയുകയില്ല. നിന്റെ ആവശ്യം എന്തെന്നറിയുന്ന ഞാൻ കരുതുന്നവനത്രേ. നിശ്ചയമായും ഏറിയ കുരികിലിനെക്കാളും നീ വിലയേറിയവൻ തന്നെ!

ഇതു വായിക്കുന്ന പലർക്കും ഈ അനുഭവം ആശ്വാസവും ധൈര്യവും നൽകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. സാമ്പത്തികമായും ശാരീരികമായും ബുദ്ധിമുട്ടുള്ള ഒരു കാലത്താണ് നാം ജീവിക്കുന്നത്. പിശാചും അവന്റെ സേനയും നമ്മിൽ ഭയം ഉളവാക്കി ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും ആശ്രയവും അപഹരിക്കാൻ അക്ഷീണപരിശ്രമം നടത്തും എന്നുറപ്പാണ്. വിശ്വാസം എന്നത് ദൈവത്തിലുള്ള ദൃഢമായ, അചഞ്ചലമായ ആശ്രയമാണ്. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ലെന്നു നാം അറിയുന്നു.

ഇതുപോലെയുള്ള കാലത്ത് തന്റെ ജനം തന്നിൽ പൂർണ്ണമായി ആശ്രയിക്കുന്നതു കാണാൻ ദൈവത്തിന് ഇടയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. കുരുവികളെക്കാൾ നമ്മെ കരുതുന്ന സ്വർഗ്ഗീയപിതാവിൽ ഇനിയും നിങ്ങൾക്കും വർദ്ധിച്ച ആശ്രയം ഉണ്ടാകാൻ ഇടയാകട്ടെ!

ഇത്തിരിവെട്ടം

# മൂന്ന് അരിപ്പകൾ

പുരാതനഗ്രീസിൽ ഉണ്ടായിരുന്ന സോക്രട്ടീസ് ഏറ്റവും ഉൾക്കാഴ്ചയുള്ള ജ്ഞാനി ആയിരുന്നു. ഒരു ദിവസം ഒരാൾ സോക്രട്ടീസിനെ സമീപിച്ചു പറഞ്ഞു: "നിങ്ങളുടെ സുഹൃത്തിനെക്കുറിച്ചു ഞാനൊരു കാര്യം കേട്ടു. അതു പറയാനാ വന്നത്".

"ഒരു മിനിട്ട്" സോക്രട്ടീസ് പറഞ്ഞു "നിങ്ങൾ എന്നോടതു പറയുന്നതിനു മുമ്പ് ഒരു ചെറിയ പരീക്ഷ പാസ്സാകണം. 'മൂന്ന് അരിപ്പയുടെ പരീക്ഷ'യാണത്."

"മൂന്ന് അരിപ്പയോ?"

"അതേ, നിങ്ങൾ എന്റെ സുഹൃത്തിനെക്കുറിച്ച് എന്തെങ്കിലും പറയുന്നതിനു മുൻപ് നമുക്ക് ഒരു നിമിഷം എടുത്ത് നിങ്ങൾ പറയാൻ പോകുന്നതിനെ മൂന്ന് അരിപ്പകളിലൂടെ കടത്തിവിടണം. അതുകൊണ്ടാണ് മൂന്ന് അരിപ്പകളുടെ പരീക്ഷ എന്ന് ഞാനതിനെ വിളിക്കുന്നത്.

ഒന്നാമത്തെ അരിപ്പ എന്നു പറയുന്നത് സത്യമാണ്. നിങ്ങൾ എന്നോട് പറയാൻ പോകുന്നത് തീർത്തും സത്യമാണെന്ന് നിങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടോ?"

"ഇല്ല" ആ മനുഷ്യൻ പറഞ്ഞു. "സത്യത്തിൽ ഞാനതിനെക്കുറിച്ച് ഇപ്പോൾ കേട്ടതേയുള്ളു. മാത്രമല്ല......"

സോക്രട്ടീസ് തുടരാൻ അനുവദിച്ചില്ല. "ശരി, ശരി. അപ്പോൾ നിങ്ങൾ പറയാൻ പോകുന്നത് യഥാർത്ഥത്തിൽ സത്യമാണെന്ന് നിങ്ങൾക്ക് ഉറപ്പില്ല. നമുക്ക് ഇനി അതിനെ നന്മ എന്ന രണ്ടാമത്തെ അരിപ്പയിലൂടെ കടത്തി വിടാം. എന്റെ സ്നേഹിതനെക്കുറിച്ച് നല്ല ഒരു കാര്യമാണോ താങ്കൾ പറയാൻ പോകുന്നത്?"

"ഏയ്, അല്ല. എന്നു മാത്രമല്ല........"

"മതി, മതി" സോക്രട്ടീസ് വീണ്ടും ഇടയിൽ കടന്നു പറഞ്ഞു:"അപ്പോൾ എന്റെ സുഹൃത്തിനെക്കുറിച്ച് മോശമായ എന്തോ കാര്യമാണ് താങ്കൾ പറയാൻ തുടങ്ങിയത്. അതാകട്ടെ സത്യമാണോ എന്നു താങ്കൾക്ക് ഉറപ്പുമില്ല. എന്നാൽ ഇനി ഒരു അരിപ്പ കൂടിയുണ്ട്; പ്രയോജനപ്രദം എന്ന പരീക്ഷയാണത്. നിങ്ങൾ എന്റെ സ്നേഹിതനെപ്പറ്റി പറയാൻ പോകുന്ന കാര്യം എനിക്കു പ്രയോജനമുള്ളതാണോ?"

"അല്ല, സത്യത്തിൽ അല്ല."

സോക്രട്ടീസ് തീർപ്പു കൽപിച്ചു: "ശരി, നിങ്ങൾ എന്നോടു പറയാൻ തുടങ്ങിയത് സത്യവുമല്ല നന്മയുമല്ല പ്രയോജനപ്രദം പോലുമല്ല. എങ്കിൽ പിന്നെ എന്നോടതെന്തിനതു പറയുന്നു.?"

നമുക്കും ഈ മൂന്നരിപ്പകൾ ഉപയോഗിക്കാൻ തുടങ്ങാം.

ശരിയായത് എപ്പോഴും ജനപ്രിയം ആയിരിക്കണമെന്നില്ല; ജനപ്രിയമായത് എപ്പോഴും ശരിയായിരിക്കണമെന്നില്ല. എല്ലാവരും എപ്പോഴെങ്കിലും തെറ്റുകൾ വരുത്തുന്നവരാണ്. അതുകൊണ്ടാണ് പെൻസിൽകമ്പനിക്കാർ പെൻസിലിന്റെ മറുതലയ്ക്കൽ റബർ പിടിപ്പിച്ചിരിക്കുന്നത്.





മാതാപിതാക്കളും മക്കളും - 13

# ബാലശിക്ഷയുടെ പ്രായോഗികതലങ്ങൾ

ജോസ് മാത്യു, തിരുവനന്തപുരം

കുഞ്ഞുങ്ങൾക്ക് യഥാസമയം ശരിയായ ശിക്ഷണം നല്കി വളർത്തിക്കൊണ്ടുവരാനുള്ള ഉത്തരവാദിത്തം മാതാപിതാക്കൾക്കുണ്ട് എന്നാണല്ലോ നാം ചിന്തിച്ചു വന്നത്.'കർത്താവിന്റെ ബാലശിക്ഷ' എന്നാണ് ഇതിനെ തിരുവെഴുത്ത് വിശേഷിപ്പിക്കുന്നത്. ഇനി, ബാലശിക്ഷ നൽകേണ്ട വിധം സംബന്ധിച്ച് തിരുവെഴുത്ത് എന്താണ് പറയുന്നതെന്ന് നോക്കാം.

ബാലശിക്ഷ ആരോഗ്യകരമായിരിക്കണമെങ്കിൽ അതിൽ നിശ്ചയമായും സ്നേഹം അന്തർഭവിച്ചിരിക്കണം. വെറുപ്പോ കോപമോ വാശിയോ അസ്വസ്ഥതയോ അതിൽ ഉണ്ടാകുവാൻ പാടില്ല. വടി എന്ന ആയുധവും ശരിയാംവിധം പ്രയോഗിക്കാൻ മാതാപിതാക്കൾ ഒരുക്കമുള്ളവരായിരിക്കണം. താഴെപ്പറയുന്ന അഞ്ചു തിരുവചനഭാഗങ്ങൾ ശ്രദ്ധിക്കുക:

1.''ബാലന്റെ ഹൃദയത്തോട് ഭോഷത്തം പറ്റിയിരിക്കുന്നു;ശിക്ഷയ്ക്കുള്ള വടി അതിനെ അതിൽ നിന്നകറ്റിക്കളയും."(സദൃ.22:15)

2."വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകയ്ക്കുന്നു;അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു"(സദൃ.13:24).

3.''ഉദരത്തിന്റെ അറകളിലേക്കു ചെല്ലുന്ന തല്ലും പൊട്ടിപ്പോകാത്ത അടിയും ദോഷത്തെ അടിച്ചുവാരിക്കളയുന്നു"(സദൃ.20:30)

4.''വടിയും ശാസനയും ജ്ഞാനത്തെ നൽകുന്നു തന്നിഷ്ടത്തിനു വിട്ടിരുന്ന ബാലനോ അമ്മയ്ക്കു ലജ്ജ വരുത്തുന്നു.(സദൃ.29:15)

5. "ബാലനു ശിക്ഷ കൊടുക്കാതിരിക്കരുത്; വടി കൊണ്ടടിച്ചാൽ അവൻ ചത്തുപോകയില്ല; വടികൊണ്ടവനെ അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാളത്തിൽനിന്ന് വിടുവിക്കും"(സദൃ.23:13-14)

**വടിയുടെ പ്രാധാന്യം:**

നോക്കുക, വടിയുടെ ഉപയോഗം സംബന്ധിച്ച് എത്രയും സുവ്യക്തമായ നിർദ്ദേശങ്ങൾ തിരുവെഴുത്ത് നൽകിയിരിക്കുകയാണ്. അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം കാര്യകാരണസഹിതം വസ്തുതകളെ ദൈവാത്മാവ് ഇവിടെ വിശദമാക്കിയിരിക്കുന്നു. ഇനി മാതാപിതാക്കളായ നമ്മുടെ മുമ്പിൽ അവശേഷിക്കുന്ന ചോദ്യമിതാണ്:"ഈ തിരുവചനനിർദ്ദേശങ്ങൾ ഗൗരവമായും ദൈവഭയത്തോടും ഏറ്റെടുക്കാൻ നമുക്കു മനസ്സുണ്ടോ?"

നമുക്കറിയാം ഏലിയെന്ന പുരോഹിതൻ അതിനു മനസ്സു വെച്ചില്ല; ദൈവത്തെക്കാളും അവിടുത്തെ വചനങ്ങളെക്കാളും അധികം അദ്ദേഹം തന്റെ മക്കളെ മാനിച്ചു - അവരെ നിയന്ത്രിച്ചുനിർത്താനോ അവർക്ക് യഥാസമയം ബാലശിക്ഷ നൽകാനോ ഏലി കൂട്ടാക്കിയില്ല എന്നതായിരുന്നു സത്യം. തൽഫലമായി ആ കുടുംബം മുഴുവനും എത്ര വലിയ ശിക്ഷയ്ക്ക് പാത്രമായെന്നു ചിന്തിക്കുക! അവരുടെ അന്ത്യം തികച്ചും ദാരുണമായിരുന്നു.

വടി ഉപയോഗിച്ചു ബാലശിക്ഷ നൽകുന്നതിൽനിന്ന് ഇക്കാലത്തു മാതാപി

താക്കളെ പിന്തിരിപ്പിക്കുന്ന പല ഘടകങ്ങളുമുണ്ട്. പാശ്ചാത്യസംസ്കാരത്തിന്റെ സ്വാധീനം, നമ്മുടെ സമൂഹത്തിന്റെയും ബന്ധുക്കളുടെയും അഭിപ്രായങ്ങൾ, മനശ്ശാസ്ത്രജ്ഞരുടെ വാദഗതികൾ, മക്കളോടുള്ള അപക്വവും വൈകാരികവുമായ സ്നേഹാധിക്യം, ദൈവികപ്രമാണങ്ങൾ സംബന്ധിച്ച അജ്ഞത എന്നിങ്ങനെ നിരവധി കാരണങ്ങൾ. എന്നാൽ ബാലശിക്ഷ സംബന്ധിച്ചുള്ള ദൈവവചനസത്യങ്ങൾ ഗ്രഹിക്കുകയും ഏറ്റെടുക്കുകയും ചെയ്യുന്നവർക്ക് അവർ ഏതു തലമുറയിലുള്ളവർ ആയാലും ശരി, കുഞ്ഞുങ്ങളെ ശരിയായ ശിക്ഷണത്തിൽ വളർത്താൻ പ്രയാസമുണ്ടാവില്ല.

“ദൈവം ശാസിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; സർവ്വശക്തന്റെ ശിക്ഷ നീ നിരസിക്കരുത്. അവൻ മുറിവേൽപിക്കുകയും മുറി കെട്ടുകയും ചെയ്യുന്നു; അവൻ ചതയ്ക്കയും തൃക്കൈ പൊറുപ്പിക്കയും ചെയ്യുന്നു.(ഇയ്യോ.5:17,18) താൻ സ്നേഹിക്കുന്ന തന്റെ മക്കളോട് ദൈവം എന്തുകൊണ്ട് ഇപ്രകാരം കർശനമായും കഠിനമായും ഇടപെടുന്നു? കഠിനശിക്ഷ, മുറിവേല്പിക്കൽ, ചതയ്ക്കൽ ഇവയെല്ലാം സ്നേഹമുള്ള ഒരു പിതാവിൽനിന്നു പ്രതീക്ഷിക്കാമോ? ഉവ്വ് ദൈവം നമ്മുടെ ഉത്തമപിതാവാണ്; ആപിതാവിൽ നിന്നാണ് ശരിയായ ബാലശിക്ഷയുടെ മാർഗ്ഗം നാം അഭ്യസിക്കേണ്ടത്.

ശലോമോനെക്കുറിച്ച് ദൈവം തന്റെ പിതാവായ ദാവീദിനെ അറിയിച്ച സന്ദേശം കേൾക്കുക:“ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും; അവൻ കുറ്റം ചെയ്താൽ ഞാനവനെ മനുഷ്യരുടെ വടികൊണ്ടും മനുഷ്യപുത്രന്മാരുടെ അടി കൊണ്ടും ശിക്ഷിക്കും”(2ശമു.7:14). യിസ്രായേൽജനതയോടും ദൈവം പ്രസ്താവിക്കുന്നു:“ഒരു മനുഷ്യൻ തന്റെ മകനെ ശിക്ഷിച്ചുവളർത്തുന്നതുപോലെ നിന്റെ ദൈവമായ യഹോവ നിന്നെ ശിക്ഷിച്ചുവളർത്തുന്നു എന്നു നീ മനസ്സിൽ ധ്യാനിച്ചുകൊള്ളേണം.”(ആവ.8:5) ആകയാൽ മാതാപിതാക്കളേ, പിതാവായ ദൈവം താൻ സ്നേഹിക്കുന്ന മക്കളോടു ചെയ്യുന്നതുപോലെ നിങ്ങളുടെ മക്കളെ ശരിയാംവിധം ബാലശിക്ഷയും സ്നേഹവും നല്കി വളർത്താനുള്ള ധൈര്യം നിങ്ങൾ കാട്ടണം.

കർത്താവായ യേശുവും നമ്മോടു പറയുന്നു:“എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കുകയും ശിക്ഷിക്കയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്കുക; മാനസാന്തരപ്പെടുക”(വെളി.3:19). ബാലശിക്ഷയോടുള്ള ബന്ധത്തിൽ വടി ഉപയോഗിക്കണമെന്ന് സദൃശവാക്യങ്ങളിൽ എട്ടു പ്രാവശ്യം പ്രസ്താവിച്ചിരിക്കുന്നു. ഇത് ഇക്കാര്യത്തിന്റെ പ്രാധാന്യത്തെയല്ലേ ചൂണ്ടിക്കാണിക്കുന്നത്?

### വടി സ്നേഹം നിമിത്തം:

“എന്റെ രണ്ടു മക്കളെയും ഞാൻ ഇതേവരെ ഒരിക്കൽപോലും തല്ലിയിട്ടില്ല....” ഒരു പിതാവിന്റെ അഭിമാനം നിറഞ്ഞ വാക്കുകൾ! “അതേയതേ, പിള്ളാരെ മാനേജ് ചെയ്യാനുള്ള ‘നാക്ക്’ ഇല്ലാത്ത പേരന്റ്സിനാണ് തോട്ടിയും വടിയുമൊക്കെ ഉപയോഗിക്കേണ്ടിവരുന്നത്...ഇത്തിരി വിവേകവും അല്പം സൈക്കോളജിയുമുണ്ടെങ്കിൽ കാര്യം ക്ലീൻ....ഒരു പ്രശ്നവും ഉണ്ടാവില്ല,” അദ്ദേഹത്തിന്റെ ഭാര്യ ഉടനെ ഓടിവന്നു പിന്താങ്ങി. ക്രിസ്തീയമായ ബാലശിക്ഷയുടെ പാത ഒഴിവാക്കുന്നത് ഒരു ‘ക്രെഡിറ്റ്’ ആയിട്ടാണ് ഇക്കാലത്ത് പല മാതാപിതാക്കളും കരുതുന്നത്. ഹോൺ തീർത്തും ഉപയോഗിക്കാതെ വാഹനം ഓടിക്കുന്നത് ഒരു വലിയ മിടുക്കാണെന്നു ചിന്തിച്ച് വളരെ ഞെരുങ്ങി പ്രയാസപ്പെട്ട് വണ്ടി ഓടിക്കുന്നവരെപ്പോലെയാണവർ.

എന്നാൽ ദൈവവചനം നൽകുന്ന നിർദ്ദേശങ്ങൾ പകൽപോലെ തെളിവുള്ളവയാണ്. “വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകയ്ക്കുന്നു; അവനെ





സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു”(സദൃ.13:24). അതേ, ബാലശിക്ഷയ്ക്ക് വടി ഉപയോഗിക്കുന്നത് പക്വമായ, വിവേകപൂർണ്ണമായ സ്നേഹത്തിന്റെ അടയാളമാകുന്നു. കേവലം മനോവികാരപരമായ(sentimental)സ്നേഹമാണ് നിങ്ങൾക്കുള്ളതെങ്കിൽ വടി ഒഴിവാക്കാനായിരിക്കും നിങ്ങൾ ആഗ്രഹിക്കുക. അത്തരം വികാരതരളതയിലാണ് നിങ്ങളുടെ സ്നേഹം അധിഷ്ഠിതമായിരിക്കുന്നതെങ്കിൽ വാസ്തവത്തിൽ നിങ്ങൾ മക്കളെദ്വേഷിക്കുന്നവരാണ്-സ്നേഹിക്കുന്നവരല്ല.

ബാലശിക്ഷയിൽ വടിയുടെ പ്രയോഗം സംബന്ധിച്ച് ബൈബിൾ എത്രയും ശക്തമായ, കർശനമായ, പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. വടി ഉപയോഗിക്കാതെ മൃദുവായും അയഞ്ഞ മട്ടിലും മക്കളെ വളർത്താൻ ആഗ്രഹിക്കുന്നവർ ആപൽസാധ്യതയിലാണ്. ദൈവികനിയമങ്ങൾക്കും ശിക്ഷണങ്ങൾക്കും എതിരെയുള്ള ആന്തരികമായ മറുതലിപ്പിനെയാണത് സൂചിപ്പിക്കുന്നത്; ദൈവകോപം,നിത്യശിക്ഷാവിധി, ന്യായാധിപനായ ദൈവത്തോടുള്ള ഭയം ഇവയിലൊന്നും വിശ്വാസമില്ലാത്ത ഒരു നിശ്ചിന്തമനോഭാവം!

കുഞ്ഞുങ്ങൾക്കു ലഭിക്കുന്ന ബാലശിക്ഷ ശരിയായ വിധത്തിലും മനോഭാവത്തിലും ഉള്ളതാണെങ്കിൽ അതു വളരെ ഫലം ചെയ്യും. അതു ശരീരത്തിൽ വേദനയോ പാടുകളോ ഉളവാക്കുമെങ്കിലും അതിലുപരിയായി അവരുടെ മനസ്സാക്ഷിയെ ഉണർത്തുകയും മൂർച്ചയുള്ളതാക്കിത്തീർക്കുകയും ചെയ്യും. തങ്ങളുടെ മേൽ നീതിമാനായ ഒരു ന്യായാധിപതിയും ലംഘിക്കാവതല്ലാത്ത ഒരു നിയമവും ധാർമ്മികാധികാരവും ഉണ്ടെന്ന ബോധ്യവും അവരിൽ ഉടലെടുക്കും. ശിക്ഷയുടെ ശാരീരികവേദന ഒരിക്കലും മക്കൾക്കു പിതാവിനോടുള്ള ധാർമ്മിക-സ്നേഹബന്ധത്തെ അലിയിച്ചുകളയുന്നില്ല; പ്രത്യുത, ഉറപ്പായി സ്ഥാപിക്കുകയത്രേ ചെയ്യുന്നത്. വളരെ കർക്കശക്കാരും കഠിനമായി ശിക്ഷിക്കുന്നവരുമായ പിതാക്കന്മാർ മക്കളാൽ ഏറ്റവും അധികം സ്നേഹിക്കപ്പെടുന്നുവെന്ന സത്യം ഈ വസ്തുതയെ ശരിവയ്ക്കുന്നു

ബാലശിക്ഷ നൽകുന്നതിനു വടി നന്നായി ഉപയോഗിച്ചിട്ടുള്ള കൂട്ടത്തിലാണീ ലേഖകൻ. തിരുവനന്തപുരം പ്ലാമൂട് ഭാഗത്തുള്ള ചൂരൽ ഫർണീച്ചർകടകൾ 1990-കളിൽ ഇടയ്ക്കിടെ സന്ദർശിച്ചതോർക്കുന്നു. വിവിധ പ്രായക്കാരായ കുട്ടികൾക്ക് ചെറുതും വലുതുമായവിവിധയിനം ചൂരൽവടികൾ തികച്ചും ന്യായമായ വിലയ്ക്കാണവർ വിൽപന നടത്തിയിരുന്നത്. ‘പ്ലാമ്മൂട്-ചൂരലു’കളുടെ ചൂടും രുചിയും ഞങ്ങളുടെ വീട്ടിൽ ഏറ്റവും കൂടുതൽ അനുഭവിച്ചറിഞ്ഞിട്ടുള്ളത് എന്റെ മൂത്ത മകനാണ്. രണ്ടു വർഷം മുമ്പ് അവനെനിക്കയച്ച ജന്മദിനആശംസാകാർഡിൽ എഴുതിയിരുന്നതെന്താണെന്ന് ഊഹിക്കാമോ? “ഈ ലോകത്തിൽ ലഭിക്കാവുന്നതിൽവച്ച് ഏറ്റവും നല്ല ഡാഡി.....”! ആശ്ചര്യകരം തന്നെ.(ആത്മപ്രശംസ സദയം ക്ഷമിക്കുക)

അടിയുടെ ശാരീരികവേദന പെട്ടെന്നു മാറിപ്പോകും; എന്നാൽ അതിലൂടെ ലഭിച്ച ഗൗരവപാഠങ്ങൾ കുട്ടിയുടെ മനസ്സിൽ തങ്ങിനില്ക്കും. ഇനിയൊരവസരത്തിൽ ഇതേ തെറ്റു ചെയ്യാതിരിക്കാൻ അവനു ശക്തി പകരും.

കുഞ്ഞുങ്ങളെ വടികൊണ്ടടിച്ചാൽ, അവർക്കു വേദനിച്ചാൽ, ഉടനെ അവർ വീടുവിട്ട് ഇറങ്ങിപ്പോയ്ക്കളയും അല്ലെങ്കിൽ പ്രതികാരബുദ്ധി നിറഞ്ഞവരായിത്തീരും എന്നൊക്കെ മറ്റാരെങ്കിലും പറഞ്ഞാൽ പെട്ടെന്നു വിശ്വസിച്ചുപോകരുത്.; അതൊന്നുമല്ല വാസ്തവം. ദൈവവചനം അനുശാസിക്കുന്നത് എന്തോ-അത് അപ്പാടെ വിശ്വസിക്കുക, പ്രയോഗത്തിലാക്കുക, എങ്കിൽ പിന്നീടൊരിക്കലും നിങ്ങൾക്കു ഖേദിക്കേണ്ടിവരികയില്ല. വടി

യെങ്കിൽ വടി; അടിയെങ്കിൽ അടി-ഒപ്പം സ്നേഹവും കരുതലും പ്രാർത്ഥനയും. അപ്പോൾ"നിന്റെ മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും നിന്റെ മക്കളുടെ സമാധാനം വലിയതുമായിരിക്കും"(യെശയ്യാ.54:13).

## വടിയും ദൈവഭയവും:

വടി ഉപയോഗിച്ച് ബാലശിക്ഷ കഴിക്കുമ്പോൾ രണ്ടു സംഗതികൾ അതിൽ ഉൾക്കൊണ്ടിരിക്കുന്നു-സ്നേഹവും ഭയവും. പിതാവായ ദൈവത്തോടുള്ള നമ്മുടെ മനോഭാവവും ഈ രണ്ടു കാര്യങ്ങളിൽ അധിഷ്ഠിതമായിരിക്കണം. സ്നേഹനിധിയായ സ്വർഗ്ഗീയപിതാവിനെ നാം സ്നേഹിക്കുന്നു-അതുകൊണ്ട് നമ്മുടെ ഇഷ്ടം പോലെ ചെയ്യാം, പ്രവർത്തിക്കാം എന്നു നാം കരുതുന്നില്ല. അവിടുത്തെ കല്പനകൾ(ഹിതം) ലംഘിക്കുന്ന ഒരു ഘട്ടം വന്നെത്തുമ്പോൾ നമ്മിൽ ഭയവും ബഹുമാനവും ആദരവും ഉയർന്നുവരണം. 'ഇല്ല, എനിക്കിതു ചിന്തിക്കാൻ, സംസാരിക്കാൻ,ചെയ്യാൻ അനുവാദമില്ല' എന്നീ വിധമായ ആരോഗ്യകരമായ ദൈവഭയം നമുക്കാവശ്യമാണ്. കുഞ്ഞുങ്ങൾ മാതാപിതാക്കളെ അനുസരിക്കേണ്ടതും സ്നേഹം, ഭയം എന്നീ ദ്വിവിധ ഘടകങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം.

യിസ്രായേൽജനതയുടെ ദൃഷ്ടാന്തം നോക്കുക. ഒരു ശ്രേഷ്ഠജനത എന്ന നിലയിൽ ഇന്നേവരെയുള്ള അവരുടെ നിലനിൽപ് ദൈവത്തെ സ്നേഹിക്കുക, ഭയപ്പെടുക എന്നീ ഇരട്ടക്കല്പനകളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. "യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ. നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം"(ആവ.6:4-5,13). അമ്മയപ്പന്മാരോടുള്ള മക്കളുടെ മനോഭാവം സംബന്ധിച്ചും ഇവ വേർപിരിക്കാനാവാത്ത കല്പനകൾ തന്നെ.

യേശുവും തന്റെ പരസ്യശുശ്രൂഷയുടെ കാലത്ത് ശാസ്ത്രിമാരോടും പരീശന്മാരോടും വളരെ കടുത്ത ഭാഷയിൽ സംസാരിക്കുന്നതായി നാം കാണുന്നു. "നിങ്ങൾക്കു ഹാ കഷ്ടം..." എന്നിങ്ങനെ ഏഴു തവണ ഭയം ജനിപ്പിക്കത്തക്ക വിധത്തിൽ ശാസനാരൂപേണ യേശു അവരോട് പ്രസംഗിക്കുകയാണ്(മത്താ.23:13-33). ആരോഗ്യകരമായ ദൈവഭയം നിറഞ്ഞ ഹൃദയത്തിനുടമകളായി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നുവരണം.

പുതിയനിയമത്തിലും സ്നേഹവും ഭക്തിയും ചേർന്നുപോകണം എന്നുള്ള ആശയമാണ് നമുക്കു ലഭിക്കുന്നത്.."അങ്ങനെ യഹൂദ്യ,ഗലീല്യ,ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും....സഭ ആത്മീയവർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിലും(ഭയം)....പെരുകിക്കൊണ്ടിരുന്നു(അപ്പോ.9:31).

"കൊർന്നേല്യോസ് ഭക്തനും തന്റെ സകലഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായിരുന്നു."(പ്രവ.10:2)

"വിശ്വാസത്താൽ നീ നില്ക്കുന്നു, ഞെളിയാതെ ഭയപ്പെടുക"(റോമ.11:20)

"പ്രിയമുള്ളവരേ.... നാം നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക"(2കൊരി.7:1).

"നിങ്ങളുടെ പ്രവാസകാലം (ദൈവ)ഭയത്തോടെ കഴിക്കുവിൻ(1പത്രോ.1:17).

ഇവിടെ നാം ശ്രദ്ധിക്കേണ്ട കാര്യം, പിതാവായ ദൈവം തന്റെ മക്കളായ നമുക്ക് ബാലശിക്ഷ നല്കുന്നത് നമ്മുടെ ഉള്ളിൽ തന്നോടുള്ള ഭയം ഉണർത്തിക്കൊണ്ടാകുന്നു എന്നതാണ്. എബ്രായർ.12:5-11 ഭാഗത്ത് കർത്താവിന്റെ ബാലശിക്ഷയെക്കുറിച്ചും ശാസനയെക്കുറിച്ചും താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നതിനെക്കുറിച്ചുമെല്ലാം പ്രതിപാദിച്ച ശേഷം ദൈവഭയത്തിലാണ് അദ്ധ്യായം





അവസാനിക്കുന്നത്.

"ആകയാൽ...നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്യുക.. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ."(എബ്രാ.12:28-29). മക്കളുടെ ഉള്ളിൽ ഭയം അങ്കുരിപ്പിക്കുന്ന ഈ സ്വർഗ്ഗീയപിതാവ് തന്റെ സ്നേഹവാത്സല്യങ്ങൾ തെല്ലും കുറച്ചുകളയുന്നില്ല. സത്യത്തിൽ സ്നേഹം വർദ്ധിക്കാനുള്ള ഒരു രാസത്വരകം(catalist) പോലെയാണ് ഭയം ഇവിടെ പ്രവർത്തിക്കുന്നത്.

ഏറ്റവും അധികം ദൈവത്തെ ഭയപ്പെടുന്നവനാണ് അത്യധികമായി അവിടുത്തെ സ്നേഹിക്കുന്നതും. ഒടുവിൽ ഈ സ്നേഹം അതിന്റെ പൂർണ്ണതയിലേക്കു വളർന്നുവരുമ്പോൾ തികഞ്ഞ സ്നേഹം ഭയത്തെ (ഭീരുത്വത്തെ)പുറത്താക്കിക്കളയും(1യോഹ.4:18). മക്കൾ മുതിർന്നുകഴിഞ്ഞാൽ പിന്നെ ബാലശിക്ഷയ്ക്ക് ആവശ്യമില്ലല്ലോ-പിന്നെ സ്നേഹവും അതോടു ചേർന്നുള്ള ബഹുമാനവും ആദരവും രംഗം കൈയടക്കുകയായി. സർവ്വസമ്പൂർണ്ണനായ നമ്മുടെ സ്വർഗ്ഗീയപിതാവ് തന്റെ മക്കളിൽനിന്നു സ്നേഹവും ഭയവും ആവശ്യപ്പെടുന്നെങ്കിൽ നാമും നമ്മുടെ കുഞ്ഞുങ്ങളോട് അതേ കാര്യം തന്നെ ആവശ്യപ്പെടേണ്ടിയിരിക്കുന്നു.

## കുറ്റബോധം കൈവെടിയുക:

മക്കളെ ശിക്ഷണത്തിൽ വളർത്തുക എന്ന ഉത്തരവാദിത്തം ഏറ്റെടുത്തിട്ടുള്ള മാതാപിതാക്കളായ നാം ഒരു യാഥാർത്ഥ്യം അംഗീകരിക്കേണ്ടതുണ്ട്.-നാമാരും ഇതുവരെ എല്ലാം തികഞ്ഞ സമ്പൂർണ്ണതയുടെ നിലവാരത്തിലെത്തിയിട്ടില്ല! കാര്യങ്ങൾ അംശമായി അഥവാ ഭാഗികമായി മാത്രമേ നമുക്കറിയൂ. അതുകൊണ്ടുതന്നെ ശിക്ഷണപ്രക്രിയയുമായി മുന്നോട്ടുപോകുമ്പോൾ ചിലപ്പോഴെങ്കിലും നമുക്ക് പിഴവുകൾ സംഭവിക്കാം. വാസ്തവം ഗ്രഹിക്കാതെ അകാരണമായി ശിക്ഷ നല്കിയെന്നു വരാം; പെട്ടെന്നുണ്ടായ കോപത്തിൽനിന്ന് അഥവാ അതിരുവിട്ട നീതിബോധത്തിൽ നിന്നു ശിക്ഷിച്ചെന്നു വരാം..

ഇത്തരം സാഹചര്യത്തിൽ നിരാശപ്പെട്ടുപോകാനോ അഥവാ കുറ്റബോധം നിറഞ്ഞവരാകാനോ നാം പരീക്ഷിക്കപ്പെടാം. എന്നാൽ അതിന്റെ ആവശ്യമില്ല. അകാരണമായോ അസ്വസ്ഥതയിൽനിന്നോ ആണ് കുട്ടിയെ ശിക്ഷിച്ചതെങ്കിൽ അതെപ്പറ്റി വ്യക്തത ലഭിക്കുമ്പോൾ അനുതപിച്ച് ദൈവമുമ്പാകെ കുറ്റം ഏറ്റുപറയുക; കുഞ്ഞിനോടും ക്ഷമ ചോദിക്കുക. അതോടെ ആ പ്രശ്നം അവസാനിച്ചു-നിങ്ങൾക്ക് ഒരു നല്ല മനസ്സാക്ഷിയോടെ വീണ്ടും നിങ്ങളുടെ ഉത്തരവാദിത്തങ്ങളുമായി മുന്നോട്ടുപോകാം.

"പാവം കുഞ്ഞിനെ അടിച്ചു ഞാൻ വല്ലാതെ വേദനിപ്പിച്ചു; വേദനിച്ച്, ഏങ്ങലടിച്ചുകരയുന്ന അവന്റെ ശാപം എന്റെ മേൽ വരാതിരിക്കില്ല...."ഇങ്ങനെ ഭയപ്പെടുന്ന, അകാരണമായ കുറ്റബോധത്തിന്

> **"പാവം കുഞ്ഞിനെ അടിച്ചു ഞാൻ വല്ലാതെ വേദനിപ്പിച്ചു; വേദനിച്ച്, ഏങ്ങലടിച്ചു കരയുന്ന അവന്റെ ശാപം എന്റെ മേൽ വരാതിരിക്കില്ല...."ഇങ്ങനെ കുറ്റബോധത്തിന് അടിമകളായ മാതാക്കൾ നിരവധിയുണ്ട്.; പിതാക്കളും. എന്നാൽ അനാവശ്യമായ ഇത്തരം കുറ്റബോധത്തിൽനിന്നു നിങ്ങൾ വിടുവിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ചെയ്യുന്ന കാര്യം(ബാലശിക്ഷ നൽകൽ) തികച്ചും ദൈവഹിതപ്രകാരമുള്ളതാണെന്നും അപ്രകാരം ചെയ്യാതിരുന്നാൽ നിങ്ങളെ കുറ്റക്കാരായി അവിടുന്ന് പ്രഖ്യാപിക്കും എന്നും ഓർക്കുക.**

അടിമകളായ മാതാക്കൾ നിരവധിയുണ്ട്.; പിതാക്കളും. എന്നാൽ അനാവശ്യമായ ഇത്തരം കുറ്റബോധത്തിൽനിന്നു നിങ്ങൾ വിടുവിക്കപ്പെടേണ്ടിയിരിക്കുന്നു. നിങ്ങൾ ചെയ്യുന്ന കാര്യം(ബാലശിക്ഷ നൽകൽ) തികച്ചും ദൈവഹിതപ്രകാരമുള്ളതാണെന്നും അപ്രകാരം ചെയ്യാതിരുന്നാൽ നിങ്ങളെ കുറ്റക്കാരായി അവിടുന്ന് പ്രഖ്യാപിക്കും എന്നുമുള്ള വ്യക്തമായ തിരിച്ചറിവാണ് നിങ്ങൾക്കാവശ്യം. നിങ്ങളുടെ മക്കൾ അനുസരണക്കേട്, ദുശ്ശാഠ്യം, ദൈവഭയമില്ലായ്മ എന്നിത്യാദി ഗൗരവമായ തെറ്റുകൾ ചെയ്യുമ്പോൾ അവരെ നിങ്ങൾ വടി ഉപയോഗിച്ച് നന്നായി ശിക്ഷിക്കണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു. അത് കുറ്റബോധത്തോടെയല്ല, സ്വന്തം ഉത്തരവാദിത്തം നിറവേറ്റുകയാണെന്ന സന്തോഷത്തോടെയാണ് ചെയ്യേണ്ടത്.

## വടി-പ്രാർത്ഥനാപൂർവ്വം:

വളരെ കരുതലോടും പ്രാർത്ഥനയോടും കൂടെ മാത്രമേ വടി പ്രയോഗിക്കാവൂ. കുഞ്ഞുങ്ങളുടെ സ്വഭാവം സംബന്ധിച്ച സകല പ്രശ്നങ്ങളും പരിഹരിക്കാനുള്ള ഒറ്റമൂലിയല്ല വടി എന്നോർക്കുക. വടി ആവശ്യമില്ലാത്തതും പ്രയോഗിച്ചുകൂടാത്തതുമായ മേഖലകളും ഉണ്ട്.

എപ്പോഴൊക്കെയാണ് വടി ഉപയോഗിക്കേണ്ടത്? പൊതുവായി പറഞ്ഞാൽ അനുസരണക്കേട്, മത്സരമനോഭാവം(rebellion) ദുശ്ശാഠ്യം (stuborness),മനഃപൂർവ്വമായ നിഷേധം (wilful defiance),ദൈവികകാര്യങ്ങളോടും മുതിർന്നവരോടും അനാദരവ്കാട്ടൽ എന്നിത്യാദി നേരിടാനാണ് വടി ആവശ്യമായിരിക്കുന്നത്. ഇത്തരം തെറ്റുകൾക്ക് കർശനമായ ശിക്ഷ ലഭിക്കുമെന്ന് കുഞ്ഞുങ്ങളോട് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ് ബോധ്യപ്പെടുത്തണം. ഇവയ്ക്കാധാരമായ തിരുവചനഭാഗങ്ങളും കുടുംബപ്രാർത്ഥനാവേളകളിലോ മറ്റോ അവരെക്കൊണ്ട് വായിപ്പിച്ച് വ്യക്തമാക്കിക്കൊടുക്കണം.

എന്നാൽ വടികൊണ്ടുള്ള ശിക്ഷ ആവശ്യമില്ലാത്ത പലതെറ്റുകളുമുണ്ട്. മാതാപിതാക്കൾ ഇവയെ ശിക്ഷാർഹമായതിൽനിന്നു വേറിട്ടറിയേണ്ടത് വളരെ പ്രധാനം തന്നെ. ബാലിശമായ പെരുമാറ്റം,(chidish behaviour) കുസൃതിത്തരങ്ങൾ, അബദ്ധങ്ങൾ, കൈപ്പിഴകൾ, കാര്യങ്ങൾ മറന്നുപോകുന്നത്, പരീക്ഷയിൽ മാർക്കു കുറഞ്ഞുപോകുന്നത് ഇത്യാദി. ഇവയ്ക്കു യുക്തംപോലെ ശാസനയോ താക്കീതോ ഒക്കെ നൽകിയാൽ മതിയാകും-വടിയുടെ ആവശ്യമില്ല.

കുട്ടികളുടെ പ്രായത്തിനും പ്രാപ്തിക്കുമനുസരിച്ച് ഓരോ കാര്യങ്ങളും അവരെ വിശ്വസിച്ച് ഭരമേൽപിക്കണം. ഉദാഹരണമായി: സ്കൂളിൽ ഫീസടയ്ക്കുക, ബാങ്കിൽ പോയി പണമടയ്ക്കുക അഥവാ ചെക്കു മാറി പണമാക്കുക, പാത്രങ്ങൾ കഴുകി വൃത്തിയാക്കുക, വീട്ടിലെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുക, കടയിൽനിന്നു സാധനങ്ങൾ വാങ്ങുക ഇത്യാദി. നഷ്ടസാധ്യത(risk)മുമ്പിൽ കണ്ടേ ഇത് ചെയ്യാനാകൂ. ചിലപ്പോൾ പണം നഷ്ടമായെന്നു വരാം, ചിലപ്പോൾ പാത്രം താഴെ വീണ് പൊട്ടിയെന്നു വരാം, ഉപകരണം കേടായെന്നു വരാം...എന്നാൽ ഇവിടെയൊന്നും വടിയുടെ/ശിക്ഷ ആവശ്യമില്ല. കരുണയും സ്നേഹവും പ്രോത്സാഹനവും ചെറിയ താക്കീതുകളും മതിയാകും. ഭാവിയിൽ അവർ കാര്യങ്ങൾ മെച്ചമായി ചെയ്തുകൊള്ളും.

അബദ്ധവശാൽ സംഭവിച്ച തെറ്റ് കുട്ടി ഒരു പതിവാക്കുന്നപക്ഷം അവൻ അനുസരണക്കേടിന്റെ/ധിക്കാരത്തിന്റെ മേഖലയിലേക്ക് കടക്കുകയാണ്. വല്ലപ്പോഴും കുഞ്ഞിന്റെ കയ്യിൽനിന്നും പാൽ തൂകിപ്പോകാൻ ഇടയായാൽ അപ്രകാരം ഇനി ആവർത്തിക്കരുത് എന്നു താക്കീത് നല്കുക; ശരിയായി ഗ്ലാസ് പിടിക്കാൻ പഠിപ്പിക്കുക. എന്നാൽ തുടർച്ചയായി നാലഞ്ചു പ്രാവശ്യം ഇതാവർത്തിക്കുന്ന





പക്ഷം നിങ്ങൾ വടി ഉപയോഗിക്കേണ്ടിവരും-കാരണം, അവൻ ശാസനയെ കാര്യമാക്കുന്നില്ല, കൂട്ടാക്കുന്നില്ല. മേലധികാരത്തിനെതിരായി കുട്ടിയുടെ ഉള്ളിൽ ഉയർന്നുവരുന്ന ‘സ്വന്ത ഇഷ്ട’ (selfwill)ത്തിനെതിരെയാണ് വടി പ്രയോഗിക്കപ്പെടേണ്ടത്.

ശിക്ഷണനടപടികൾ-വിശേഷാൽ വടിയുടെ പ്രയോഗം-സ്വീകരിക്കുമ്പോൾ മാതാപിതാക്കൾ അതു ഗൗരവബോധത്തോടെ ചെയ്യണം; ചിരിച്ചുകൊണ്ടും തമാശരൂപത്തിലും ആകരുത്. വടി ഓങ്ങിയാൽ പോരാ, വെറുതെ വടികൊണ്ട് കൊട്ടുകയോ തട്ടുകയോ ചെയ്യുന്നതും പോരാ. അങ്ങനെ ചെയ്യുന്നത് ദൈവികപദ്ധതിയെ പരിഹസിക്കലാണ്. ശിക്ഷണപ്രക്രിയയിൽ നിങ്ങൾക്ക് ഉറച്ച നിലപാട് ആവശ്യമാണ്. കാലക്രമേണ കുഞ്ഞുങ്ങൾക്ക് നിങ്ങളോടുള്ള ബഹുമാനം വർദ്ധിക്കും, സംശയം വേണ്ടാ.

ബാലശിക്ഷ നൽകുന്നതു സംബന്ധിച്ച് മാതാവും പിതാവും ഒറ്റക്കെട്ടായി നില്ക്കേണ്ടതും ആവശ്യമാണ്. പല ഭവനങ്ങളിലുംപിതാവ് വടി എടുക്കുമ്പോൾ മാതാവ് തടസ്സം പിടിച്ചുകൊണ്ട് രംഗത്തെത്തും. ഫലമോ? മക്കൾ ശിക്ഷണം ലഭിക്കാതെ രക്ഷപെടും. തത്ക്കാലം അടി വാങ്ങാതെ അവർ രക്ഷപെട്ടേക്കാമെങ്കിലും ഭാവിയിൽ അവർ നഷ്ടം പറ്റിയവരാകും എന്നറിക. അമ്മയപ്പന്മാർക്കിടയിൽ ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാം എന്നാലത് കുഞ്ഞുങ്ങളുടെ മുമ്പിൽ പ്രകടിപ്പിക്കാൻ പാടില്ല; ഇരുവരും തനിയേ ഇരുന്നു കാര്യങ്ങൾ സംസാരിച്ച് ധാരണയിലെത്തുകയാണ് വേണ്ടത്.

ഓരോ തെറ്റിനും അപ്പോഴപ്പോൾ ശിക്ഷ നല്കുകയെന്നത് അപ്രായോഗികവും അനാവശ്യവുമാണ്. ഇക്കാര്യത്തിൽ മുതിർന്നവർ കുഞ്ഞുങ്ങളോട് തെല്ല് സഹിഷ്ണുത കാട്ടണം.ഇടയ്ക്കിടെ ശാസനയും താക്കീതും നല്കുക; വടിയെടുക്കും എന്ന മുന്നറിയിപ്പും ചിലപ്പോൾ നല്കുക. ഇപ്രകാരം ശിക്ഷകൾ ‘കൂട്ടിവയ്ക്കാൻ’ കഴിയും. ചില ദിവസങ്ങൾക്കുശേഷം പറ്റിയ ഒരു സമയം വരമ്പോൾ എല്ലാം ചേർത്ത് ശിക്ഷ നൽകുകയുമാകാം. ദൈവം മുൻകാലങ്ങളിൽ യിസ്രായേൽജനതയോടും വിജാതീയരായ മറ്റു ജനങ്ങളോടും അവലംബിച്ചതും ഇന്നു നമ്മോട് അവലംബിക്കുന്നതും ഈ മാർഗ്ഗം തന്നെയല്ലേ? ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി അവിടുന്നു തൽക്ഷണം നല്കുന്നില്ലല്ലോ( സഭാപ്ര.8:11). എന്നാൽ ദൈവം അവയൊന്നും മറന്നുകളയുന്നില്ല. അവരുടെ സകലപ്രവൃത്തികളെയും ഹൃദയരഹസ്യങ്ങളെയും അവിടുന്ന് ഒരുനാൾ ന്യായം വിധിക്കുക തന്നെ ചെയ്യും.

ശിക്ഷ നൽകുന്നതിനു മുമ്പ് ഏതു കാരണത്താലാണ് ശിക്ഷിക്കാൻ പോകുന്നതെന്ന് അവർക്ക് മനസ്സിലാകുന്ന വിധത്തിൽ നിശ്ചയമായും കുട്ടികളെ ഗ്രഹിപ്പിച്ചിരിക്കണം. അല്ലാത്തപക്ഷം അകാരണമായി ശിക്ഷിക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകുകയും അത് അമ്മയപ്പന്മാർക്കെതിരായ മത്സരചിന്ത അവരുടെ മനസ്സിൽ ഉണർത്തിവിടുകയും ചെയ്യും.

## സംക്ഷേപം:

ആരോഗ്യകരമായ ബാലശിക്ഷയുടെ അടിസ്ഥാനം കോപമല്ല, സ്നേഹമാണ്. വടിയുടെഉപയോഗം വളരെ പ്രാധാന്യമർഹിക്കുന്നു-കാരണം അത് ദൈവികപദ്ധതിയാണ്. മനോവികാരപരമായ സ്നേഹം വടിയെ ഒഴിവാക്കാൻ ശ്രമിക്കും. ഹൃദയത്തിൽ ദൈവഭയവും ഒപ്പം സ്നേഹവും അങ്കുരിപ്പിക്കുകയാണ് വടിയുടെ ഉദ്ദേശ്യം. കുറ്റബോധം കൂടാതെ നല്ല മനസ്സാക്ഷിയോടെ മക്കൾക്കു ബാലശിക്ഷ നൽകണം-അതു ദൈവം നല്കിയ ഉത്തരവാദിത്തമാണ്. എല്ലാ തെറ്റുകൾക്കും വടികൊണ്ടുള്ള ശിക്ഷ ആവശ്യമില്ല.-ലഘുവായ കുറ്റങ്ങൾക്കു താക്കീതുകൾ മതിയാകും. (തുടരും)

വിശുദ്ധരുടെ കാലൊച്ച

# ഡബ്ല്യൂ ഇ സാംഗ്സ്റ്റർ: കൃപയുടെ സാക്ഷ്യം

"**സ്നേ**ഹബന്ധത്തിനായുള്ള നമ്മുടെ കഴിവിനെ യേശുക്രിസ്തു വർദ്ധിപ്പിക്കുന്നു. അവിടുന്ന് നമ്മുടെ സ്നേഹം വർദ്ധിപ്പിച്ച്, മറ്റുള്ളവരിലേക്ക് ഔദാര്യമനസ്സോടെ നമ്മുടെ ചിന്തകളെ തിരിക്കുകയും, നമ്മുടെ സ്വാഭാവിക പ്രകൃതത്തിന് അതീതമായ ഒരു വശ്യത നമ്മിൽ ഉളവാക്കുകയും ചെയ്യുന്നു. 'കാരിസ്' എന്ന ഗ്രീക്കുപദം പുതിയനിയമത്തിൽ കൃപ എന്നു പൊതുവേ പരിഭാഷപ്പെടുത്തിയിരിക്കുന്നു എങ്കിലും 'വശ്യത' എന്നൊരർത്ഥവും ആ പദത്തിനുണ്ട്. കർത്താവായ യേശുക്രിസ്തുവിന്റെ കൃപ അഴകില്ലാത്ത പാപികൾക്ക് വശ്യത പകരുന്നു എന്നതാണ് സത്യം. അവരെ അകമേ പ്രകാശമുള്ളവരാക്കുന്നു. മറ്റുള്ളവരെപ്പറ്റി ഏറ്റവും മോശമായത് വിശ്വസിച്ചിരുന്ന സ്ഥാനത്ത് അവരെപ്പറ്റി ഏറ്റവും ഉത്തമമായതു വിശ്വസിപ്പാൻ പ്രാപ്തരാക്കുകയാണ് ക്രിസ്തു ചെയ്തത്."



മുകളിൽപ്പറഞ്ഞ കാര്യങ്ങൾ പ്രസ്താവിച്ച മനുഷ്യൻ വിശുദ്ധിയിൽ വിശ്വസിച്ചിരുന്നു എന്നത് നിസ്തർക്കമാണ്. ഇതിനേക്കാൾ മെച്ചമായ ഒരു വിവരണം വിശുദ്ധിക്കു നൽകാൻ ബുദ്ധിമുട്ടാണ്. 1940-1950 കാലഘട്ടങ്ങളിൽ ലണ്ടനിൽ പ്രസംഗിച്ചിരുന്ന പ്രസിദ്ധനായ ക്രിസ്തീയപ്രസംഗകനായിരുന്ന ഡബ്ല്യൂ ഈ സാംഗ്സ്റ്റർ(1900-1960) പ്രസ്താവിച്ചതാണ് മുകളിൽ ഉദ്ധരിച്ച വാക്കുകൾ.

ആയിരത്തിത്തൊള്ളായിരാം ആണ്ടിൽ ലണ്ടനിൽ ജനിച്ചുവളർന്ന സാംഗ്സ്റ്റർ സുറേയിലെ റിച്ച്മണ്ട് കോളജിൽ ആണ് പഠിച്ചത്. ഒന്നാം ലോകമഹായുദ്ധകാലത്ത് പട്ടാളസേവനം ചെയ്ത അദ്ദേഹം 1926 ൽ മെഥോഡിസ്റ്റ് സഭയുടെ ശുശ്രൂഷകനായി നിയമിതനായി. ലിവർപൂൾ, ലീഡ്സ് തുടങ്ങിയ നിരവധി ഇംഗ്ലീഷ്പട്ടണങ്ങളിൽ ശുശ്രൂഷിച്ചശേഷം ലണ്ടനിലെ വെസ്റ്റ്മിനിസ്റ്റർ പള്ളിയിലേക്ക് മടങ്ങിവന്ന സാംഗ്സ്റ്ററുടെ പ്രസംഗപാടവം വലിയ ജനാവലിയെ ആകർഷിക്കത്തക്കവണ്ണം ശക്തമായിരുന്നു. 1944-46 കാലയളവിൽ ലണ്ടനിലെ ഫ്രീചർച്ച് ഫെഡറേഷന്റെ പ്രസിഡന്റായും 1950ൽ മെഥോഡിസ്റ്റ് കോൺഫറൻസിന്റെ അദ്ധ്യക്ഷനായും അദ്ദേഹം സേവനം അനുഷ്ഠിക്കുകയുണ്ടായി.

ജോൺ വെസ്ലിയുടെ കൃതികൾ നല്ലവണ്ണം പഠിച്ചിരുന്ന സാംഗ്സ്റ്റർ ആ വലിയ ഉണർവ്വുപ്രസംഗകന്റെ അനുയായിയായി സ്വയം കരുതിയിരുന്നു. വെസ്ലിയുടെ വിശുദ്ധിയെപ്പറ്റിയുള്ള ഉപദേശത്തിന്റെ ശക്തനായ വക്താവായിരുന്നു അദ്ദേഹം. സാംഗ്സ്റ്ററുടെ ഗവേഷണപ്രബന്ധം ജോൺവെസ്ലിയുടെ വിശുദ്ധിയുടെ ഉപദേശത്തെക്കുറിച്ചുള്ള പഠനമായിരുന്നു.'പൂർണ്ണതയിലേക്കുള്ള പാത' എന്ന പേരിൽ ഈ പ്രബന്ധം പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി.





സാംഗ്സ്റ്റർ കേവലം ഒരു ദൈവവചനപണ്ഡിതൻ മാത്രമായിരുന്നില്ല. ദൈവവചനപ്രഘോഷണം അദ്ദേഹത്തിന്റെ സുപ്രധാനമായ ദൗത്യമായിരുന്നു. 'പ്രസംഗകല'(craft of a sermon)എന്ന ഗ്രന്ഥത്തിൽ സുവിശേഷപ്രസംഗം കൈമാറുന്നതിന്റെ രഹസ്യം അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഒരിക്കൽ അദ്ദേഹത്തിന്റെ പ്രസംഗം കേട്ട ആർക്കും അദ്ദേഹത്തെ മറക്കാൻ കഴിയുമായിരുന്നില്ല. ആംഗ്ലിക്കൻ സഭയുടെ മുഖപത്രമായ ചർച്ച് ഓഫ് ഇംഗ്ലണ്ട് ന്യൂസ്പേപ്പറിന്റെ ഒരു ലേഖകൻ തന്റെ ജീവിതത്തിലെ സാംഗ്സ്റ്ററുടെ സ്വാധീനത്തെപ്പറ്റി ഇപ്രകാരമാണ് ഓർക്കുന്നത്: "അദ്ദേഹത്തിന്റെ പ്രഭാഷണം അതീവതാത്പര്യത്തോടെ ശ്രദ്ധിച്ചുകൊണ്ടിരുന്നപ്പോൾ, അനിർവാച്യമായ ഒരു സ്വാധീനശക്തി എന്നെ കീഴടക്കുന്നതായിത്തോന്നി..... മറ്റൊരു ലോകത്തിൽനിന്ന് വ്യത്യസ്തമായ ഒരു മണ്ഡലത്തിൽ നിന്നും വന്ന ഒരുവനെ ഞാൻ കേൾക്കുന്ന പ്രതീതി."

താഴെ ചേർക്കുന്ന രണ്ടു ഭാഗങ്ങളിൽ വ്യക്തിപരമായ വിശുദ്ധിയിലൂടെ ഉരുത്തിരിഞ്ഞുവരുന്ന പുതിയ ജീവിതത്തിന്റെ ചിത്രമാണ് സാംഗ്സ്റ്റർ നമുക്കു നൽകുന്നത്.

## ഇരട്ടക്കാഴ്ച

**യ**ഥാർത്ഥത്തിലുള്ള നിങ്ങൾ, ക്രിസ്തുവിന്റെ രൂപാന്തരപ്രവൃത്തിയുടെ അന്തിമഫലമായ നിങ്ങളാണ്. ഈ മണ്ണിൽ ഇഴയുവാനല്ല നിങ്ങളെ സൃഷ്ടിച്ചത്. പാപത്തിൽ വസിക്കാനല്ല നിങ്ങൾ പിറന്നത്. ദൈവം നിങ്ങളെ തനിക്കായിത്തന്നെ സൃഷ്ടിക്കുകയും വിശുദ്ധിക്കായുള്ള വാഞ്ഛ നിങ്ങളുടെ ഹൃദയത്തിന്റെ ഉള്ളറയിൽ നിക്ഷേപിക്കുകയും ചെയ്തു. കൂടെക്കൂടെ പരിശുദ്ധാത്മാവ് ഈ വാഞ്ഛ ജ്വലിപ്പിക്കുകയും വിശുദ്ധർക്കുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്ന ആ വിശാലതയിലേക്കു നിങ്ങളുടെ ഹൃദയത്തെ വെല്ലുവിളിക്കുകയും ചെയ്യുന്നു.

കുറെക്കാലം മുമ്പ് മൃഗശാല സന്ദർശിച്ചപ്പോൾ കഴുകന്മാരെ ഇട്ടിരുന്ന ഭീമാകാരമായ കമ്പിക്കൂടുകളുടെ അടുത്ത് നോക്കിനിൽക്കാനിടയായി. എന്തുകൊണ്ടോ കൂട്ടിൽ അടക്കപ്പെട്ട കഴുകന്റെ ദൃശ്യം എന്നെ വല്ലാതെ വേദനിപ്പിച്ചു. പക്ഷികളുടെ രാജാവിന്റെ വലിയ ചിറകുകൾ ശ്രദ്ധിച്ച ഞാൻ വിശാലമായ ആകാശത്ത് പറന്നുയരാൻ സൃഷ്ടിക്കപ്പെട്ട അവ കമ്പിയഴികൾക്കുള്ളിൽ ഞെരുങ്ങിക്കഴിയുന്നതുകണ്ട് അസ്വസ്ഥനായി.

നമ്മിൽ അനേകരും കഴുകനെപ്പോലെയാണ്. ആകാശത്ത് പറന്നുനടക്കേണ്ടവർ പാപത്തിന്റെ തടവറയിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. യേശു നമ്മെ കാണുമ്പോൾ നാം ഇപ്പോഴായിരിക്കുന്ന അവസ്ഥയിൽ കാണുന്നു; സത്യം. പക്ഷേ തന്റെ ഇരട്ടക്കാഴ്ചയാൽ നാം എന്തായിത്തീരാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ ആ ചിത്രവും അവിടുന്ന് കാണുന്നു.

ശിമോനെ നോക്കിയ യേശു പത്രോസിനെയും കണ്ടു. തർസോസുകാരനായ ശൗലിനെ നോക്കിയ

കർത്താവ് പൗലൊസിനെയും കണ്ടു. മ്ലേഛനായ ആഗസ്റ്റിനെ മാത്രമല്ല യേശു കണ്ടത്; വിശുദ്ധനായ ആഗസ്റ്റിനെയും അവിടുന്ന് കണ്ടു. ക്രിസ്തു നമ്മെ കാണുന്നതുപോലെ നമുക്കു നമ്മെ ഒന്ന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ! കർത്താവിനോടു ചേർന്നുനിന്ന് ആ ഇരട്ടക്കാഴ്ച നമുക്കും ലഭിച്ചിരുന്നെങ്കിൽ; ഇപ്പോഴായിരിക്കുന്ന നമ്മെ കാണുന്നതോടൊപ്പം ആയിത്തീരാൻ പോകുന്ന നമ്മെയും കൂടെ കാണാൻ കഴിഞ്ഞീരുന്നെങ്കിൽ!'ദൈവം ഉദ്ദേശിച്ച വ്യക്തിയായി' നിങ്ങളെ കാണാൻ തുടങ്ങുക. പ്രാർത്ഥിക്കുന്ന വേളയിലൊക്കെ ഭാവനയിൽ ആ ചിത്രം നിങ്ങളുടെ മനോമുകുരത്തിൽ തെളിയട്ടെ. മുഴങ്കാലിൽ നിൽക്കുമ്പോൾ ദൈവത്തിന് ആ മനോഹരരൂപമാക്കി നിങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയും എന്ന ചിന്ത ഹൃദയത്തെ ഭരിക്കട്ടെ. ദിനംതോറും പ്രാർത്ഥനയിൽ ഈ ചിന്തയിൽ മുഴുകിയാൽ നിങ്ങളുടെ വിശുദ്ധീകരിക്കപ്പെട്ട ഭാവനയെ നിങ്ങളെ ഉയർത്തുവാനായി ദൈവം ഉപയോഗിക്കും. യഥാർത്ഥത്തിൽ ആയിത്തീരേണ്ടത് നിങ്ങളുടെ ആദർശമായി മാറും. നിങ്ങൾക്ക് ഒരു പുതിയ പേര് ആവശ്യമാകുംവണ്ണം നിങ്ങളിൽ ഉണ്ടാകുന്ന രൂപാന്തരം അത്ര പ്രകടമായിരിക്കും. നൂറ്റാണ്ടുകൾക്കുമുമ്പ് തന്റെ പ്രിയപ്പെട്ട ശിഷ്യനോട് യേശു പറഞ്ഞ വാക്കുകൾ നിങ്ങളോടും അവിടുന്ന് പറയും: "നീ ശിമോനാകുന്നു.....നീ പത്രോസ്(പാറ) ആകും."

# വിചിത്രമായ കുലീനത്വം

**ഒ**രു കഴുതയ്ക്ക് യാതൊരു കുലീനതയും അവകാശപ്പെടാനില്ല. ഏതൊരു വീക്ഷണകോണിലൂടെ നോക്കിയാലും മനുഷ്യർ കല്പിക്കുന്ന 'മാന്യത' നാം കഴുതയിൽ കണ്ടെത്തുകയില്ല. വിലക്ഷണനായ, തന്നിഷ്ടക്കാരനായ, മന്ദബുദ്ധിയായ ഒരു മൃഗമാണ് കഴുത. കഴുതയുടെ സാന്നിദ്ധ്യമാണ് ക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള ഘോഷയാത്രയെ ഏറ്റവും വിചിത്രമാക്കുന്നത്. ജയാളിയായ ഒരു രാജാവ് ഒരു കഴുതപ്പുറത്തു കയറി ജയഘോഷയാത്ര നടത്തിയതായി ചരിത്രത്തിൽ മറ്റെവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ഈ ഘോഷയാത്ര കടന്നുപോകുമ്പോൾ യഹൂദനല്ലാത്ത ആരെങ്കിലും കണ്ടാൽ അവർക്കിതു രസകരമായിത്തോന്നാം. ഒരു സാധാരണ കഴുതയ്ക്ക് സുപ്രധാനമായ ഒരു സ്ഥാനം നല്കുകവഴി ഏതൊരു ഘോഷയാത്രയുടെയും മാന്യത നഷ്ടപ്പെട്ടിരിക്കും. എന്നാൽ യഹൂദനെ സംബന്ധിച്ചിടത്തോളം ആ നിലയിലല്ല അവർ അതിനെ കാണുന്നത്. യഹൂദന്റെ ഭാവനയിലെ തികഞ്ഞ പുരുഷൻ സമാധാനപുരുഷൻ ആയിരിക്കണം. മശിഹാ വരുമ്പോൾ സമാധാനപുരുഷനായി സൗമ്യനായി ഒരു കഴുതപ്പുറത്ത് വരുന്ന രാജാവിനെപ്പറ്റി അവർ കേട്ടിരുന്നു. കാഹളനാദത്തോടെ കുതിരപ്പുറത്ത് പ്രൗഢഗംഭീരനായി എഴുന്നെള്ളുന്ന ഒരു രാജാവിനെപ്പറ്റിയല്ല പ്രവാചകന്മാർ സൂചിപ്പിച്ചിരുന്നത്.

വിചിത്രമായ ആ ഘോഷയാത്ര ഞാൻ വീണ്ടും ശ്രദ്ധിക്കുമ്പോൾ കഴുത, ആ രാജകീയമായ എഴുന്നെള്ളത്ത് ഒരു വിധത്തിലും അലങ്കോലമാക്കിയില്ല എന്നു കണ്ടു. തന്റെ ഹീനമായ നിലവാരത്തിലേക്ക് കാര്യങ്ങളെ വലിച്ചുതാഴ്ത്താതെ ആ സന്ദർഭത്തിനൊത്ത് ഉയരുന്ന കഴുതയെ എനിക്കു കാണാൻ കഴിഞ്ഞു.. വിചിത്രമായ ഒരു കുലീനത്വം, തന്നെ തേടിയെത്തിയ പദവിയെപ്പറ്റി ശാന്തമായ ഒരു അവബോധം





ഇതൊക്കെ കഴുതയെ ഭരിച്ചു എന്നു പറയാം. ആ രംഗം പരിഹാസ്യമെന്ന് തോന്നാമെങ്കിലും തികച്ചും രാജകീയം തന്നെ! വിലക്ഷണനായ തന്നിഷ്ടക്കാരനായ വെറുക്കപ്പെട്ട മൃഗം, ദൈവപുത്രൻ തന്നെ തെരഞ്ഞെടുത്തു എന്നറിഞ്ഞ് തന്റെ ഉയർച്ചയിൽ സന്തോഷിക്കുന്നു. ഒരു ദൃഷ്ടാന്തം ഈ സംഭവത്തിൽ ഞാൻ കാണുന്നു.

സ്പർശിച്ചതിനൊക്കെ ക്രിസ്തു മാന്യത നല്കി. എത്ര വെറുക്കപ്പെട്ട മനുഷ്യനോ നിന്ദ്യമായ മൃഗമോ ആകട്ടെക്രിസ്തുവിന് അവരെക്കൊണ്ട് ആവശ്യമുണ്ട്. ഞാനതു വീണ്ടും പറയട്ടെ. എത്രയും സാധാരണക്കാരനായ വിദ്യാവിഹീനനായ, വിരൂപനായ, കുലശ്രേഷ്ഠതയില്ലാത്ത, കഴിവില്ലാത്ത, അറിയപ്പെടാത്ത മനുഷ്യനെയും കർത്താവിന് ആവശ്യമുണ്ട്, ഉപയോഗമുണ്ട്.അവിടുന്ന് അത്തരക്കാരെ ഉപയോഗിക്കുന്നതിലൂടെ അവർക്ക് മാന്യത-കുലീനത- സമ്മാനിക്കുകയാണ് ചെയ്യുന്നത്.

(കടപ്പാട്:All the saints adore Thee-Bruce Shelly)

സമ്പാദകൻ:-**മാത്യു ജോർജ്**

# സ്ത്രീകളുടെ യേശു

പുൽക്കൂട്ടിനു സമീപവും ക്രൂശിന്റെ ചുവട്ടിലും യേശുവിനോടൊപ്പം സ്ത്രീയെ കാണുന്നത് എന്തുകൊണ്ടാണ്? കാരണം, ഈ മനുഷ്യനെപ്പോലെ മറ്റൊരുവനെ അവർ ഒരിക്കലും അറിഞ്ഞിട്ടില്ല.-അതുപോലെ ഒരിക്കലും ഒരുവൻ ഉണ്ടായിട്ടില്ല. ഒരിക്കലും സ്ത്രീകളെ കുറ്റപ്പെടുത്താത്തവനും മുഖസ്തുതി പറയാത്തവനും പ്രലോഭിപ്പിക്കാത്തവനും ആനുകൂല്യം നൽകാത്തവനുമായിരുന്നു യേശു. സ്ത്രീകളെക്കുറിച്ച് ഒരിക്കലും അവിടുന്ന് നേരമ്പോക്ക് പറഞ്ഞിട്ടില്ല. അവരോട് വഴക്കിടാതെ അവരെ ശാസിക്കുന്നവനും പദവിക്കു താഴാതെ അവരെ അഭിനന്ദിക്കുന്നവനും അവരുടെ ചോദ്യങ്ങളെയും വാദങ്ങളെയും ഗൗരവമായി എടുക്കുന്നവനും അവരുടെ പ്രവർത്തനപരിധിക്കുള്ളിൽ ഒതുങ്ങാൻ അവരെ നിർബന്ധിക്കാത്തവനും ആയിരുന്നു യേശു. സ്ത്രീയാണെന്നതുകൊണ്ട് അവരെ പരിഹസിച്ചില്ല. അവരോട് സ്വകാര്യതാത്പര്യം കാണിക്കാത്തവനും 'പുരുഷമാന്യത'യെക്കുറിച്ച് വീമ്പ് പറയാത്തവനും സ്ത്രീകളെ അവരായിരിക്കുന്നതുപോലെ സ്വീകരിച്ചവനും സമ്പൂർണമായും നിസ്വാർത്ഥതയുള്ളവനുമായ ഒരു പ്രവാചകനും ഉപദേഷ്ടാവും ആയിരുന്നു യേശു.

സ്ത്രീകളോടുള്ള വെറുപ്പിൽ നിന്ന് ഉടലെടുത്ത ഒരു പ്രവൃത്തിയോ പ്രസംഗമോ ഉപമയോ സുവിശേഷങ്ങളിലെങ്ങും ഇല്ല. സ്ത്രീകളുടെ സ്വഭാവത്തെ ഏതെങ്കിലും വിധത്തിൽ കളിയാക്കുന്നതൊന്നും യേശുവിന്റെ വാക്കുകളിൽ കണ്ടെത്താനും കഴിയുകയില്ല.

എന്നാൽ ഇന്ന് 'യേശുവിന്റെ സഭ'യിലോ?

-ഡൊറോത്തി സായേഴ്സ്.

ചിന്തയ്ക്ക്

**ശുശ്രൂഷയുടെ പിന്നിലെ മനോഭാവം II**

# സ്നേഹത്തിലൂടെ സേവനം

ഒരു ദാസനെപ്പറ്റി നമുക്ക് ആദ്യം ചിന്തിക്കാം. ഒരു നിശ്ചിത സമയം നിശ്ചിത വേതനത്തിനുവേണ്ടി നിയമങ്ങളുടെ അതിരുകൾക്കുള്ളിലാണ് അവൻ വേല ചെയ്യുന്നത്. ഇന്നത്തെ ലോകത്തിൽ ശരിയായ വേതനം നൽകുന്നില്ലെന്നോ കൂടുതൽ സമയം പണിയെടുപ്പിച്ചെന്നോ കണ്ടാൽ ഉടൻ അവൻ സമരമുറകൾ പ്രയോഗിക്കും.

നിർഭാഗ്യവശാൽ ഇന്നു പല വിശ്വാസികളും ദൈവത്തെ സേവിക്കുന്നത് ഇപ്രകാരമാണ്. ആചാരങ്ങളും ചട്ടങ്ങളും വരവണ്ണം തെറ്റാതെ അവർ ചെയ്തു തീർക്കും. ദിവസവും ദൈവവചനം ധ്യാനിക്കും. മറ്റുള്ളവർക്കുവേണ്ടിയുള്ള 'മദ്ധ്യസ്ഥ'പ്രാർത്ഥനകൾ-എന്നുമുള്ള പല്ലവികൾതന്നെ-മുടങ്ങാതെ കഴിക്കുകയും ചെയ്യും. ഇവ കൂടാതെ ആഴ്ചയിൽ രണ്ടോ മൂന്നോ പ്രാവശ്യം ആരാധനയിൽ പങ്കുകൊള്ളും. ഇപ്രകാരം എല്ലാം ചെയ്തു ദൈവത്തെ പ്രസാദിപ്പിക്കുന്നതു മൂലം തനിക്കോ തന്റെ വീട്ടുകാർക്കോ യാതൊരാപത്തും കൂടാതെ ദൈവം കാത്തുകൊള്ളുമെന്നും കുട്ടികളെല്ലാം പരീക്ഷയിൽ വിജയികളാകുമെന്നും തനിക്കുദ്യോഗക്കയറ്റം ലഭിക്കുമെന്നുമെല്ലാം അവൻ ആശിച്ചിരിക്കുന്നു. പക്ഷേ ഇതിനു വിരോധമായി എന്തെങ്കിലും സംഭവിച്ചാൽ പിന്നെ ദൈവത്തോടും മനുഷ്യരോടും പരാതി പറയുന്നതിനു മാത്രമേ നേരമുള്ളു.

**സ്നേഹത്തിന്റെ മാർഗ്ഗം.**

ദൈവത്തെ ഒട്ടും സേവിക്കാതിരിക്കുന്നതിനേക്കാൾ അവിടുത്തെ ഭയപ്പെട്ടിട്ടാണെങ്കിലും സേവിക്കുന്നത് നല്ലതാണെന്നു ഞാൻ കരുതുന്നു. എന്നാൽ എന്റെ പ്രിയസഹോദരീസഹോദരന്മാരേ, ഇതിനേക്കാളൊക്കെ ശ്രേഷ്ഠമായ മറ്റൊരു മാർഗ്ഗമുണ്ട്.-അതത്രേ സ്നേഹത്തിന്റെ മാർഗ്ഗം.(1കൊരി.1231; 13:1) മതകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ലെങ്കിൽ ദൈവം ശിക്ഷിക്കുമെന്ന വിചാരത്താൽ ആരും അത് അനുഷ്ഠിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല.

ഭാര്യ ഭർത്താവിനെ സേവിക്കുന്നതുപോലെ സ്നേഹത്തിൽനിന്നും ഉടലെടുത്തിട്ടുള്ള ഒരു സേവനമാണ് ദൈവം ആഗ്രഹിക്കുന്നത്. കൂലിക്കുവേണ്ടി നിശ്ചിതസമയമല്ല അവൾ വേല ചെയ്യുന്നത്. നിയമങ്ങൾ അനുസരിച്ചോ എന്തെങ്കിലും പ്രതിഫലം ആഗ്രഹിച്ചോ അവൾ വേല ചെയ്യുന്നില്ല. ഭർത്താവ് ജീവിതകാലം മുഴുവൻ ഒരു രോഗി ആണെങ്കിലും അവൾ തന്റെ ഭർത്താവിനെ സന്തോഷത്തോടെ ശുശ്രൂഷിക്കും. തന്റെ പ്രയത്നത്തിന്റെ പ്രതിഫലം നോക്കാതെ സ്വന്തകാര്യങ്ങൾ മാറ്റിവച്ചിട്ടും അവൾ ഭർത്താവിനെ ശുശ്രൂഷിക്കും. അതിന്റെ കാരണം അവനെ അവൾ സ്നേഹിക്കുന്നു എന്നതാണ്. ഇപ്രകാരമുള്ള സേവനമാണ് ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നത്. കാരണം എന്തെന്നാൽ ഇപ്രകാരമുള്ള സേവനമാണ് സ്വന്തപുത്രനിൽകൂടി നമുക്ക് അവിടുന്നുതന്നത്. ദൈവത്തോടുള്ള കളങ്കമില്ലാത്ത സ്നേഹത്തിൽ നിന്നും ഉടലെടുക്കാത്ത ദൈവശുശ്രൂഷകളെല്ലാം അവിടുത്തെ ദൃഷ്ടിയിൽ യാതൊരു വിലയുമില്ലാത്തവയാണ്.

മാത്രവുമല്ല, സ്വാർത്ഥത്തിനുവേ







**സ്വാർത്ഥത്തിനുവേണ്ടിയോ ചുമതല തീർക്കുന്ന മനോഭാവത്തിലോ ദൈവത്തെ സേവിക്കുന്നത് കാറിന്റെ ചക്രം ഘടിപ്പിച്ചിരിക്കുന്ന സ്ഥാനത്ത് എണ്ണയ്ക്ക് പകരം മണൽ വാരിയിട്ട് ഓടിക്കാൻ ശ്രമിക്കുന്നതു പോലെയാണ്.**

ണ്ടിയോ ചുമതല തീർക്കുന്ന മനോഭാവത്തിലോ ദൈവത്തെ സേവിക്കുന്നത് മുഷിപ്പൻ പണിയായിരിക്കും. കാറിന്റെ ചക്രം ഘടിപ്പിച്ചിരിക്കുന്ന സ്ഥാനത്ത് എണ്ണയ്ക്ക് പകരം മണൽ വാരിയിട്ട് ഓടിക്കാൻ ശ്രമിക്കുന്നതു പോലെയാണത്. വണ്ടി മുമ്പോട്ടോടിക്കുവാൻ ശ്രമിക്കുമ്പോൾ അതു ശബ്ദമുണ്ടാക്കുകയും മുമ്പോട്ടു നീങ്ങാൻ വിസമ്മതിക്കുകയും ചെയ്യും. നിർഭാഗ്യവശാൽ ഇതു നമ്മിൽ പലരുടെയും ജീവിതത്തിന്റെ ഒരു ചിത്രമാണ്. എന്നാൽ മണൽ വാരിക്കളഞ്ഞ് നന്നായി എണ്ണയിട്ട് കഴിയുമ്പോൾ വണ്ടി എത്ര സുഗമമായും ശബ്ദരഹിതമായും വേഗത്തിലും ഓടുന്നു എന്നു നോക്കുക.

നിങ്ങളുടെ വേദപുസ്തകധ്യാനവും പ്രാർത്ഥനയും എല്ലാം ഇതുപോലെ ആയിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. നിങ്ങളുടെ ആരാധനയും സാക്ഷ്യവും നിങ്ങളുടെ ഓരോ പ്രവൃത്തിയും അവനോടുള്ള സ്നേഹത്തിൽ നിന്നുമുടലെടുത്തു സന്തോഷപൂർവ്വം ചെയ്യുന്നതായിരിക്കണം എന്ന് അവിടുന്നു പ്രതീക്ഷിക്കുന്നു.

നാം മുമ്പു ചിന്തിച്ച ധൂർത്തപുത്രന്റെയും സഹോദരന്റെയും മനോഭാവത്തിൽനിന്നും നേരേ വിപരീതമാണ് പഴയനിയമവിശുദ്ധനായ ഇയ്യോബിന്റേത്. ദൈവത്തിനു പ്രസാദകരമായ ശുശ്രൂഷയുടെ നല്ല ചിത്രമാണ് ഇയ്യോബിൽ നാം കാണുന്നത്. ഇയ്യോബ് ദൈവത്തിൽനിന്നും അനുഗ്രഹങ്ങൾ നേടാൻവേണ്ടിയാണ് ദൈവത്തെ സേവിച്ചത് എന്നായിരുന്നു സാത്താൻ ആരോപിച്ചത്. അനുഗ്രഹങ്ങൾ അളവില്ലാതെ നൽകിയാൽ ഏതു മനുഷ്യനും പ്രതിഫലം കാംക്ഷിച്ചു ദൈവത്തെ സേവിക്കും എന്നായിരുന്നു സാത്താന്റെ വാദം.

സംഗതികളുടെ പരമാർത്ഥം സ്ഥാപിക്കുന്നതിനു വേണ്ടി ഇയ്യോ

ബിനെ പരീക്ഷിക്കുന്നതിനു ദൈവം സാത്താനെ അനുവദിച്ചു. ഒറ്റയടിക്ക് അവന്റെ സ്വത്തുക്കളും പിന്നീട് മക്കളേയും അവസാനമായി അവന്റെ ആരോഗ്യത്തെപ്പോലും അപഹരിക്കുന്നതിനു സാത്താനെ അനുവദിച്ചു. എന്നാൽ ഈ പ്രതികൂലസാഹചര്യങ്ങളിലെല്ലാം ഇയ്യോബ് ദൈവത്തെ നിരന്തരം സ്തുതിക്കുക മാത്രമാണ് ചെയ്തത്. ഇയ്യോബിന്റെ വാക്കുകളെ നാം ശ്രദ്ധിക്കുക:"യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ....നാം ദൈവത്തിന്റെ പക്കൽനിന്നു നന്മ കൈക്കൊള്ളുന്നു, തിന്മയും കൈക്കൊള്ളരുതോ?.... അവൻ എന്നെ കൊന്നാലും ഞാൻ അവനെ മാത്രം ആശ്രയിക്കും...അവൻ എന്റെ രക്ഷയാകും...എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നു ഞാനറിയുന്നു.... പുഴുക്കൾ എന്റെ ദേഹത്തെ നശിപ്പിച്ചാലും ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും... അവൻ എന്നെ ശോധന കഴിച്ചാൽ ഞാൻ പൊന്നുപോലെ പുറത്തുവരും.''(ഇയ്യോ.1:21;2:10;13:15,16; 19:25-27;23:10). ദൈവത്തിൽ ഇയ്യോബിന്റെ വിശ്വാസം അത്രമാത്രം സ്ഥിരമായിരുന്നതിനാൽ ഒടുവിൽ 47:7 ൽ ദൈവം അവനെ പുകഴ്ത്തുന്നു. ഇയ്യോബ് ദൈവത്തെ സ്നേഹിക്കുന്നതിന്റെ ഉദ്ദേശ്യം നിർമ്മലമാണെന്നു തെളിയിച്ചശേഷം ദൈവം അവനെ മുമ്പുണ്ടായിരുന്നതിലും അധികം അനുഗ്രഹിച്ചു.

ഇയ്യോബ് ഒരു പഴയനിയമവിശുദ്ധനായിരുന്നുവെന്ന് മറന്നുപോകരുത്. കേവലം പഴയനിയമവിശുദ്ധനായ ഇയ്യോബിന് ജീവിതത്തിൽ ഇത്രമാത്രം ഉന്നതങ്ങളിലേക്ക് ഉയരാൻ സാധിച്ചെങ്കിൽ പുതിയനിയമവിശ്വാസികളായ നാം അതിലും എത്രമാത്രം ഉയരേണ്ടതാണ്.

ഏകദേശം ഇരുനൂറു വർഷങ്ങൾക്കു മുമ്പു ചെക്കോസ്ലോവോക്യയിൽ മൊറേവിയൻ മിഷനറിസംഘടന ദൈവാത്മാവിന്റെ ശ്രേഷ്ഠമായ പ്രവർത്തനഫലമായി രൂപവൽക്കരിക്കപ്പെട്ടു. ഇന്നേവരെ ഉണ്ടായിട്ടുള്ളതിൽ വച്ച് ഏറ്റവും മെച്ചപ്പെട്ട പല മിഷനറിമാരെയും ലോകത്തിനു സംഭാവന ചെയ്യുവാൻ അവർക്കു കഴിഞ്ഞു. ഇത്രമാത്രം ഹൃദയപൂർവ്വം ദൈവത്തിനു വേണ്ടി പ്രയത്നിച്ചിട്ടുള്ളവർ ഇന്നു കാണാൻ എത്ര വിരളമാണ്. അവരിൽ ചിലർ സുവിശേഷവുമായി ആഫ്രിക്കയിലേക്കു പോയി.അവിടെ കുഷ്ഠരോഗികൾ താമസിക്കുന്ന ഒരു സ്ഥലത്ത് അവർ ചെന്നെത്തി. അവരോട് സുവിശേഷം പ്രസംഗിക്കുവാൻ ആ മിഷനറിമാർ വളരെ ആഗ്രഹിച്ചെങ്കിലും കുഷ്ഠരോഗികളുടെ അടുക്കൽ പോകുന്നവർ തിരിച്ചുവരാൻ രാജ്യത്തെ ഗവൺമെന്റ് അനുവദിച്ചിരുന്നില്ല. കുഷ്ഠരോഗികളുടെ ഇടയിൽനിന്നും രോഗബീജങ്ങൾ പുറത്തുള്ളവരിലേക്കു പകരുമെന്ന ഭയമായിരുന്നു അതിന്റെ കാരണം. എന്നാൽ ആ കുഷ്ഠരോഗികൾ സുവിശേഷം കേൾക്കണമെന്നു പ്രസ്തുതമിഷനറിമാർ അതിയായി ആഗ്രഹിച്ചതുകൊണ്ട് അവർ തങ്ങളുടെ ജീവിതത്തിലെ സകലവും ഉപേക്ഷിച്ചു കുഷ്ഠരോഗികളുടെ ഇടയിലേക്കു പോകുകയും മരണം വരെ അവിടെ താമസിക്കുകയും ചെയ്തു.

വേറൊരിക്കൽ വെസ്റ്റിൻഡീസിലുള്ള ഒരു ദ്വീപിൽ താമസിക്കുന്ന അടിമകളെക്കുറിച്ച് ഈ മിഷനറിമാർ കേട്ടു. ആ ദ്വീപിൽ അടിമകളല്ലാത്തവരെ പ്രവേശിപ്പിക്കുകയുമില്ല. ഈ അടിമകളെ ക്രിസ്തുവിനു വേണ്ടി നേടേണ്ട ഉത്തരവാദിത്തം തങ്ങൾക്കുണ്ടെന്നു ബോധ്യമായതിനാൽ അവർ സ്വാതന്ത്ര്യം ഉപേക്ഷിച്ച് ആ ദ്വീപിന്റെ ഉടമസ്ഥന് സ്വയം വിറ്റ് അവിടെ അടി





മകളായി പ്രവേശിച്ച് ക്രിസ്തുവിന്റെ മഹത്വകരമായ സുവിശേഷം ഘോഷിച്ചു.

എന്തിനാണീ മനുഷ്യർ ഇത്രയേറെ ത്യാഗങ്ങൾ അനുഷ്ഠിച്ചത്? എന്തെങ്കിലും സ്വാർത്ഥം നേടാനാണോ? അതോ ഇന്നത്തെ പല ക്രിസ്തീയവേലക്കാരും ചെയ്യുന്നതുപോലെ സ്വയം ഉയർത്തിക്കാണിക്കാനാണോ? അതോ കേവലം ദൈവത്തിന്റെ പ്രീതി നേടാൻ മാത്രമാണോ? അല്ല, ഒരിക്കലും അല്ല. പിന്നെയോ, ക്രിസ്തുവിനോടുള്ള പരിശുദ്ധമായ സ്നേഹമാണ് കുഷ്ഠരോഗികളുടെയും അടിമകളുടെയും മദ്ധ്യേ നിന്ന് "കുഞ്ഞാടിനു വേണ്ടി അവന്റെ കഷ്ടപ്പാടുകളുടെ ഫലം നേടാൻ" തങ്ങൾ ലോകത്തിൽ അത്യന്തം സ്നേഹിച്ചിരുന്നതെല്ലാം ത്യജിപ്പാൻ അവരെ പ്രേരിപ്പിച്ചത്.

ലോകത്തിൽ നിത്യമായ വിലയുള്ളതെന്തെങ്കിലും നേടിയിട്ടുള്ളവർ ദൈവത്തെ പരിപൂർണ്ണമായി സ്നേഹിച്ചവർ മാത്രമാണ്. റാഹേലിനോടുള്ള അതിയായ സ്നേഹമത്രേ പതിനാലു വർഷം ദാസ്യവേല ചെയ്യുവാൻ യാക്കോബിനെ പ്രേരിപ്പിച്ചത്(ഉൽപ.29:20). അവളോടുള്ള സ്നേഹം മൂലം കഠിനാധ്വാനമെല്ലാം അവൻ മറന്നു. എത്ര കഠിനമായ വേലയും സന്തോഷത്തോടെ ചെയ്യുവാൻ ദൈവത്തോടുള്ള സ്നേഹം നമ്മെ സഹായിക്കും

**നീ എന്നെ സ്നേഹിക്കുന്നുവോ?**

യോഹന്നാൻ 21:15-17ൽ യേശുക്രിസ്തു പുനരുത്ഥാനത്തിനു ശേഷം പ്രത്യക്ഷപ്പെടുന്നതിനെപ്പറ്റി നമുക്ക് ചിന്തിക്കാം. ക്രൂശീകരണത്തിനു മുമ്പ് പത്രോസ് മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞു. കർത്താവിനോടുകൂടെ അവൻ ചെലവഴിച്ച നിരാശാപൂർണ്ണമായ സമയത്തിനു മകുടം

**ഒരുവന്റെ ആത്മീയതയുടെ ശരിയായ ഉരകല്ലാണ് ക്രിസ്തുവിനോട് അവനുള്ള സ്നേഹം. ലോകത്തിന്റെ തോതുകൾ വ്യത്യസ്തമാണ്. വിശ്വാസികളുടെ ഇടയിൽപോലും ഒരുവന്റെ ആത്മീയതയെ അളക്കുവാൻ മറ്റു പല മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതായി നാം കാണുന്നുണ്ട്. ഒരാൾ സഭയിലെ ഒരു ഉന്നതസ്ഥാനത്ത്, ഒരുവേള ബിഷപ്പിന്റെ സ്ഥാനത്ത് എത്തിയാൽ അയാൾ നല്ല ആത്മീയൻ എന്നത്രേ നാം ചിന്തിക്കാറുള്ളത്. അതു ശരിയായിരിക്കണമെന്നില്ല.**

ചാർത്തുന്നതാണിത്: ആ മൂന്നര വർഷം അവൻ സ്വയം ഉയർത്തുന്നവനും അഹങ്കാരിയും പ്രാർത്ഥനയിൽ ഉദാസീനനും ആണെന്നു തെളിയിച്ചു. എന്നാൽ ക്രിസ്തു തന്റെ ആടുകളെ മേയിക്കുവാനുള്ള ചുമതല പത്രോസിനെ ഏൽപിക്കുവാൻ തുനിഞ്ഞപ്പോൾ അവന്റെ കുറവുകളെക്കുറിച്ചൊന്നും പരാമർശിക്കുന്നില്ല. ഭാവിയിൽ വിനയമുള്ളവനും പ്രാർത്ഥിക്കുന്നവനും വേണ്ടിവന്നാൽ കർത്താവിനുവേണ്ടി കഷ്ടം അനുഭവിച്ച് അവനെ ധൈര്യത്തോടെ സാക്ഷിക്കുന്നവനും ആയിരിപ്പാൻ കർത്താവു പത്രോസിനെ ആഹ്വാനം ചെയ്തില്ല. ആത്മീയനായ ഒരുവനിൽ പ്രത്യേകിച്ച് ദൈവജനങ്ങളുടെ നേതാവായിരിക്കേണ്ട ഒരുവനിൽ, നാം അന്വേഷിക്കേണ്ട ഗുണവിശേഷങ്ങളാണിവയെങ്കിലും അങ്ങനെ യാതൊരു ചോദ്യവും യേശു അവനോടു ചോദിച്ചില്ല. ഒരു ലളിതമായ ചോദ്യമേ ആവശ്യമുള്ളുവെന്ന് യേശുക്രിസ്തുവിന് അറിയാമായിരുന്നു. അതിനു ശരിയായ ഉത്തരം ലഭിച്ചാൽ ബാക്കിയെല്ലാം സ്വാഭാവികമായി വന്നുകൊ

ള്ളും. "എല്ലാവരിലും എല്ലാറ്റിലും അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" ഒരുവന്റെ ആത്മീയതയുടെ ശരിയായ ഉരകല്ലാണ് ക്രിസ്തുവിനോടവനുള്ള സ്നേഹം. ലോകത്തിന്റെ തോതുകൾ വ്യത്യസ്തമാണ്. വിശ്വാസികളുടെ ഇടയിൽപ്പോലും ഒരുവന്റെ ആത്മീയതയെ അളക്കുവാൻ മറ്റു പല മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതായി നാം കാണുന്നുണ്ട്. ഒരാൾ സഭയിലെ ഒരു ഉന്നതസ്ഥാനത്ത്, ഒരുവേള ബിഷപ്പിന്റെ സ്ഥാനത്ത് എത്തിയാൽ അയാൾ നല്ല ആത്മീയൻ എന്നത്രേ നാം ചിന്തിക്കാറുള്ളത്. അതു ശരിയായിരിക്കണമെന്നില്ല. വീണ്ടുംജനനവും അതിന്റെ ഫലമായി ക്രിസ്തുവിനോടുള്ള സ്നേഹവുമത്രേ വാസ്തവത്തിൽ ഒരുവനെ ആത്മീയനാക്കുന്നത്. ഇന്നത്തെ കാലത്ത് സഭയുടെ ബിഷപ്പ് വീണ്ടുംജനനം പോലും പ്രാപിക്കാത്ത വ്യക്തിയായിരിക്കാൻ സാധ്യതയുണ്ട്. വേദശാസ്ത്രത്തിൽ ഒരു ബിരുദമോ അനേകം ബിരുദങ്ങളോ നേടിയെന്നതു വീണ്ടുംജനനത്തിന്റെ ഉറപ്പാകുകയില്ല. ഒരു പൂർണ്ണ സുവിശേഷവിഹിതസെമിനാരിയിൽ പഠിച്ചുപോയതുകൊണ്ടും ഒരുവൻ ആത്മീയനാകുകയില്ല. ഒരു പൂർണ്ണസമയക്രിസ്തീയപ്രവർത്തകനായതുകൊണ്ടോ, ഒരു സഭയുടെ ചുമതല വഹിക്കുന്ന ആളായതുകൊണ്ടോ നിങ്ങൾ ഒരു ദൈവികമനുഷ്യനായിരിക്കണമെന്നില്ല. ക്രമമായി യോഗങ്ങളിൽ സംബന്ധിക്കുന്നത്, ആഴമായ വേദപരിജ്ഞാനം, സുവിശേഷത്തിലുള്ള തീക്ഷ്ണത ഇവയെല്ലാം ആത്മീയതയുടെ അടയാളമായി നിങ്ങളും ഞാനും തെറ്റിദ്ധരിച്ചെന്നു വരാം.

പ്രത്യേക വസ്ത്രധാരണരീതികൾ, ഭക്തിപ്രകടനങ്ങൾ എന്നിവയും നമ്മെ വഞ്ചിക്കാം. പക്ഷേ ഇവയ്ക്കൊന്നിനും യാതൊരു വിലയുമില്ല. എന്നാൽ ദൈവദൃഷ്ടിയിൽ യഥാർത്ഥ ആത്മീയതയുടെ ഉരകല്ല് ഒന്നുമാത്രമാണ്: നിങ്ങളുടെ ദൈവത്തോടുള്ള സ്നേഹത്തിന്റെ വ്യാപ്തി. ആത്യന്തികമായി അതു നിങ്ങളും നിങ്ങളുടെ ദൈവവുമായുള്ള ഒരു കാര്യം മാത്രമാണ്. "നീ എന്നെ സ്നേഹിക്കുന്നുവോ?" അതിന്റെ ഉത്തരം പറയേണ്ടതു നാം തന്നെയാണ്.

അവസാനനാളുകളിൽ അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകുമെന്ന് യേശുക്രിസ്തു മുമ്പുകൂട്ടിത്തന്നെ നമുക്കു മുന്നറിയിപ്പു തന്നിട്ടുണ്ട്(മത്താ.24:12). ആ നാളുകളിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. ദൈവത്തെ അനുഗമിക്കുന്നു എന്നു പറയുന്ന അനേകം വിശ്വാസികളുടെയും ആത്മീയതാപനില വെള്ളം മഞ്ഞുകട്ടിയാകുന്നതിലും താഴെയാണ്. നാം നിരന്തരമായി സൂക്ഷ്മതയോടെയിരുന്നില്ലെങ്കിൽ ഈ ശീതാവസ്ഥ നമ്മുടെ ഉള്ളിലേക്കും വരുന്നതായി ക്രമേണ കണ്ടെത്തും. ക്രിസ്തുവിൽ എന്റെ പ്രിയസഹോദരീസഹോദരന്മാരേ, നിങ്ങളുടെ ജീവിതത്തിൽ എന്തെല്ലാം നഷ്ടപ്പെട്ടാലും ഈ ഒരു സംഗതി, ക്രിസ്തുവിനോടുള്ള സ്നേഹം, വിട്ടുകളയുവാൻ നിങ്ങൾ ഒരിക്കലും സമ്മതിക്കരുത്. ദാവീദിനെപ്പോലെ നിങ്ങൾ പൂർണ്ണഹൃദയത്തോടെ ആഗ്രഹിക്കുന്നതും നിങ്ങളുടെ ജീവിതകാലമെല്ലാം വാഞ്ഛയോടെ അന്വേഷിക്കുന്നതുമായ 'ഒരു കാര്യ'മായി ക്രിസ്തുവിനോടുള്ള സ്നേഹത്തെ നിലനിർത്തുക. "വലിയതോ സ്നേഹം തന്നെ.സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ"(1കൊരി.13:13; 14:1). അതായിരിക്കട്ടെ നിങ്ങളുടെ എല്ലാശുശ്രൂഷകളുടെയും പിന്നിലുള്ള പ്രേരകശക്തി.

(അവസാനിച്ചു)







# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം–11

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു......തുടർന്നു വായിക്കുക..*

തിരക്കും പൊടിയും നിറഞ്ഞ ന്യൂയോർക്ക് നഗരത്തിൽനിന്നു പെൻസിൽവാനിയ കുന്നുകളിലെ ശീതളഛായയിലേക്കു ഞാൻ കാറോടിച്ചു പോകുകയാണ്. രണ്ടു സ്ഥലങ്ങളും തമ്മിലുള്ള വ്യത്യാസംമൂലം ഞാൻ ആ യാത്ര ആസ്വദിക്കേണ്ടതാണ്. പക്ഷേ ന്യൂയോർക്കുനഗരം വിട്ട് ഓരോ മൈൽ മുന്നോട്ടുപോകുമ്പോഴും എന്റെ ഓർമ്മ കൂടുതൽ വേഗത്തിൽ ന്യൂയോർക്കിലേക്കു തിരിഞ്ഞോടി. അവിടെ എന്റെ ജീവിതവുമായി കെട്ടുപിണഞ്ഞ കുട്ടികൾ ഓർമ്മയിലേക്കു തള്ളിക്കയറി: ബക്ക്ബോർഡ്, സ്റ്റേജ്കോച്ച്, നിക്കി , യിസ്രായേൽ, മരിയ.ജോജോ, ആഞ്ജലോ.

ഫിലിപ്സ്ബർഗിൽ ചെന്നിട്ടും കാര്യങ്ങൾ അങ്ങനെയൊക്കെത്തന്നെ

യായിരുന്നു. ജെൻ തയ്യാറാക്കിത്തന്ന ഓറഞ്ചു ജ്യൂസ് മെല്ലെ മൊത്തിക്കൊണ്ട് ഞങ്ങളുടെ വീടിനു പിന്നിൽ മരത്തണലിലിരുന്ന് മരത്തിന്റെ ശീതളച്ഛായയിൽ തൊട്ടിലിൽ മയങ്ങുന്ന കുഞ്ഞിനെ നോക്കിയിരിക്കവേ എന്റെ മനസ്സു പിന്നെയും പിടിവിട്ട് ന്യൂയോർക്കിലേക്ക് പാഞ്ഞു. അവിടെ പബ്ലിക്ക്പാർക്കിന്റെ കോണിൽ കൗമാരക്കാരായ കുട്ടികളുടെ പ്രശ്നങ്ങളുമായി വിയർത്തുകുളിച്ചിരിക്കാനുള്ള അവകാശത്തിനായാണ് എന്റെ മനസ്സു കൊതിച്ചത്.

ആഞ്ജലോ മൊറൈൽസ് ഒരു ഉപദേശി ആകാൻ തീരുമാനിച്ചിട്ടും അവനെ അതിനു പഠിപ്പിക്കാൻ പണമില്ലാത്തതിനെപ്പറ്റി ഒരു രാത്രി ഞാൻ ഉൽക്കണ്ഠപ്പെട്ടപ്പോൾ ജെൻ എന്നെ മൃദുവായി ഇങ്ങനെ ഓർമിപ്പിച്ചു.

:"ഫിലിപ്സ്ബർഗ്ഗാണ് നിങ്ങളുടെ ഇടവക എന്ന കാര്യം മറന്നുപോകരുത്. നിങ്ങളുടെ സ്വന്തം സഭയെ നിങ്ങൾ ഇങ്ങനെ അവഗണിക്കരുത്.."

ജെൻ പറഞ്ഞതു ശരിയായിരുന്നു. അടുത്ത ആറു മാസത്തേക്ക് ഞാൻ എനിക്കുള്ളതെല്ലാം എന്റെ ഇടവകയ്ക്കുവേണ്ടി മാറ്റിവച്ചു. സംതൃപ്തി നൽകുന്ന ഒരു പ്രവർത്തനം ആയിരുന്നു അത്. ഞാൻ അത് ഇഷ്ടപ്പെടുകയും ചെയ്തു. പക്ഷേ മറ്റേ പ്രവർത്തനസ്ഥലം ഒരിക്കലും എന്റെ ചിന്തകളിൽ നിന്നും അകലെയായിരുന്നില്ല.

ഒരു ഇടവകാംഗം ഒരിക്കൽ എന്നോടു പറഞ്ഞു:''നഗരത്തിലെ കുഞ്ഞുങ്ങളെക്കുറിച്ചു പറയുമ്പോഴുള്ള ഒരു ഉത്സാഹം ഇവിടത്തെ കാര്യങ്ങളെക്കുറിച്ചൊന്നും താങ്കൾക്കു കാണുന്നില്ല എന്നുള്ളതു ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്."

അതു സത്യമായിരുന്നു. പക്ഷേ, അത് ഇത്രത്തോളം പ്രകടമാകുമെന്നു ഞാൻ കരുതിയിരുന്നില്ല.

പ്രകടമാക്കിയാലും ഇല്ലെങ്കിലും ഒരാശയം എന്നിൽ മെല്ലെ ചുവടുറപ്പിക്കുന്നുണ്ടായിരുന്നു.: ഈ കുട്ടികളുടെ മുഴുസമയശുശ്രൂഷകനായി ന്യൂയോർക്കിലേക്ക് കുടുംബത്തെ കൂട്ടിപ്പോകുക. ഒരുപക്ഷേ ഞാൻ ആഗ്രഹിക്കുന്നതുപോലെ അവർക്കായി ഒരു വീടു കിട്ടുകയില്ലെങ്കിൽ തെരുവിൽ അവരോടൊപ്പം പ്രവർത്തിക്കാനും ഞാൻ തയ്യാർ.

ആ ചിന്ത എന്നിൽ പ്രബലപ്പെട്ടു വന്നു. ശീതകാലത്ത് ഭവനസന്ദർശനങ്ങൾക്കു ഗ്രാമങ്ങളിലൂടെ വണ്ടിയോടിച്ചു പോകുമ്പോൾ അതിനെക്കുറിച്ചു ഞാൻ പേർത്തും പേർത്തും ആലോചിച്ചു. ദൈവഹിതം കണ്ടെത്തുന്നതിനെക്കുറിച്ച് പല പ്രസംഗങ്ങൾ ഞാൻ നടത്തി. ദിവ്യനിയോഗം ലഭിക്കുന്നതു സംബന്ധിച്ച് പുതുതായി എന്തെങ്കിലും പഠിക്കാൻ കഴിയുമോ എന്നറിയുന്നതിനുവേണ്ടിയായിരന്നു അത്.

പക്ഷേ ഇതേക്കുറിച്ചു കൂടുതൽ ആലോചിച്ചത് ഒരു മലമുകളിലിരുന്നാണ്. അതാണ് കൊച്ചുന്നാൾ മുതലേയുള്ള ശീലം. പെൻസിൽവാനിയയിൽ ഞങ്ങളുടെ വീടിനടുത്ത് ഒരു കൊച്ചു മലയുണ്ടായിരുന്നു.

ആ മലമുകളിലിരുന്നു നോക്കിയാൽ എന്നെ കണ്ടുപിടിക്കാനായി അമ്മയും ഡാഡിയും സഹോദരങ്ങളുമെല്ലാം അയൽപക്കങ്ങളിലേക്കോടുന്നതും ചുറ്റുപാടുകളിൽ തെരച്ചിൽ നടത്തുന്നതുമെല്ലാം കാണാം. കുട്ടിയെന്ന നിലയിൽ എന്നെ അലട്ടുന്ന പ്രശ്നങ്ങളെക്കുറിച്ച് അവിടെയിരുന്ന് ചിലപ്പോൾ ഒരു ദിവസത്തിന്റെ ഏറിയനേരവും ആലോചിക്കും. തിരിച്ചെത്തുമ്പോൾ എപ്പോഴും എനിക്കു കിഴുക്കു കിട്ടും. പക്ഷേ ഡാഡിയുടെ ശിക്ഷകളൊന്നും മലമുകളിലേക്ക് ഇടയ്ക്കിടെ'തീർത്ഥാടനം' നടത്തുന്നതിൽനിന്ന് എന്നെ പിന്തിരിപ്പിച്ചില്ല. കാരണം, അവിടെ മല





മുകളിൽ എപ്പോഴും എനിക്കുവേണ്ട ഏകാന്തതയും സ്വൈരവും ലഭിച്ചിരുന്നു.

അവ രണ്ടും എനിക്കിപ്പോൾ അങ്ങേയറ്റം ആവശ്യമാണ്. ചർച്ചിൽ നിന്ന് അകലെയല്ലാതെ ഒരു ചെറിയ മലയും ആൾത്താമസമില്ലാത്ത സ്ഥലവും കാണാം. പെൻസിൽവാനിയയിലെ മലയുടെ ഓർമ്മ ഉണർത്തുന്ന ഈ മലമുകൾ ഞാൻ എന്റെ ധ്യാനത്തിനായി തിരഞ്ഞെടുത്തു. ഈ മലമുകളിലിരുന്നാൽ താഴ്‌വാരത്തിൽ എനിക്കു പള്ളി കാണാം. കാറ് ഒരു പ്രത്യേകസ്ഥലത്ത് പാർക്കുചെയ്താൽ വീട്ടിൽ നിന്നു നോക്കിയാൽജെന്നിനും അതു കാണാം. വരാൻ വൈകിയാലും അവൾക്ക് പരിഭ്രമിക്കേണ്ടതില്ലല്ലോ.

മലമുകളിൽ ഇരുന്നു ഞാൻ പ്രശ്നം അപഗ്രഥിച്ചു. ന്യൂയോർക്കിലേക്കു പറിച്ചുനടാനുള്ള ഈ ആഗ്രഹം ദൈവത്തിൽ നിന്നായിരിക്കുമോ? ഈ ഇടവക വിട്ട് ജെന്നിനെയും മൂന്നു കൊച്ചുകുഞ്ഞുങ്ങളെയും കൂട്ടി നഗരത്തിന്റെ വൃത്തികെട്ട തിരക്കിലേക്കും പ്രശ്നങ്ങളിലേക്കും പോകാൻ സത്യത്തിൽ ഞാൻ ആഗ്രഹിക്കുന്നുണ്ടോ?

പെട്ടെന്നു കൃത്യവും വ്യക്തവുമായ ഒരു ഉത്തരം ലഭിച്ചില്ല. മിക്ക നിയോഗങ്ങളെപ്പോലെയും അത് പടിപടിയായാണ് എന്റെ ജീവിതത്തിലേക്കു വന്നത്.

ന്യൂയോർക്കിലേക്കുള്ള ഒരു സന്ദർശനമായിരുന്നു ആദ്യപടി.

"ഫാർമർ കൊലക്കേസ് വിചാരണയിൽ നിന്നെന്നെ പുറത്താക്കിയിട്ട് ഒരു വർഷമായി" ഒരു ഫെബ്രുവരി മാസം രാവിലെ ഞാൻ ജെന്നിനോടു പറഞ്ഞു.

"ഹാ, ഓ ഓ" ജെന്നിന്റെ മറുപടി.

"അതുകൊണ്ട് നീ എന്താ ഉദ്ദേശിച്ചത്?"

"നിങ്ങൾ ന്യൂയോർക്കിലേക്കു മടങ്ങാൻ തയ്യാറെടുക്കുന്നു. അത്രതന്നെ."

ഞാൻ ചിരിച്ചു:"അല്ല, ഞാൻ ഒരു ചെറിയ സന്ദർശനമേ ഉദ്ദേശിക്കുന്നുള്ളു. ഒരു രാത്രി തങ്ങുക. അത്രമാത്രം."

"മ്ഉഉംം"

ജോർജ് വാഷിങ്ടൻ പാലത്തിലൂടെയും പിന്നീട് ബ്രൂക്ക്ലിൻ പാലത്തിലൂടെയും വീണ്ടും വണ്ടിയോടിച്ചുപോകുന്നതു നല്ല ഒരനുഭവമായിരുന്നു. തെരുവിലൂടെ നടക്കുന്നതും ഞാൻ ആദ്യം നഗരത്തിൽ വന്നപ്പോൾ ചെയ്തതുപോലെ മഞ്ഞുകൂനകൾക്കു മുകളിലൂടെ ചാടുന്നതും എല്ലാം നല്ലതായിരുന്നു. വീട്ടിൽ വന്നതുപോലെയുള്ള ഒരു തോന്നൽ എന്നിൽ എത്ര ശക്തമായാണ് നിറയുന്നതെന്ന് ഞാൻ അത്ഭുതപ്പെട്ടു. പഴയ കൂട്ടുകാരെ കാണാൻ ഞാൻ ആഗ്രഹിച്ചു. കുട്ടികളുടെ ഹൃദയങ്ങളിൽ അത്ഭുതങ്ങൾ നടന്ന സ്ഥലങ്ങൾ വീണ്ടും സന്ദർശിക്കാനും ഞാൻ ആഗ്രഹിച്ചു.

ഫോർട്ട്ഗ്രീൻ പ്രോജക്ട്മേഖലയിലായിരുന്നു ഇത്തരം ഒരു ഇടം. ജിമ്മിസ്താളും ഞാനും കൂടി അവിടെ ചെന്ന കാര്യം ഓർത്തുകൊണ്ട് ഞാൻ തെരുവിലൂടെ താഴേക്കു നടക്കുകയായിരുന്നു. പൊടുന്നനേ:"ഡേവീ, ഉപദേശീീീ"

ഞെട്ടിത്തിരിഞ്ഞു ഞാൻ കണ്ടത് രണ്ടു സുമുഖരായ നീഗ്രോപട്ടാളക്കാർ ഓടിവരുന്നതാണ്. നന്നായി അലക്കിത്തേച്ച യൂണിഫോമും കണ്ണിനെ കുത്തിനോവിക്കത്തക്കവിധം വെട്ടിത്തിളങ്ങുന്ന ഷൂസുകളും ധരിച്ചവർ.

എന്റെ കണ്ണു തള്ളിപ്പോയി!

'ബക്ക്ബോർഡ്, സ്റ്റേജ്കോച്ച്'. ഞാൻ കഷ്ടിച്ചാണവരെ തിരിച്ചറിഞ്ഞത്. രണ്ടിനും ഒരിരുപത് പൗണ്ട് വീതം തൂക്കം കൂടിയിട്ടുണ്ടാവും.

''യേസ് സർ'' രണ്ടുപേരും അറ്റൻഷനായി. "കാഴ്ചയ്ക്ക് എങ്ങനെയുണ്ട് ഡേവി?"

ഫോർട്ട്ഗ്രീനിലെ പല ആൺകുട്ടികളുടെയും ജീവിതാഭിലാഷം എന്നു പറയുന്നത് പട്ടാളക്കാരനാവുക എന്നതാണ്. സാക്ഷരതയിലും കായികക്ഷമതയിലും വളരെ കർശനമായ കടമ്പകൾ കടന്നാലേ പട്ടാളത്തിൽ കയറിക്കൂടാനാകൂ. അതുകൊണ്ടുതന്നെ ഒരു യൂണിഫോം ധരിക്കാൻ ഇടവരുന്നു എന്നത് അംഗീകാരത്തിന്റെ അടയാളമായി കരുതപ്പെടുന്നു.

ബക്ക്ബോർഡ്, സ്റ്റേജ്കോച്ച് എന്നിവരുമായുള്ള എന്റെ കൂടിക്കാഴ്ച ഗംഭീരമായ ഒരു ഒത്തുചേരലായിരുന്നു. തങ്ങൾ യഥാർത്ഥത്തിൽ തന്നെ നന്നായിരിക്കുന്നു എന്ന് അവർ എന്നോടു പറഞ്ഞു. ഞങ്ങളുടെ തെരുവുയോഗത്തിനു ശേഷം അവർ അധോലോകസംഘത്തോടു യാത്ര പറഞ്ഞു. പിന്നെ ഒരിക്കലും തിരിച്ചു പോയിട്ടില്ല.

"സത്യം പറഞ്ഞാൽ ഉപദേശീ" സ്റ്റേജ്കോച്ച് വിശദീകരിച്ചു. "ആ വേനൽക്കാലത്തിന്റെ ശേഷിച്ച സമയത്ത് ചാപ്ലയിൻസംഘം ഛിന്നഭിന്നമായിപ്പോയി. വഴക്കുകൂടാൻ പോലും ആർക്കും തോന്നാതായി."

യഥാർത്ഥത്തിൽ വലിയപ്രയാസത്തോടെയാണ് ഞാൻ ബക്ക്ബോർഡിനെയും സ്റ്റേജ്കോച്ചിനെയും വിട്ടുപിരിഞ്ഞത്. അപ്രതീക്ഷിതമായ ഈ കൂടിക്കാഴ്ച എന്നിലുയർത്തിയ വികാരാവേശം എന്നെത്തന്നെ അമ്പരപ്പിക്കുന്നതായിരുന്നു. ഈ കുട്ടികളെ എനിക്ക് എത്ര ഇഷ്ടമായിരുന്നുവെന്നും അവരുടെ അഭാവം എനിക്കെത്ര വേദനാജനകമായിരുന്നുവെന്നും അപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്.

പക്ഷേ വലിയ അത്ഭുതം വരാനിരിക്കുന്നതേ ആയിരുന്നുള്ളു.

യിസ്രായേലിനെയും നിക്കിയെയും തേടി എഡ്വേർഡ് തെരുവിലൂടെ ഞാൻ നടക്കുകയായിരുന്നു. ജിമ്മിയും ഞാനും നിന്ന് പരസ്യയോഗം നടത്തിയ വിളക്കുകാലിന്നരികിൽ എത്തിയപ്പോൾ സ്പാനിഷ്കാരനായ ഒരു കുട്ടി അവിടെ നിൽക്കുന്നു. നിക്കി, യിസ്രായേൽ, മൗമൗ സംഘക്കാർ എന്നിവരുടെ വിവരങ്ങൾ എന്തെങ്കിലും അറിയാമോ എന്നു ഞാൻ അവനോടു ചോദിച്ചു.

അവൻ അപരിചിതനെ കാണുന്നതുപോലെ ഒരു നിമിഷം എന്നെ തുറിച്ചുനോക്കി. "പുണ്യവാളന്മാരായ ആ പഴയ തല്ലിപ്പൊളികളെക്കുറിച്ചാണോ നിങ്ങൾ ചോദിക്കുന്നത്?" തമാശയായാണ് അവൻ പറഞ്ഞതെങ്കിലും എന്റെ ഹൃദയം കുതിച്ചുയർന്നു. "ദൈവത്തിനു മഹത്വം. അവർ പിടിച്ചുനില്ക്കുന്നുണ്ട്" ഞാൻ വിചാരിച്ചു.

പക്ഷേ, അടുത്തുകേട്ട വാർത്താശകലം എന്നെ തെല്ലൊന്നമ്പരപ്പിച്ചു. അവർ പിടിച്ചുനില്ക്കുന്നുവെന്നു മാത്രമല്ല, നിക്കി പല സ്ഥലങ്ങളിലും പോകുകയും ചെയ്യുന്നു!

ഒരു അതൃപ്തിയോടെ ആ കുട്ടി പറഞ്ഞതിങ്ങനെയാണ്: "നിക്കി. ഹും. അവനു ഭ്രാന്താ. അവൻ പിരിയിളകിയ ഉപദേശിമാരിൽ ഒരാളാകാൻ പോകുകയാണെന്നാ കേട്ടത്."

ഞാൻ തെരുവിൽ വായ് പൊളിച്ചുനിന്നുപോയി. "ഞാൻ കേട്ടത് ശരിയാണോ? നിക്കി ഉപദേശി ആകാൻ ആഗ്രഹിക്കുന്നെന്നോ?"

"അങ്ങനെയാണവൻ പറയുന്നത്."

അവനെ എനിക്കെവിടെ കണ്ടെ






ഭ്രാന്തു പിടിക്കുമ്പോൾ ശത്രുവോ മിത്രമോ എന്നു നോക്കാതെ ആരെയും ഞാൻ അടിച്ചുവീഴ്ത്തിക്കളയും.

ത്താൻ കഴിയും? ഞാൻ അറിയാൻ ആഗ്രഹിച്ചു. സുവിശേഷകനാകുന്നതിനെക്കുറിച്ച് അവൻ എന്നാണ് പറഞ്ഞത്? ആരോടാണവൻ പറഞ്ഞത്? ഇതിനൊന്നും ആ കുട്ടിക്കു മറുപടി ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവനെ വിട്ട് ഞാൻതന്നെ നിക്കിയെ തെരയുവാൻ തുടങ്ങി.

കുറച്ചുകഴിഞ്ഞാണ് ഞാൻ അവനെ കണ്ടെത്തിയത്. ഒരു അപ്പാർട്ട്മെന്റ് വീടിന്റെ പടിയിലിരുന്ന് മറ്റൊരാൺകുട്ടിയോട് സംസാരിക്കുന്നു.

"നിക്കീ "ഞാൻ വിളിച്ചു. അവൻ ഞെട്ടിത്തിരിഞ്ഞു. ആ മുഖത്തേക്കു നോക്കി ഞാനൊരുനിമിഷം സ്തംഭിച്ചുനിന്നു. എന്തിനേയും പ്രതിരോധിക്കുന്ന കടുപ്പമേറിയ ആ മുഖം മാറിയിരിക്കുന്നു. ആ സ്ഥാനത്ത് തുറന്ന പെരുമാറ്റമുള്ള ഒരു കുട്ടിയുടെ ആകർഷകമായ മുഖം. യഥാർത്ഥസന്തോഷം കൊണ്ട് ആ കണ്ണുകൾ തിളങ്ങുന്നു.

"ഉപദേശീ" അവൻ കുതിച്ചെഴുന്നേറ്റ് എന്റെ നേരേ പാഞ്ഞുവന്നു"ഡേവി"! അതിനിടെ അവൻ തിരിഞ്ഞ് തന്നോടൊപ്പമുണ്ടായിരുന്ന കുട്ടിയോടു വിളിച്ചുപറഞ്ഞു "നോക്കടേയ്, ഇതാ ഞാൻ തന്നോടു പറഞ്ഞിരുന്ന ഉപദേശി. എന്നെ പിടികൂടിയ ആൾ."

അത്ഭുതകരമായ ഒരു സമാഗമം. മുഖവുരയ്ക്കുശേഷം സുവിശേഷപ്രവർത്തനത്തിനു പോകുന്നതിനെക്കുറിച്ചു ഞാൻ കേട്ടതു ശരിയാണോ എന്നു ഞാൻ നിക്കിയോടു ചോദിച്ചു.

നിക്കി മിഴികൾ താഴ്ത്തി: ''അതിൽക്കവിഞ്ഞ് ഞാനൊന്നും ആഗ്രഹിക്കുന്നില്ല, ഡേവി."

"ഇതൊരു ഗംഭീരവാർത്ത തന്നെ. ആട്ടെ, ഇതിനായി എന്തു ചെയ്തു?" ഞാൻ ചോദിച്ചു.

"എന്താ ചെയ്യേണ്ടതെന്നു സത്യത്തിൽ എനിക്കറിഞ്ഞുകൂടാ."

ഒത്തിരി കാര്യങ്ങൾ ചെയ്യാനുള്ള ആശയങ്ങൾകൊണ്ട് ഞാൻ വീർപ്പുമുട്ടി. ഏതെങ്കിലും തിയോളജിക്കൽസ്ക്കൂളിലേക്ക് ഞാൻ തന്നെ എഴുതിയാലോ? ഞാൻ തന്നെ അവനെ

സ്പോൺസർ ചെയ്താലോ? അവന്റെ അടഞ്ഞ മട്ടിലുള്ള ശബ്ദം ക്രമീകരിക്കാൻ ഏതു വോയിസ്ക്ലിനിക്കിലാണ് പോകേണ്ടത്? ന്യൂയോർക്കിൽ എൽമിറായിലുള്ള ഒരു സഭയിൽ നഗരത്തിലെ കുട്ടികളുടെ പ്രശ്നങ്ങളെക്കുറിച്ച് ചില ആഴ്ചകൾക്കുശേഷം പ്രസംഗിക്കാൻ എനിക്കൊരു ക്ഷണം കിട്ടിയിട്ടുണ്ട്. അവിടെയുള്ള ജയിലിലാണ് ലൂയിസ് അൽവാരസിനെ തടവിൽ അടച്ചത്. അവിടെ ഏറെനാൾ കിടന്നു കാണുകയില്ല. ലൂയിസിനെ ഇതിനകം മറ്റെങ്ങോട്ടെങ്കിലും മാറ്റിയിരിക്കും.

''നിക്കി, നീ എന്നോടൊപ്പം എൽമിറായിലേക്ക് വരുന്നോ? അവിടെ വന്ന് നിന്റെ സാക്ഷ്യം അവിടെ ജനങ്ങളോടു പറയാമോ? അവർക്കു നിന്നെ ഒരുപക്ഷേ സഹായിക്കാൻ കഴിഞ്ഞേക്കും.”

അങ്ങനെ പറഞ്ഞെങ്കിലും ഉടൻതന്നെ എനിക്കതേപ്പറ്റി സംശയമായി. നിക്കിയുടെ കഥ, അതു സത്യം പറഞ്ഞാൽ അറ്റവും മുറിയുമൊക്കെ മാത്രമേ ഞാൻ കേട്ടിട്ടുള്ളെങ്കിലും കേട്ടിടത്തോളം അത് ഏറ്റവും വൃത്തികെട്ട ഒന്നാണ്. നിറയെ ക്രൂരതയും യുക്തിയില്ലായ്മയും ഉള്ള അത് എൽമിറായിയിലുള്ളവർക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞെന്നു വരികയില്ല. ന്യൂയോർക്കിലെ വിചിത്രമായ കാഴ്ചകളും കേഴ്വികളും പരിചിതമായിട്ടു കൂടി അവന്റെ കഥ അമ്പരപ്പിക്കുന്നതായിട്ടാണല്ലോ എനിക്കുപോലും അനുഭവപ്പെട്ടത്.

എന്നിട്ടും ഞാൻ എന്നോടുതന്നെ ഇങ്ങനെ വാദിച്ചു: ന്യൂയോർക്കിലെ അധോലോകസംഘങ്ങളെക്കുറിച്ചറിയാൻ എൽമിറായിയിലെ സഭ താത്പര്യപ്പെടുന്നു. ആ പ്രശ്നത്തെക്കുറിട്ടു നല്ല ഒരു ആമുഖമായിരിക്കും നിക്കിയുടെ കഥ. എന്നെ സംബന്ധിച്ചിടത്തോളം നിക്കിയുടെ കഥ ആദ്യന്തം കേൾക്കുവാനുള്ള ഒരവസരം. മാത്രമല്ല 'വിശുദ്ധ നിക്കിയുടെ അനുഭവങ്ങൾ' അവന്റെ വശത്തുനിന്നു കേൾക്കാനുള്ള ഒരു സന്ദർഭവും ആയിരിക്കും അത്.

അങ്ങനെയാണ് ചില ആഴ്ചകൾക്കു ശേഷം സ്വന്തം കഥ വിവരിക്കുവാൻ നിക്കി എൽമിറായിലെ പ്ലാറ്റ്ഫോമിൽ നിൽക്കാൻ ഇടയായത്. ഞാൻ ഒരു മുഖവുര പറഞ്ഞു. നിക്കിയുടെ കഥ മുഴുവൻ കേൾക്കുന്നതിനു മുമ്പ് കേൾവിക്കാരിൽ ഒരു മുൻവിധി ഉണ്ടാകാതിരിക്കാനായി എങ്ങനെയാണ് ദാരിദ്ര്യവും ഏകാന്തതയും തെരുവിലെ ഇതുപോലെയുള്ള കുട്ടികളെ തെറ്റിലേക്കു നയിക്കുന്നതെന്ന് ആമുഖപ്രസ്താവനയിൽ ഞാൻ വിശദീകരിച്ചു.

എന്നാൽ ഞാനെടുത്ത മുൻകരുതലുകൾ ആവശ്യമുണ്ടായിരുന്നില്ല. കാരണം, സംസാരിച്ചുതുടങ്ങിയ നിമിഷം മുതൽ മുറിയിലുണ്ടായിരുന്ന മുഴുവൻപേരും നിക്കിയുടെ വാക്കുകളോടൊപ്പമായിരുന്നു. അറിവിന്റെ പരിമിതിയും നിഷ്ക്കളങ്കതയും മൂലം ഒന്നും കൂട്ടിയോ കുറച്ചോ പറയാൻ അറിയാത്ത അവൻ എല്ലാം പൊടിപ്പും തൊങ്ങലുമില്ലാതെ നടന്നതുപോലെ വിവരിച്ചപ്പോൾ ആ വാക്കുകൾ മുഴുവൻ സദസ്യരേയും സ്പർശിച്ചു. അവൻ വിട്ടുപോന്ന ലോകത്തിന്റെ പ്രത്യേകതകൾ അവരുടെ മുമ്പിൽ അതിന്റെ സമസ്തഭീകരതയോടും കൂടെ വരച്ചുകാട്ടപ്പെട്ടു.

നിക്കി ഇങ്ങനെ തുടങ്ങി:“ഞാൻ മിക്കപ്പോഴും തെരുവിലായിരുന്നു. കാരണം ഞങ്ങൾ താമസിച്ചിരുന്നിടത്ത് എപ്പോഴും എന്റെ മാതാപിതാക്കളുമായി ഇടപാട് നടത്താൻ വരുന്നവരുടെ തിരക്കായിരുന്നു. അവർ ചിലപ്പോൾ പകൽ വരും, ചിലപ്പോൾ രാത്രിയിൽ വരും. അപ്പോൾ ഞങ്ങൾ കുട്ടി





കൾ പുറത്തു പോകണമായിരുന്നു. എന്റെ മാതാപിതാക്കൾ മന്ത്രവാദികൾ ആയിരുന്നു. അവർ സ്പാനിഷ്പത്രങ്ങളിൽ പരസ്യം കൊടുക്കും. അവർ മരിച്ചവരോട് സംസാരിക്കും. അസുഖങ്ങൾ ഭേദമാക്കും . സാമ്പത്തികപ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ എന്നിവ പരിഹരിക്കാനുള്ള ക്രിയകൾ ചെയ്യും....

വീടിന് ഒരു മുറിയേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് ഞങ്ങൾ കുട്ടികൾ തെരുവിലായിരുന്നു. ആദ്യമൊക്കെ തെരുവിൽ മറ്റു പിള്ളേർ എന്നെ അടിക്കും. ഞാനെപ്പോഴും പേടിക്കും. കുറെക്കഴിഞ്ഞപ്പോൾ അവരോടു വഴക്കിടാൻ ഞാൻ പഠിച്ചു. അവർ എന്നെ പേടിക്കാനും തുടങ്ങി. എന്നെ അവർ ഒഴിവാക്കി. കുറച്ചായപ്പോൾ വീട്ടിലായിരിക്കുന്നതിനേക്കാൾ തെരുവിൽ കഴിയുന്നത് എനിക്കു രസമായി. വീട്ടിലാണെങ്കിൽ ഏറ്റവും ഇളയ ആളാണ് ഞാൻ. വീട്ടിൽ ഞാൻ ആരുമല്ല. എന്നാൽ തെരുവിൽ ഞാൻ ആരാണെന്നു എല്ലാവർക്കും നല്ലവണ്ണമറിയാം.

എന്റെ വീട്ടുകാർക്ക് കൂടെക്കൂടെ വീടു മാറേണ്ടിവന്നു. എല്ലാം ഞാൻ മൂലം. എന്തെങ്കിലും പ്രശ്നമുണ്ടായാൽ പോലിസ് വരും. അവർ അയൽപക്കങ്ങളിൽ വന്നന്വേഷിച്ചിട്ട് പോയാലുടൻ കെട്ടിടഉടമസ്ഥൻ വന്ന് എന്റെ മാതാപിതാക്കളോട് വീട് ഒഴിയണമെന്നു പറയും. അവരുടെ കെട്ടിടത്തിൽ പോലിസിന്റെ ശല്യം ഉണ്ടാകാൻ അവർ ആഗ്രഹിക്കുന്നില്ല. പ്യൂർട്ടോറിക്കക്കാരനായഒരു കുട്ടിയോട് പോലിസ് ഒരു ചോദ്യം ചോദിച്ചു കഴിഞ്ഞാൽ പിന്നെ അതാണ് രീതി.അവൻ എന്തെങ്കിലും തെറ്റു ചെയ്യണമെന്നില്ല. പോലിസ് അയൽപക്കത്ത് വന്ന് അവനെക്കുറിച്ച് അന്വേഷിച്ചാൽമതി ആ മിനിട്ടിൽ അവനും കുടുംബവും വീട് ഒഴിഞ്ഞു കൊള്ളണം.

ഞാനെന്തിനാ അങ്ങനെയൊക്കെ പ്രവർത്തിച്ചതെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ ഉള്ളിലുള്ള എന്തോ ഒന്ന് എന്നെ പേടിപ്പിച്ചു. അതെന്നെ എപ്പോഴും പരിഭ്രമിപ്പിച്ചു കൊണ്ടിരുന്നു. പക്ഷേ എനിക്കത് ഒഴിവാക്കാൻ കഴിയുമായിരുന്നില്ല. ഒരു മുടന്തനെ കണ്ടാലും എനിക്കങ്ങനെ ഒരു തോന്നലാ. അയാളെ അപ്പോൾ കൊല്ലണമെന്നാ തോന്നുന്നത്. കണ്ണുപൊട്ടന്മാരെ കണ്ടാലും അങ്ങനെയാ. കൊച്ചുപിള്ളേരെ കണ്ടാലും അങ്ങനെതന്നെ .ബലഹീനമോ മുറിവേറ്റതോ ആയ എല്ലാറ്റിനേയും ഞാൻ വെറുത്തു.

ഞാൻ ഒരിക്കൽ എന്റെ പിതാവിനോട് ഉള്ളിലെ ഈ തോന്നലുകളെക്കുറിച്ച് പറഞ്ഞു. ഞങ്ങൾ സാധാരണ അങ്ങനെ സംസാരിക്കാറില്ല. പക്ഷേ ഈ തോന്നൽ എന്നെ പേടിപ്പിച്ചു. അതു കൊണ്ടാണ് ഞാനിതേപ്പറ്റി തുറന്നു പറഞ്ഞത്. എന്നിൽ ഒരു ഭൂതം ഉണ്ടെന്നാണ് അദ്ദേഹം പറഞ്ഞത് അതിനെ ഒഴിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. പക്ഷേ അത് പുറത്തുവന്നില്ല.

എന്നിലുള്ള ഈ ഭ്രാന്ത് നാൾക്കുനാൾ വർധിച്ചുവന്നു.ക്രച്ചസ് ഉപയോഗിക്കുന്ന ഒരാളെക്കണ്ടാൽ എനിക്കയാളെ തൊഴിക്കണം. താടിയുള്ള ഒരു വയസ്സനെ കണ്ടാൽ അയാളുടെ താടിമീശയിൽ പിടിച്ചുവലിച്ചു വേദനിപ്പിക്കണം. കൊച്ചുകുട്ടികളെ ആരെയെങ്കിലും കണ്ടാൽ ഉപദ്രവിക്കണം. അന്നേരമെല്ലാം എനിക്കു ഭയമാണ്. കരയാനും തോന്നും. പക്ഷേ എന്റെ ഉള്ളിലുള്ള 'അത്' പൊട്ടിപ്പൊട്ടി ചിരിക്കും. മറ്റൊരു കാര്യം ചോരയാണ്. ചോര എവിടെക്കണ്ടാലും ഞാൻ പൊട്ടിച്ചിരിക്കാൻ തുടങ്ങും. എനിക്കതു നിർത്താനും കഴിയുകയില്ല.

ഫോർട്ട്ഗ്രീൻ പ്രോജക്ടിലേക്കു

താമസം മാറ്റിയതോടെ ഞാൻ മൗമൗ ക്കാരുമായി ഒത്തുപോകാൻ തുടങ്ങി. ഞാൻ അവരുടെ പ്രസിഡന്റ് ആക ണമെന്ന് അവർ ആഗ്രഹിച്ചു. പക്ഷേ ഒരു പോരാട്ടം നടക്കുമ്പോൾ പ്രസി ഡന്റാണ് ഗതാഗതം നിയന്ത്രിക്കേണ്ട ത്.(നിർദ്ദേശങ്ങൾ നല്കേണ്ടത്). അതേ സമയം എനിക്കു യുദ്ധം ചെയ്യാനാ താത്പര്യം. അതുകൊണ്ട് അവരെന്നെ വൈസ്പ്രസിഡന്റാക്കി.

ഞാൻ ആയുധങ്ങളുടെ ചുമതല യുള്ള സർജന്റും ആയിരുന്നു. സ്പോടകവസ്തുക്കളുടെ ഉത്തരവാ ദിത്തം എനിക്കായിരുന്നു എന്നു ചുരു ക്കം. ഗാരിസൺ ബൽറ്റുകൾ, ബയണ റ്റുകൾ, കഠാരകൾ, കൈത്തോക്കുകൾ തുടങ്ങിയവ ഞങ്ങൾക്കുണ്ടായിരുന്നു. അവ നോക്കിനിൽക്കുന്നതുതന്നെ എനിക്കു വലിയ ആനന്ദമായിരുന്നു. ഒരു കാറിന്റെ ഏറിയൽ മോഷ്ടിക്കു ക, അതുകൊണ്ട് ഒരു 'സിപ്ഗൺ' ഉണ്ടാക്കാൻ സാധിക്കും. ഒരു കതകു കുറ്റി ഉപയോഗിച്ച് .22 ഷെല്ലുകൾ ഉതിർക്കുവാൻ സാധിക്കുന്ന ഒരു കൈത്തോക്കിനു രൂപം നൽകാൻ കഴിയും.

പക്ഷേ പോരാട്ടം ഉണ്ടാകു മ്പോൾ ബേസ്ബോൾബാറ്റാണ് എനി ക്കിഷ്ടം. ഒരു ചവറുവീപ്പയിൽ കാണാൻ വേണ്ടി ഒരു കിഴുത്ത ഇട്ട ശേഷം അതു തലയിൽ കമഴ്ത്തിയിട്ട് ബാറ്റ് വട്ടംചുഴറ്റി വീശുന്നതായിരുന്നു എന്റെ രീതി. മൗമൗക്കാരുപോലും അടി നടക്കുമ്പോൾ എന്റെ അടുത്തു നില്ക്കുകയില്ല. കാരണം ഭ്രാന്തു പിടി ക്കുമ്പോൾ ശത്രുവോ മിത്രമോ എന്നു നോക്കാതെ ആരെയും ഞാൻ അടി ച്ചുവീഴ്ത്തിക്കളയും.

കഠാര ഭംഗിയായി ഉപയോഗി ക്കാനും ഞാൻ പഠിച്ചു. ആളുകളെ കൊല്ലാതെ മുറിവേല്പിക്കത്തക്ക വണ്ണം കുത്താൻ പഠിക്കുന്നതാണത്. പതിനാറുപേരെ ഞാൻ കുത്തിയിട്ടുണ്ട്. പന്ത്രണ്ടുവട്ടം ഞാൻ ജയിലിലാകു കയും ചെയ്തു. ആ സമയത്ത് പല പ്പോഴും എന്റെ പടം പത്രത്തിൽ വന്നി ട്ടുണ്ട്. ഞാൻ തെരുവിലൂടെ നടക്കു മ്പോൾ എല്ലാവർക്കും എന്നെ അറി യാം. ആ സമയത്ത് അമ്മമാർ അവ രുടെ കുട്ടികളെ വീടിനുള്ളിലേക്കു വിളിച്ചുകയറ്റും.

അധോലോകസംഘങ്ങൾക്കും എന്നെ അറിയാമായിരുന്നു. ഒരു ദിവസം ഞാൻ സബ്‌വേയുടെ സമീപം ഒരാളെ കാത്തുനില്ക്കു മ്പോൾ അഞ്ചു എതിർസംഘാഗങ്ങൾ എന്റെ പുറകിൽ വന്ന് കഴുത്തിൽ ഒരു ലെതർബൽറ്റ് ചുറ്റി മുറുക്കാൻ തുടങ്ങി. ഞാൻ മരിച്ചില്ല. എന്നാൽ അതിനു ഞാൻ ആഗ്രഹിച്ചു. കാരണം അതിനു ശേഷം എനിക്കു ശരിയായി സംസാ രിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്റെ തൊണ്ടയിൽനിന്ന് ചിരിതോന്നുന്ന ഒരു തരം ഇടറിയ സ്വരമാണ് പുറത്തുവരു ന്നത്. ഏതെങ്കിലും വൈകല്യം ഉള്ള ആളുകളെ എനിക്കു വെറുപ്പായിരുന്നു. ഇപ്പോഴിതാ ഞാൻ തന്നെ അത്തരം ഒരാളായി മാറിയിരിക്കുന്നു. പിന്നീട് കുട്ടികളുടെ ബഹുമാനം നില നിർത്താൻവേണ്ടി എനിക്കെപ്പോഴും നിശ്ശബ്ദത പാലിക്കേണ്ടി വന്നു.

കോണി ഐലൻഡും റാൽഫ് അവന്യുവും വരെയുള്ള പ്രദേശ മെല്ലാം ഞങ്ങളുടെ ഗാംഗിന്റെ നിയ ന്ത്രണത്തിലാണ്. എംഎം എന്ന മുദ്ര വഹിക്കുന്ന ചുവന്ന ജാക്കറ്റും അറ്റം കൂർത്ത ഷൂസുമായിരുന്നു ഞങ്ങളുടെ വേഷം. അതു പോരാട്ടങ്ങൾക്ക് അനു യോജ്യമാണ്. ഒരു ദിവസം ഫ്ളാറ്റ്ബുഷ് അവന്യുവിൽ മിഠായിക്ക ടയിൽ ഞങ്ങൾ ഇരിക്കുകയാണ്. ഞങ്ങൾ ആറു പേരുണ്ട്. സോഡാ കുടിച്ചുകൊണ്ടിരിക്കുമ്പോൾ ബിഷപ്സ് സംഘത്തിലെ ഏഴുപേർ





അങ്ങോട്ടു കയറിവന്നു. ബിഷപ്പുമായി മൗമൗ യുദ്ധത്തിലാണ്.

ബിഷപ്പുമാരിൽ ഒരുവൻ കട യുടെ ഉടമസ്ഥന്റെ അധികാരഭാവ ത്തോടെ കൗണ്ടറിനെ സമീപിച്ചു. എന്റെ കുട്ടികൾ എന്നെ ശ്രദ്ധിച്ചുകൊ ണ്ടിരിക്കുകയാണ്. ഞാൻ എഴുന്നേറ്റ് അങ്ങോട്ടുചെന്ന് അവനുമായി ഉരസി. അവനും തിരിച്ച് ഉരസി. ഉടനെതന്നെ എല്ലാവരും തമ്മിൽ യുദ്ധം തുടങ്ങി. കടയുടമയുടെ ഭാര്യ നിലവിളിക്കാൻ തുടങ്ങി. കടയിലുണ്ടായിരുന്ന എല്ലാ വരും പേടിച്ച് പുറത്തേക്കോടി. ഒരു കശാപ്പുകത്തി കൗണ്ടറിൽ കിടപ്പുണ്ടാ യിരുന്നു. എന്റെ കുട്ടികളിലൊരാൾ അതെടുത്ത് ബിഷപ്പുമാരിൽ ഒരുവനെ അഞ്ചുവട്ടം കുത്തിക്കീറി. ചോര കണ്ട പ്പോൾ ഞാൻ ചിരിക്കാൻ തുടങ്ങി. അവൻ ചത്തുപോയെന്ന് എനിക്കു മന സ്സിലായി. ഞാൻ ഭയന്നു പക്ഷേ എനിക്കു ചിരി നിർത്താൻ കഴിഞ്ഞി ല്ല. കടയുടമയുടെ ഭാര്യ ഇതിനിടെ പോലിസിനു ഫോൺ ചെയ്യാൻ തുട ങ്ങി. എന്റെ കുട്ടികളിൽ ഒരാൾ ആ കശാപ്പുകത്തിയെടുത്ത് അവരുടെ വയറ്റിൽ കുത്തിയിറക്കി. പിന്നെ ഞങ്ങൾ ഓടി.

ഞാൻ കശാപ്പുകത്തി കൈകൊ ണ്ടു തൊടാഞ്ഞതുകൊണ്ട് ജയിലിൽ പോകേണ്ടിവന്നില്ല. എന്നാൽ എന്റെ മാതാപിതാക്കൾക്കു കോടതിയിൽ പോകേണ്ടിവന്നു. അതുകൊണ്ട് അവർ ജീവിതത്തിൽ ആദ്യമായി എന്റെ കാര്യം ശ്രദ്ധിച്ചു. ഞാനാരായി മാറിയിരിക്കുന്നു എന്നു കണ്ടപ്പോൾ അവർ ഭയന്നുപോയി. അവർ ന്യൂയോർക്ക് വിട്ട് പ്യൂർട്ടോറിക്കയി ലേക്കു മടങ്ങാൻ തീരുമാനിച്ചു. വിമാ നത്താവളത്തിൽ അവരോടു ഗുഡ്ബൈ പറയാൻ ഞാനും സഹോ ദരനും പോയിരുന്നു. തിരിച്ചുവരു മ്പോൾ അവൻ കാറിൽവച്ച് ഒരു .32 കൈത്തോക്ക് എനിക്കു തന്നു-'നിക്ക്, ഇനി നീയായി നിന്റെ പാടായി.'

ഉറങ്ങാൻ ഒരു സ്ഥലം കണ്ടുപി ടിക്കണം എന്നതായിരുന്നു ആദ്യത്തെ പ്രശ്നം. തോക്കുകാട്ടി വിരട്ടി ഒരാളിൽ നിന്നു പത്തു ഡോളർ ഞാൻ തട്ടിയെ ടുത്തു. മിർട്ടിൻ അവന്യുവിൽ അങ്ങനെ ഞാനൊരു മുറി വാടക യ്ക്കെടുത്തു. എനിക്കന്നു പതിനാറു വയസ്സാണ്. അതിനു ശേഷം ഞാന ങ്ങനെയാണ് ജീവിച്ചത്. പണത്തിനു വേണ്ടി ആളുകളെ പിടികൂടും അല്ലെ ങ്കിൽ എന്തെങ്കിലും തട്ടിയെടുക്കും.

പകലൊന്നും കുഴപ്പമില്ല. സംഘാംഗങ്ങൾ എന്നോടൊപ്പം ഉണ്ട ല്ലോ. ഞാനും പ്രസിഡന്റും അവരോട് എന്തു ചെയ്യാൻ പറഞ്ഞാലും അവ രത് അനുസരിച്ചിരിക്കും. പക്ഷേ രാത്രി യായാലാണ് പ്രശ്നം. ഞാൻ ഒറ്റയ്ക്ക് ആ മുറിയിൽ ചെല്ലുമ്പോൾ അത് അസഹനീയമാണ്. ആ മിഠായിക്കട യിൽ മരിച്ചുകിടന്ന രണ്ടു പേരെക്കു റിച്ചുള്ള ഓർമ്മകൾ എന്റെ മനസ്സിൽ തള്ളിക്കയറി വരും. അവരെക്കുറിച്ചു ചിന്തിക്കാതിരിക്കാനായി ഞാനെന്റെ തല നിലത്തു മുട്ടിച്ച് ഇരിക്കും. ഞാൻ അർദ്ധരാത്രിയിൽ ഉണർന്ന് അമ്മയെ ഓർത്തു കരയും. അമ്മ പോകുന്ന തിനു മുമ്പ് ഞങ്ങൾ തമ്മിൽ സംസാ രിക്കാറുപോലും ഇല്ലായിരുന്നു. പക്ഷേ അമ്മ വന്ന് എന്റെ കാര്യങ്ങൾ നോക്കണമെന്നു പൊടുന്നനെ എനിക്ക് തോന്നാൻ തുടങ്ങി.

എനിക്ക് 1958 ജൂലൈയിൽ 18 വയസ്സായി. ആ സമയത്ത് റെഡ്ഹുക്ക് പ്രോജക്ടുഭാഗത്തു പ്രവർത്തി ക്കുന്ന'ഡ്രാഗൺ' ഞങ്ങളിലൊരാളെ കൊന്നു. അതുകൊണ്ട് അവരിലൊ രാളെ പിടിക്കുവാൻ ഞങ്ങൾ സബ് വേയിലേക്കു പോകുകയായിരുന്നു. അതാണ് സംഘത്തിന്റെ നിയമം: ഒരു മൗമൗക്കാരൻ കൊല്ലപ്പെട്ടാൽ ഒരു

ഡ്രാഗൺകാരനും കൊല്ലപ്പെട്ടേ മതിയാകൂ. സബ്‌വേസ്റ്റേഷനിലേക്ക് എഡ്വേർഡ് തെരുവിലൂടെ ഞങ്ങൾ പോകുമ്പോൾ പെട്ടെന്നു പോലിസിന്റെ ഒരു കാർ വന്നു ബ്രേക്കിടുന്നതും ഒരുപറ്റം 'ചാപ്ലയിൻ'കാർ ചുറ്റിപ്പറ്റി നില്ക്കുന്നതും കണ്ടു. ഫോർട്ടുഗ്രീനിലെ നീഗ്രോസംഘമാണ് 'ചാപ്ലയിൻ'. ഞങ്ങൾ അന്യോന്യം യുദ്ധം ചെയ്യുകയില്ലെന്നും പുറത്തുനിന്നിന്നു ആരെങ്കിലും വന്ന് ഒരു കൂട്ടരെ ആക്രമിച്ചാൽ മറ്റേ കൂട്ടർ സഹായത്തിനെത്താമെന്നും ഞങ്ങൾ തമ്മിൽ ഉടമ്പടി ഉണ്ടായിരുന്നു.

എന്തോ ഒരു പ്രശ്നം ഉള്ളതുപോലെ തോന്നി. അതുകൊണ്ട് ഞങ്ങളും അങ്ങോട്ടു ചെന്നു. ചാപ്ലയിൻകാർ വട്ടം കൂടി നിന്നിരുന്നതിന്റെ നടുക്ക് രണ്ടു പേരെ ഞാൻ കണ്ടു. ഒരാളുടെ കയ്യിൽ ഒരു ബ്യൂഗിൾ ഉണ്ടായിരുന്നു. മറ്റേയാൾ മെലിഞ്ഞു നൂലുപോലെ ഒരാൾ. അപ്പോൾ ആരോ ഒരു അമേരിക്കൻ പതാക കൊണ്ടുവന്നു. പോലിസുകാർ ഉടൻ സ്ഥലംവിട്ടു. ആ രണ്ടുപേരും ചേർന്ന് ഒരു തെരുവുയോഗം നടത്താനുള്ള തുടക്കമാണെന്നു മനസ്സിലായി.

പതാക വന്നതോടെ എല്ലും തോലുമായ മനുഷ്യൻ ഒരു കസേരപ്പുറത്തു കയറിനിന്ന് ഒരു പുസ്തകം തുറന്ന് ഇങ്ങനെ വായിച്ചു: "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

എന്നിട്ട് പ്രസംഗകൻ പറഞ്ഞു "ഇതിൽ പറഞ്ഞിരിക്കുന്ന 'ഏവനും' ആരാണെന്നു ഞാൻ പറയാം. ഏവനും എന്നു പറഞ്ഞാൽ നീഗ്രോയും പ്യൂർട്ടോറിക്കനുമാണ്. പ്രത്യേകിച്ചും അവരിലെ അധോലോകസംഘാംഗങ്ങൾ. നിങ്ങൾക്ക് അറിയാമല്ലോ അവർ യേശുവിനെ ക്രൂശിച്ചപ്പോൾ രണ്ട് അധോലോകസംഘാംഗങ്ങളെയും കൂടി ക്രൂശിച്ചുവെന്ന കാര്യം?

"എനിക്കു മതിയായി."ഞാൻ പറഞ്ഞു. എന്നിട്ട് സംഘാംഗങ്ങളെ വിളിച്ചു."വാ കുട്ടികളേ നമുക്ക് വേറെ അത്യാവശ്യപണിയുണ്ട്."

എന്നാൽ ഒറ്റയൊരുത്തൻ അനങ്ങണമല്ലോ? ങേഹേ! ഒരുത്തനും എന്റെ വാക്കുകൾ കേട്ട മട്ടുപോലും കാണിക്കാതെ നിന്നിടത്ത് തറഞ്ഞു നിന്ന് ആ നൂലന്റെ പ്രസംഗം കേൾക്കുകയാണ്! എനിക്കു ദേഷ്യമായി. ഞാൻ ആ ഉപദേശിയെ വായിൽ വന്ന എനിക്കറിയാവുന്ന തെറി എല്ലാം വിളിച്ചു. അയാളും കേട്ട മട്ടൊന്നും കാണിച്ചില്ല. പ്രസംഗിച്ചുകൊണ്ടേ ഇരുന്നു; ദീർഘനേരം.

പിന്നെ സംഭവിച്ചത് എന്താണെന്നറിയാമോ? ഇതാ, ചാപ്ലയിന്റെ പ്രസിഡന്റ്, എഡ്വേർഡ് തെരുവിൽത്തന്നെ മുട്ടിന്മേൽ വീണു നിലവിളിക്കുന്നു! അവരുടെ വൈസ്പ്രസിഡന്റും സർവ്വസൈന്യാധിപന്മാരും അതുപോലെ മുട്ടുകുത്തിനിന്നു കരയുന്നു. എനിക്കു സഹിക്കാനൊക്കാത്ത ഒരു കാര്യം ഈ കരച്ചിലാണ്. ഒടുവിൽ ചാപ്ലയിൻകാർ പോയപ്പോൾ എനിക്കു സമാധാനമായി. ഇനി ഞങ്ങൾക്കും പോകാമല്ലോ.

അന്നേരമുണ്ട് ഈ ഉപദേശി യിസ്രായേലിന്റെ നേരേ വരുന്നു. ഞങ്ങളുടെ മൗമൗക്കാരുടെ പ്രസിഡന്റാ യിസ്രായേൽ. വന്നു കൈ കുലുക്കി യിസ്രായേലിനോടു വർത്തമാനവുമായി. സോപ്പിടാനുള്ള ശ്രമമാണെന്നു മനസ്സിലാക്കി ഞാനങ്ങോട്ടു ചെന്ന് ഈ ഉപദേശിയുമായി ഉരസ്സാൻ നോക്കി. അപ്പോഴൊണ്ട് യിസ്രായേലെന്നെ തുറിച്ചൊരു നോട്ടം. ആയുസ്സിലാദ്യം കാണുന്നതുപോലെ.





അപ്പോൾ ഉപദേശി എന്നെ അഭിമുഖീകരിച്ചു: "നിക്കി ഞാൻ നിന്നെ സ്നേഹിക്കുന്നു."

ജീവിതത്തിൽ അതുവരെ ആരും എന്നോടങ്ങനെ പറഞ്ഞിട്ടില്ല. എന്തു ചെയ്യണമെന്ന് എനിക്കൊരു രൂപവും കിട്ടിയില്ല. അതുകൊണ്ട് ഞാൻ പറഞ്ഞു:"നീ എന്റെ അടുത്തുവരികയാണോ ഉപദേശീ, ഞാൻ കൊല്ലും." ഞാനർത്ഥമാക്കിത്തന്നെയാണങ്ങനെ പറഞ്ഞത്. യിസ്രയേലും ഉപദേശിയും അല്പനേരം കൂടി സംസാരിച്ചു. ഒടുവിലയാൾ പോയി. എല്ലാം കഴിഞ്ഞല്ലോ എന്നു ഞാൻ ആശ്വസിച്ചു. ഞങ്ങൾ പിന്നെ ഡ്രാഗൺകാരുടെ പുറകെ പോയതേയില്ല.

പക്ഷേ വീണ്ടും ആ ഉപദേശി വന്നു. മാൻഹാട്ടനിൽ അധോലോക സംഘങ്ങൾക്കു വേണ്ടി നടത്തുന്ന വലിയ യോഗത്തെക്കുറിച്ചു പറയാനും ഞങ്ങളെ ക്ഷണിക്കാനുമാണ് വന്നത്."ഞങ്ങൾക്കു വരാൻ ആഗ്രഹമുണ്ട് പക്ഷേ ടൗണിലൂടെ കടന്ന് അവിടെ വരെ എങ്ങനെയാണ് ഞങ്ങൾ വരിക?"യിസ്രായേൽ ചോദിച്ചു.

"ഞാൻ നിങ്ങൾക്കുവേണ്ടി ബസ് അയയ്ക്കാം."ഉപദേശി പറഞ്ഞു. "അങ്ങനെയെങ്കിൽ വരാം" യിസ്രയേൽ സമ്മതിക്കുകയും ചെയ്തു.

എന്നാൽ മീറ്റിംഗിന് വരുന്നില്ലെന്നു ഞാൻ പറഞ്ഞു.ആ മീറ്റിംഗിനു പോകുന്നതിനേക്കാൾ മരിക്കുന്നതാണ് ഞാൻ ഇഷ്ടപ്പെട്ടത്. പക്ഷേ സംഘം മുഴുവൻ പോയപ്പോൾ ഞാനും അതിൽ ഉൾപ്പെടേണ്ടിവന്നു. സംഘത്തിൽനിന്ന് ഒറ്റപ്പെടുന്നത് എനിക്കു പേടി ആയിരുന്നു. ആ കൊച്ചു പ്രാർത്ഥനായോഗം ശരിപ്പെടുത്തിക്കൊടുക്കാമെന്നു ഞാൻ കണക്കുകൂട്ടി. ഞങ്ങൾ അവിടെ ചെന്നപ്പോൾ മുൻനിരയിൽ മൂന്നുവരി സീറ്റുകൾ ഞങ്ങൾക്കുവേണ്ടി ഒഴിച്ചിട്ടിരുന്നു. അതെന്നെ അല്പം അത്ഭുതപ്പെടുത്തി. ഞങ്ങൾക്കുവേണ്ടി സീറ്റുകൾ റിസർവ്വു ചെയ്തിട്ടേക്കാമെന്നു നേരത്തെ ഉപദേശി പറഞ്ഞതാണെങ്കിലും അങ്ങനെ ചെയ്യുമെന്ന് ഞാൻ കരുതിയില്ല.

ഒരു സ്ത്രീ ഓർഗൻ വായിക്കുന്നുണ്ടായിരുന്നു. നിലത്തു ചവിട്ടിയും ഓരിയിട്ടും സംഗതി അലമ്പാക്കാൻ ഞാൻ സംഘാംഗങ്ങളെ പ്രേരിപ്പിച്ചു. അപ്പോൾ ഒരു കൊച്ചു പെൺകുട്ടി സ്റ്റേജിൽ വന്നു പാടുന്നു. ഞാൻ വിസിലടിക്കാൻ തുടങ്ങി; എല്ലാവരും ചിരിക്കാനും. ഞാൻ ആഗ്രഹിച്ചതുപോലെയാണ് കാര്യങ്ങളുടെ പോക്ക്. എനിക്കു സന്തോഷമായി.

ഒടുവിൽ ഉപദേശി രംഗത്തെത്തി. 'സന്ദേശം നൽകുന്നതിനു മുമ്പ് നമ്മൾ സ്തോത്രകാഴ്ച ശേഖരിക്കാൻ പോകുകയാണെ'ന്നു പ്രഖ്യാപിച്ചു.

എനിക്കു രോഗം പിടികിട്ടി.ഞാൻ എപ്പോഴും അത്ഭുതപ്പെട്ടിരുന്നു ഇതിനെല്ലാം പിന്നിൽ എന്താണ് ഇദ്ദേഹത്തിനുള്ള താത്പര്യമെന്ന്. ഇപ്പോൾ എനിക്കു മനസ്സിലായി മറ്റുള്ളവരെപ്പോലെ ഇയാളും പണത്തോട് അത്യാഗ്രഹമുള്ള ആളാണ്.

"സ്തോത്രകാഴ്ച ശേഖരിക്കാൻ സംഘാംഗങ്ങളോടുതന്നെ ഞങ്ങൾ ആവശ്യപ്പെടുകയാണ്. പണം ശേഖരിച്ചുകഴിഞ്ഞാൽ അവർ അതുമായി സ്റ്റേജിനു പിന്നിലെ കർട്ടനു പിന്നിൽ എത്തണം."ഉപദേശിയുടെ പ്രഖ്യാപനം.

ഇങ്ങേരെന്തൊരു മണ്ടനാ? സ്റ്റേജിനു പിന്നിൽ പുറത്തേക്കൊരു വാതിലുണ്ടെന്ന് ഇയാൾ കണ്ടില്ലേ?

"വോളണ്ടിയർമാരായി സദസ്സിൽനിന്ന് ആറുപേർ മുന്നോട്ടുവരുമോ?" വീണ്ടും അനൗൺസ്മെന്റ്.

ഒരു സെക്കന്റ്. ഞാൻ ചാടി എഴു

ന്നേറ്റു. എന്റെ സംഘത്തിൽത്തന്നെയുള്ള മറ്റ് അഞ്ചുപേരെ ഞാൻതന്നെ ചൂണ്ടിക്കാട്ടി. ഞങ്ങൾ ഒന്നിച്ച് സ്റ്റേജിലേക്ക്. ഇയാളെ മണ്ടനാക്കാനുള്ള എന്റെ സുവർണ്ണാവസരം. ആദ്യം പണം ശേഖരിക്കുവാൻ ഞങ്ങൾക്കോരോരുത്തർക്കും കാർഡ്ബോർഡ് കൂടുകൾ തന്നു. ഉടനെ പരിപാടി ആരംഭിക്കുവാൻ ഞാൻ തിടുക്കം കൂട്ടി. അദ്ദേഹം അവിടെ ഞങ്ങളെ നിരത്തിനിർത്തി നീണ്ട ഒരു അനുഗ്രഹപ്രാർത്ഥന ചൊല്ലാൻ തുടങ്ങി. ചിരി അടക്കുവാൻ ഞാൻ കുറച്ചൊന്നുമല്ല പണിപ്പെട്ടത്.

കാർഡ്ബോർഡ്കൂടുകളുമായി സദസ്സിലേക്കിറങ്ങിയ ഞങ്ങൾ ഒരു നല്ല ജോലിതന്നെ ചെയ്തു. ആരെങ്കിലും പണമിടുന്നത് കുറഞ്ഞുപോയാൽ ഞാൻ പോകുകയില്ല; അവിടെത്തന്നെ നില്ക്കും. അയാൾ ഉടനെ അല്പം പണം കൂടെ ഇടും. എല്ലാവർക്കും നിക്കിയെ ശരിക്കും അറിയാമായിരുന്നു. പിന്നെ ഞങ്ങൾ സ്റ്റേജിനു പിന്നിൽ കർട്ടനു പിറകിൽ ഒത്തുകൂടി.

അവിടെ ആ വാതിലുണ്ടായിരുന്നു. മലർക്കെ തുറന്നുകിടക്കുന്നു. തെരുവുവിളക്കുകളുടെ വെളിച്ചം അതിലൂടെ കാണാം. ഒരു വെള്ളം ലോറി തെരുവിനെ നനച്ചുകൊണ്ട് പോകുന്നു. മീറ്റിംഗ് നടക്കുന്ന സ്റ്റേഡിയത്തിന്റെ പിൻനിരയിൽ ചിരി ഉയരുന്നു. ഞങ്ങളുടെ പ്ലാനെന്താണെന്ന് അവർ ഊഹിച്ചിരിക്കും. എന്നിൽനിന്നു എന്തെങ്കിലും ഒരു ആജ്ഞ കിട്ടാൻ എന്റെ കുട്ടികളും എന്നെ നോക്കുന്നു.

ഞാൻ വെറുതെ അവിടെ നിന്നു. എന്തുകൊണ്ടാണെന്ന് എനിക്കുതന്നെ അറിയുകയില്ല. പൊടുന്നനേ എന്തുകൊണ്ടാണീ മൗഢ്യം എന്നെനിക്കു മനസ്സിലായി. ആ ഉപദേശി എന്നെ വിശ്വസിക്കുന്നു. ഇന്നുവരെ ആരും എന്നോടിങ്ങനെ പെരുമാറിയിട്ടില്ല. എന്റെ കുട്ടികൾ എന്റെ ഒരു ആംഗ്യത്തിനുവേണ്ടി കാത്തുനില്ക്കുന്നു. അകത്ത് സദസ്യർ ഉപദേശിക്കു വിഷമകരമായ ഒരു സാഹചര്യം ഒരുക്കുകയാണെന്ന് എനിക്കു മനസ്സിലായി. അവർ കൂകിവിളിക്കുന്നു, ചവിട്ടുന്നു. എല്ലാം അഭിമുഖീകരിച്ചുകൊണ്ട് എന്നെ വിശ്വസിച്ച് ഉപദേശി അവിടെ സ്റ്റേജിൽ തനിയെ നില്ക്കുകയാണ്.

“ശരി കുട്ടികളേ നമ്മൾ സ്റ്റേജിലേക്കു് പോകുകയാണ്.'' ഞാൻ പ്രഖ്യാപിച്ചു.

തലയ്ക്കു സുഖമില്ലാത്ത ഒരാളെ എന്നവണ്ണം അവർ എന്നെ നോക്കി. എന്നാൽ അവർ എന്നോടു വാദിക്കാൻ ഒരുമ്പെട്ടില്ല. കുട്ടികൾക്കു വാദിക്കാൻ സാധിക്കാത്ത ഒരാളായിരുന്നു ഞാൻ. ഞങ്ങൾ കർട്ടനു പിന്നിൽ നിന്നു സ്റ്റേജിലേക്കു വന്നു. പെട്ടെന്നു സദസ്സിൽ സൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദത. ശബ്ദായമാനമായ ഒരു സ്ഥലം ഇത്രവേഗം ഇത്ര നിശ്ശബ്ദമാകുമോ? ഞങ്ങൾ കാർഡ് ബോർഡ് കൂടുകൾ കൊടുത്തു''ഉപദേശീ, ഇതാ താങ്കളുടെ പണം.”

അദ്ദേഹം അത്ഭുതമൊന്നും കാട്ടാതെ വളരെ സ്വാഭാവികതയോടെ അതു വാങ്ങി. ഞാനതു കൊണ്ടുകൊടുക്കും എന്ന് വലിയ ഉറപ്പുള്ളതുപോലെ അയിരുന്നു ആ പെരുമാറ്റം.

ഞാൻ എന്റെ സീറ്റിലേക്കു മടങ്ങി. ഞാൻ നേരത്തെ ചിന്തിച്ചിരുന്നതിനേക്കാൾ ആഴത്തിൽ ചിന്തിക്കാൻ തുടങ്ങി. തുടർന്ന് അദ്ദേഹം സംസാരിക്കാൻ തുടങ്ങി. പരിശുദ്ധാത്മാവിനെക്കുറിച്ചാണ് പറഞ്ഞതെല്ലാം. പരിശുദ്ധാത്മാവ് ആളുകളുടെ ഉള്ളിൽ ചെന്ന് അവരെ വൃത്തിയാക്കുമെന്നാണ് ഉപദേശി പറഞ്ഞത്. അവർ എന്തെല്ലാം





ചെയ്തിട്ടുണ്ടെന്നത് പ്രശ്നമല്ലെന്ന് അദ്ദേഹം പറഞ്ഞു. പരിശുദ്ധാത്മാവ് കുട്ടികളെപ്പോലെ പുതുതായി ഒരു തുടക്കം കുറിക്കാൻ നമ്മെ സഹായിക്കുമത്രേ.

പൊടുന്നനെ അത് എന്നെ സംബന്ധിച്ച് എത്രയും ആവശ്യമാണെന്ന് എനിക്കു ശക്തമായി ത്തോന്നാൻ തുടങ്ങി. ഞാൻ എന്നെത്തന്നെ ആദ്യമായി കാണുന്നതുപോലെ നോക്കിക്കാണുവാൻ ആരംഭിച്ചു. എല്ലാ അഴുക്കും എല്ലാ പകയും വൃത്തികേടും ചലച്ചിത്രത്തിലെന്നപോലെ എന്റെ കണ്ണിനു മുമ്പിൽ കണ്ടു.

“നിങ്ങൾക്കു വ്യത്യസ്തരാകാൻ കഴിയും” അദ്ദേഹം പറഞ്ഞു“നിങ്ങളുടെ ജീവിതം മാറും!”

ഞാനാഗ്രഹിച്ചു എനിക്കതാണ് വേണ്ടത്. പക്ഷേ അത് എന്നെ സംബന്ധിച്ച് നടക്കാൻ പോകുന്നില്ലെന്നും എനിക്കറിയാം. രൂപാന്തരം ഉണ്ടാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ മുമ്പോട്ടു വരാൻ ഉപദേശി ആവശ്യപ്പെട്ടു. പക്ഷേ എന്നെ സംബന്ധിച്ച് അതുകൊണ്ട് ഒരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല.

അപ്പോൾ ഇതാ എല്ലാവരും എഴുന്നേൽക്കാൻ യിസ്രായേൽ പറയുന്നു.“ഞാനാണ് പ്രസിഡന്റ്. സംഘം മുഴുവനും അങ്ങോട്ടു പോകുകയാണ്.”

അവിടെ മുമ്പിൽ നിന്നത് ഞാനാണ്. ഞാൻ മുട്ടുകുത്തി എന്റെ ജീവിതത്തിലെ ആദ്യപ്രാർത്ഥന ഇങ്ങനെ പറഞ്ഞു‘‘പ്രിയ ദൈവമേ, ന്യൂയോർക്കിലെ ഏറ്റവും വൃത്തികെട്ട പാപി ഞാനാണ്. എന്നെ നിനക്ക് വേണമെന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ നിനക്കു ശരിക്കുമെന്നെ വേണമെങ്കിൽ ഞാൻ തയ്യാറാണ്. ഞാൻ മുമ്പ് എത്ര മോശമായിരുന്നോ യേശുവിനുവേണ്ടി അത്രയും നന്നാകാൻ ഞാൻ ആഗ്രഹിക്കുന്നു.”

പിന്നീട് ഉപദേശി എനിക്കൊരു ബൈബിൾ തന്നു. പരിശുദ്ധാത്മാവ് യഥാർത്ഥത്തിൽ എന്റെ ഉള്ളിൽ വന്നോ, അതെങ്ങനെ അറിയും എന്നെല്ലാം ചിന്തിച്ചുകൊണ്ട് ഞാൻ മുറിയിലേക്ക് പോയി. ആദ്യം സംഭവിച്ചത് മുറിയിൽ ചെന്ന് വാതിൽ അടച്ച് കഴിഞ്ഞപ്പോൾ എനിക്കു പഴയതുപോലെ പേടി ഉണ്ടായില്ലെന്നതാണ്. മുറിയിൽ ആരോ ഒപ്പമുണ്ടെന്ന ആശ്വാസം. ദൈവമോ മറ്റു വല്ലവരുമോ ഉണ്ടെന്നല്ല, അമ്മ മടങ്ങിവന്നതുപോലൊരു തോന്നൽ. എന്റെ പക്കൽ മരിജുവാന വച്ചു തെറുത്ത നാലു സിഗരറ്റുകൾ ഉണ്ടായിരുന്നു. ഞാൻ അതെല്ലാം ജനലിലൂടെ പുറത്തുകളഞ്ഞു.

അടുത്ത ദിവസം എല്ലാവരും എന്നെ തുറിച്ചുനോക്കുകയാണ്. കാരണം ‘എനിക്കു മതം കിട്ടി’യതായി ചുറ്റുപാടും വാർത്ത പരന്നിരുന്നു. പക്ഷേ അത് യഥാർത്ഥമാണെന്നു മറ്റൊരു കാര്യം സംഭവിച്ചതിൽ നിന്നു വ്യക്തമായി. സാധാരണ കൊച്ചുകുട്ടികൾ എന്നെ കണ്ടാൽ ഓടി മാറുകയാണ് ചെയ്യുന്നത്. എന്നാൽ അന്ന് രണ്ട് കൊച്ചുകുട്ടികൾ അല്പനേരം എന്നെ നോക്കി നിന്നിട്ട് നേരെ എന്റെ അടുത്തുവന്നു. അവരിൽ ആർക്കാണ് ഉയരം കൂടുതൽ എന്ന് അളന്നുനോക്കിയിട്ട് ഞാൻ പറയണം. പ്രധാനകാര്യമൊന്നുമല്ല. ആ കുഞ്ഞുങ്ങളെ ചുറ്റിപ്പിടിച്ചപ്പോൾ എനിക്കു മനസ്സിലായി ഞാൻ മാറിയെന്ന കാര്യം. കുഞ്ഞുങ്ങളൊഴിച്ച് മറ്റാർക്കും അത് വെളിവായില്ലെങ്കിലും മാറ്റം ഒരു യാഥാർത്ഥ്യം ആയിരുന്നു

ചില ആഴ്ചകൾക്കു ശേഷം ഒരു ഡ്രാഗൺകാരൻ എന്റെ അടുത്തുവന്ന് ചോദിച്ചു:‘‘നിങ്ങൾ ഇനി ആയുധം

കൊണ്ടു നടക്കില്ലെന്നത് ശരിയാണോ?" അത് ശരിയാണെന്നു പറഞ്ഞതും അവൻ പത്തിഞ്ചിന്റെ കഠാര എടുത്ത് എന്റെ നെഞ്ചിനു നേരെ കുത്തി. ഞാൻ കൈ ഉയർത്തി കഠാര തടഞ്ഞു. എന്തുകൊണ്ടാണെന്നറിയില്ല പൊടുന്നനെ അവൻ ഓടിപ്പോയി. ഞാൻ അവിടെത്തന്നെ നിന്നു. എന്റെ കയ്യിലെ മുറിവിൽ നിന്നും ചോര ഇറ്റിറ്റു വീഴുന്നത് നോക്കി. ചോരയുടെ ദൃശ്യം എങ്ങനെ എന്നെ ഭ്രാന്ത് പിടിപ്പിക്കാറുണ്ടായിരുന്നു എന്നു ഞാനോർത്തു. എന്നാൽ ആ ദിവസം അതു സംഭവിച്ചില്ല. ഞാൻ ബൈബിളിൽ വായിച്ച ഒരു വാക്യം എന്റെ ഓർമ്മയിൽ തെളിഞ്ഞു-'യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.' ഞാൻ ഷർട്ടു വലിച്ചുകീറി കൈ കെട്ടി. അതിൽ പിന്നെ രക്തം എനിക്കൊരു പ്രശ്നം ആയിട്ടില്ല.

നിക്കി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഒരത്ഭുതത്തിനു ദൃക്സാക്ഷികളാകുമ്പോൾ എന്നതുപോലെ ഒരു ഗംഭീരനിശ്ശബ്ദത മുറിയിൽ നിറഞ്ഞിരുന്നു. മറ്റൊരത്ഭുതവും ആ മുറിയിൽ സംഭവിക്കുകയായിരുന്നു. നിക്കിയുടെ ഇടറിയ വേദനാജനകമായ വിക്കുള്ള ശബ്ദത്തിനും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മാറ്റം വന്നു. സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ശബ്ദത്തിലെ വിറയലും വിക്കും അവ്യക്തതയും ക്രമേണ മാറി. മറ്റാരെപ്പോലെയും അവൻ ഇടതടവില്ലാതെ പ്രയാസമില്ലാതെ സുവ്യക്തമായി സംസാരിച്ചു. സംസാരിച്ചുകഴിഞ്ഞപ്പോഴാണ് അതേക്കുറിച്ച് നിക്കിതന്നെ ബോധവാനായത്. അത് മനസ്സിലാക്കിയപ്പോൾ അവൻ പ്ലാറ്റുഫോമിൽത്തന്നെ വിറച്ചുകൊണ്ട് മടങ്ങിപ്പോകാനാവാതെ നിന്നുപോയി. കണ്ണുനീർ ധാരധാരയായി ഒഴുകി.

അവന്റെ സംസാരവൈകല്യത്തിന്റെ കാരണം യഥാർത്ഥത്തിൽ തൊണ്ടയിൽ കുടുക്കിട്ടതുകൊണ്ട് സംഭവിച്ച മുറിവാണോ അതോ മാനസികമാണോ എന്ന് എനിക്കറിയില്ല. ഏതെങ്കിലും ഒരു ഡോക്ടറെ കാണുന്ന കാര്യം നിക്കി ഒരിക്കലും ചിന്തിച്ചിട്ടുതന്നെ ഉണ്ടാവില്ല. ഒരു കാര്യം എനിക്കറിയാം ആ രാത്രിമുതൽ അവന്റെ സംസാരവൈകല്യം പൂർണ്ണമായി ഭേദമായി.

ആ രാത്രിയിൽ തന്നെ എൽ മിറായിൽ ഒരു സ്തോത്രകാഴ്ചയും ശേഖരിക്കപ്പെട്ടു. അത് നിക്കിയെ സംബന്ധിച്ചിടത്തോളം ദീർഘമായ, ശ്രദ്ധേയമായ, ഒരു യാത്രയുടെ തുടക്കമായിരുന്നു.(തുടരും)

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]

## എഡിറ്റോറിയൽ .....തുടർച്ച

ചെയ്തുകൊടുത്ത ആളുകളാൽ തന്നെ അവഹേളിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്തപ്പോൾ സ്വയംസഹതാപത്തിന്റെ ചിന്തകളിൽ വീണുപോകുവാൻ യേശുവിനു സാദ്ധ്യതയുണ്ടായിരുന്നു. പക്ഷേ അവിടുന്നു തന്റെ മനസ്സിനെ അതിനു വിട്ടുകൊടുത്തില്ല. എന്നുതന്നെയല്ല, തന്നെക്കുറിച്ചു സഹതപിപ്പാൻ എത്തിയവരെ നോക്കി ഇങ്ങനെ പറയുകയും ചെയ്തു:'എന്നെച്ചൊല്ലി കരയേണ്ട'(ലൂക്കോ.23:28)

ഒരുവൻ തന്നെക്കുറിച്ചുതന്നെയുള്ള അഭിനന്ദനത്തിന്റെ ചിന്തകളിൽ മുഴു





കുന്നതും പിന്നീട് മറ്റുള്ളവരോട് ഈർഷ്യപ്പെടാൻ ഇടയാക്കും. നാം ചെയ്ത നല്ല കാര്യങ്ങൾ, നമ്മുടെ നേട്ടങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ചിന്തകളിലും ഭാവിയിൽ നമുക്കുണ്ടാകാൻ പോകുന്ന നല്ല കാര്യങ്ങളെക്കുറിച്ചുള്ള മനോരാജ്യങ്ങളിലും മുഴുകിയ ശേഷം മറ്റുള്ളവരോട് ഇടപെടുമ്പോൾ ഈർഷ്യയും പിണക്കവും വരുന്നത് എന്തുകൊണ്ടാണ്? കാരണം, ഇത്തരം സന്ദർഭങ്ങളിൽ എപ്പോഴും നായകന്മാർ നാം തന്നെയാണ്. നാം മനോരാജ്യത്തിൽ നമ്മെത്തന്നെ 'ധീരോദാത്തനായകനാ'യും 'ഏറ്റവും സ്നേഹിക്കപ്പെടേണ്ട വ്യക്തി'യായും ആദർശവൽക്കരിക്കുന്നു. നമ്മുടെ 'സ്വയം' തന്നെയാണ് അപ്പോൾ നമ്മുടെ സങ്കൽപസിംഹാസനത്തിൽ ഇരുന്നരുളുന്നത്. 'സ്വയത്തെ' പൂജിക്കുകയാണ് അത്തരം മനോരാജ്യങ്ങളിൽ നാം ചെയ്യുന്നത്. ഇതിനുശേഷം നാം മറ്റുള്ളവരോട് ഇടപെടുമ്പോൾ നാം നമ്മെക്കുറിച്ചുതന്നെ നെയ്ത ഭാവനയ്ക്കൊപ്പം അവർ ബഹുമാനവും കരുതലും കാട്ടിയില്ലെങ്കിൽ ഈർഷ്യയായി, പിണക്കമായി! നോക്കുക: ഇത്തരം സ്വയംസങ്കൽപങ്ങളിൽ മുഴുകി നമ്മിൽത്തന്നെ പ്രസാദിപ്പിക്കുന്നത് എത്ര അപകടകരമാണ്! അതുകൊണ്ട് യേശുവിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നു 'ക്രിസ്തുവും തന്നിൽത്തന്നെ പ്രസാദിച്ചില്ല'(റോമ.15:3).

ചിന്താജീവിതത്തെ ക്രമീകരിക്കുന്നതിലും യേശു നമുക്കു മാതൃകയാണ്. മറ്റുള്ളവരോടുള്ള സൗമനസ്യത്തിന്റെ, ആദരവിന്റെ, അഭിനന്ദനത്തിന്റെ ചിന്തകൾ പ്രോൽസാഹിപ്പിക്കുക. സ്വയംസഹതാപത്തിന്റെയും സ്വയാഭിനന്ദനത്തിന്റെയും ചിന്തകൾ ഒഴിവാക്കുക(ഫിലി.4:8). അപ്പോൾ കൈപ്പും ഈർഷ്യയും പകയും പിണക്കവും ഒഴിവാക്കാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കും. ഷൂസിൽ മണൽത്തരികൾ കയറുന്നതു ഒഴിവാക്കാൻ കഴിയും. നമ്മുടെ ഇത്തിരിവട്ടത്തിൽ പ്രകാശം പരത്താൻ നമുക്കു സാധിക്കും. നമ്മുടെ ആയുസ്സ് അതെത്രനാളായാലും മറ്റുള്ളവർക്ക് ഒരനുഗ്രഹമായിത്തീരുകയും ചെയ്യും.

## Just a minute



**Be carefull how you live.Live wisely because these are evil days/time (Eph.5:15,16)**

*Pheba Cleetus*

# ജീവമൊഴികൾ വെബ്സൈറ്റ് സന്ദർശിക്കുക!

## ഒട്ടേറെ സൗജന്യങ്ങൾ!!

**www.jeevamozhikal.org** എന്ന വെബ്സൈറ്റിൽ നിന്ന് ജീവമൊഴികൾ മാസിക, മാസികയുടെ പഴയ ലക്കങ്ങൾ, ജീവമൊഴി പബ്ലിക്കേഷന്റെ മലയാള പുസ്തകങ്ങൾ, ബ്രദർ സാക് പുന്നന്റെ മലയാളം പരിഭാഷയുള്ള ഇരുനൂറിലേറെ ഓഡിയോ സന്ദേശങ്ങൾ എന്നിവ നിങ്ങൾക്കു വായിക്കുകയും കേൾക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാം.

**എല്ലാം തീർത്തും സൗജന്യം!!!**

ഇരുനൂറിലേറെ ഓഡിയോ സന്ദേശങ്ങൾ അടങ്ങിയ താഴെപ്പറയുന്ന 33 സിഡികൾ നേരിൽ വേണമെന്നുള്ളവർ **'ജീവമൊഴി ഓഡിയോ സിഡി സെക്ഷൻ, കുമാരനല്ലൂർ പി ഓ,കോട്ടയം–686016,** ഫോൺ:9495234087. എന്ന വിലാസത്തിൽ ഡി ഡി/മണിയോർഡർ അയച്ചാൽ സി ഡി എത്തിച്ചുതരും. ഒരു സിഡിക്ക് **40 രൂപ** മാത്രം(പോസ്റ്റേജ് ഉൾപ്പെടെ).

**സിഡികൾ:**

1.വിജയകരമായ ക്രിസ്തീയജീവിതം
2.യേശു നമ്മുടെ മുന്നോടി
3.ക്രിസ്തുവിന്റെ ശരീരം
4.ക്രൂശിന്റെ വചനം
5.യഥാർത്ഥ സത്യം
6.തേജസ്സിൽ നിന്നു തേജസ്സിലേക്ക്
7.ക്രിസ്തീയജീവിതത്തിലെ വൈരുദ്ധ്യങ്ങൾ
8.അഗ്നിയിൽ സ്ഫുടം ചെയ്യുന്ന ദൈവം
9.കൂടുതൽ തേജസ്സ്
10.യഥാർത്ഥ സഭ/നഷ്ടസത്യങ്ങൾ
11.ദൈവമഹത്വം നിറഞ്ഞ ആലയം
12.സന്തോഷത്തോടെ ദൈവത്തിനായി ചെലവായിപ്പോകുക
13.ദൈവികഭവനം
14.വിശ്വാസത്താലുള്ള ജീവിതം.
15.ന്യായപ്രമാണവും പരിശുദ്ധാത്മാവും
16.ക്രിസ്തുവിന്റെ മടങ്ങിവരവിനു തയ്യാറാവുക
17.നിങ്ങൾ എന്ത് അന്വേഷിക്കുന്നു?
18.ക്രിസ്തുവിലുള്ള ഒരു പുതുജീവിതം
19. ആത്മീയരാകുക
20. ക്രിസ്തുവിന്റെ മടങ്ങിവരവിന്റെ ലക്ഷണങ്ങൾ.
21.സമൃദ്ധമായ പ്രവേശനം
22.ദൈവഭയവും താഴ്മയും
23.ദൈവത്തെ അറിയുക
24.ദൈവം നമുക്കായി എന്തു ചെയ്തു?
25.ദൈവത്തിങ്കലേക്കുള്ള അംഗീകാരം
26.പുതുജനനവും ദൈവരാജ്യവും
27.പാറമേൽ നിങ്ങളുടെ ആലയം പണിയുക
28.സുവിശേഷത്തിന്റെ പരമലക്ഷ്യം
29.സാത്താനെ ജയിക്കുക
30.കൃപ നമ്മെ സമ്പന്നരാക്കുന്നു
31.യഥാർത്ഥമതവും വ്യാജമതവും
32.ദൈവിക ലക്ഷ്യങ്ങൾ നമ്മുടെ നന്മയ്ക്ക്
33.പരിശുദ്ധാത്മാവ്.



# The Wonders of the Human Body-VIII

*"I will praise you, for I am fearfully and wonderfully made. Marvelous are your works. And that my soul knows very well"* (Psalms 139:14)

The information that can be held in human brain is staggering in its extent. It has been estimated that it would fill some twenty million volumes. Many of the world's largest libraries do not have more than that.

**BRAIN**

Christians have been in the forefront of those who acknowledge the order and complexity of the brain. Drs.DeYoung and Bliss write:

Our brain is the greatest concentration of chemo-neurological order and complexity in the physical universe. It is a video camera and library, a computer and communication system, all in one. And the more the brain is used, the better it becomes! A detailed picture of the human brain is slowly emerging, the origin of which seems entirely beyond comprehension from a naturalistic point of view.. We see remarkable purpose and interdependance within the brain-every part works for the benefit of the whole.Such features are not totally understood; the brain is unable fully to understand itself. As always, we cannot fully understand the created, intricate details of the present-day world.

Jerry Bergman writes:

One scientist estimated that our brain, on the average, processes over 10,000 thoughts and concepts each day-and some people process a much greater number.

**സ്തുതിയുടെ വിളവെടുപ്പ്**




ദൈവമേ, ജാതികൾ നിന്നെ സ്തുതിക്കും; സകല ജാതികളും നിന്നെ സ്തുതിക്കും. ഭൂമി അതിന്റെ അനുഭവം തന്നിരിക്കുന്നു; ദൈവം, നമ്മുടെ ദൈവം തന്നെ, നമ്മെ അനുഗ്രഹിക്കും. സങ്കീ.67:5,6.

**JEEVA MOZHIKAL** RNI/KERBIL/-2003/21404
**August 2009** www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# ദൈവത്തിന്റെ ഭാര്യ

ന്യൂയോർക്ക് നഗരത്തിലെ ഒരു ഡിസംബർപ്രഭാതം. കാലിൽ ഷൂസില്ലാത്ത ഒരു കൊച്ചുകുട്ടി തണുത്തുവിറച്ച് ഒരു ചെരിപ്പുകടയുടെ മുമ്പിൽ അകത്തേക്കു നോക്കി നിൽക്കുകയാണ്. "നീ എന്തു ചെയ്യുകയാ?" ഒരു വനിത ചോദിച്ചു. "എനിക്ക് ഒരു ജോഡി ഷൂസ് തരാൻ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് നില്ക്കുകയാ..." നിഷ്കളങ്കമായ മറുപടി.

അവൾ അവനെ കൈക്കു പിടിച്ചു കടയ്ക്കുള്ളിലേക്ക് ആനയിച്ചു. ആ കുട്ടിയുടെ പാകത്തിനുള്ള അര ഡസൻ സോക്സ് ആദ്യം ഓർഡർ ചെയ്തു. പിന്നെ അവനെ കടയുടെ പിന്നിലേക്ക് കൊണ്ടുചെന്ന് അവന്റെ കാലുകൾ കഴുകി. വെള്ളം ഒപ്പിയശേഷം വീണ്ടും അവനെ കടയിലേക്കു കൊണ്ടുവന്ന് ഒരു ജോഡി സോക്സുകൾ ഇടുവിച്ചു. പിന്നെ ഒരു ജോഡി ഷൂസും വാങ്ങി അണിയിച്ചു. ബാക്കി സോക്സുകൾ കൈയിൽ കൊടുത്തശേഷം "ഇപ്പോൾ എങ്ങനെയുണ്ട് സുഖം തോന്നുന്നോ?" എന്നവന്റെ തലയിൽ തടവി ചോദിച്ചു

ആ വനിത പണം കൊടുത്തു പോകാനായിത്തിരിഞ്ഞപ്പോൾ അമ്പരന്നുപോയ കുട്ടി അവരുടെ കൈക്കു പിടിച്ചു നിർത്തി മുഖത്തുനോക്കി നിറഞ്ഞ കണ്ണുകളോടെ ചോദിച്ചു: "നിങ്ങളാണോ ദൈവത്തിന്റെ ഭാര്യ?"


## ജീവമൊഴി അർദ്ധദിനസമ്മേളനം

## കോഴഞ്ചേരിയിൽ ഓഗസ്റ്റ് 15ന്

*സ്ഥലം* : ഐപിസി പെനിയേൽ ഹാൾ കോഴഞ്ചേരി
*സമയം* : ഓഗസ്റ്റ് 15 ശനി രാവിലെ 10 മുതൽ 1.30വരെ
*ചിന്താവിഷയം* : യഥാർത്ഥ സ്വാതന്ത്ര്യം

*ജീവമൊഴി വായനക്കാരും വരിക്കാരും*
*സത്യാന്വേഷികളുമായ ഏവർക്കും സ്വാഗതം*

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**
**ഫോൺ: 9495204619; 9847049547**


Printed, Published and owned by T. Ipe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.